മലയാളനാട് വാരിക

കുട്ടികളുടെ വിശേഷാൽപതിപ്പ്

പത്രാധിപർ: എസ്. കെ. നായർ ഫോൺ: 2825

പുസ്തകം 3 ലക്കം 25 1147 ഇലാം 28

the malayalanadu weekly, quilon November 14, *1971*

താളുകൾ മറിക്കുമ്പോൾ

ലേഖനം

സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി... (എന്റെ കഥ) —മാധവിക്കുട്ടി 2

അസൂയ—ഡാ കെ ഭാസ്കരൻനായർ 9

പച്ചിലകളും തീവണ്ടിയും —പി. ടി. ഭാസ്കരപ്പണിക്കർ 16

ഇതു് കരിഞ്ഞുയുദ്ധമല്ല —പി ഭാസ്കരനുണ്ണി 20

മുറാളന്മാർ —എ. പി. ഉദയഭാനു 33

സാഹിത്യസമാജവും പുതുമയും —കഞ്ഞുണ്ണി 47

കുട്ടികൾക്കൊരു വൃത്തശാസ്ത്രം കെ. കെ വാര്യർ 57

ആത്മദുഃഖം വിഴുങ്ങുന്നവർ —വസുദേവൻ അണ്ണല്ലൂർ 62

ശാലീനസുന്ദരമായൊരു കവിത —എസ്. കെ. ശാന്തകുമാരി 67

കവിത

അനർഘനിമിഷം —നാലാങ്കൽ 11

കവിത— ഇയ്യങ്കോട്ടു് ശ്രീധരൻ 19

പുതിയ തലമുറ —പി. ഐ. ശങ്കരനാരായണൻ 53

ദുഃഖം —എസ് പി. രാജൻ 53

ശിവപാർവ്വതി —ചാത്തനാത്ത് അച്യുതനുണ്ണി 61

കഥ

ഒരു കൊള്ളത്തലവന്റെ കഥ —ജോൺസൺ, ടി. എൽ. 14

ഉളുസിച്ചെടി —സയ്യദ് വലിയുല്ലാഹ് 17

നേട്ടം —ലളിതാരാമചന്ദ്രൻ 22

കോംപ്രമൈസ് —ജെ. കെ. വി. 28

കല്ലറ —രാധ കെ. എം. 30

നീയൊരു ചിന്തയുമ്പായിരുന്നു —കെ. പ്രകാശൻ 49

വേരുകളിറങ്ങുമ്പോൾ —എ സുകുമാരൻ 55

അന്ത്യം —ടി. കെ. കൊച്ചുബാവ 65

നോവൽ

നരകമേ, യാത്ര —ഷൗക്കത്ത് ഉസ്മാൻ 6

ജനറൽ ചാത്തൻസ് —വി. കെ. എൻ 36

പംക്തികൾ

സാഹിത്യവാരഫലം —എം. കൃഷ്ണൻനായർ 25

വിദ്യാർത്ഥി – യുവജനനേതാക്കളെ പ്പറ്റി —കെ. വി. മണി 40

എന്റെ സങ്കല്പങ്ങളിലെ ഭർത്താവു് —പി. സുശീല 44

സ്ത്രീകൾ സ്ത്രീകളെപ്പറ്റി —ശ്രീമതി ഗൗരവർമ്മ 58

സിനിമ —മംഗലശ്ശേരി 68

റോബോട്ടറാം —ഗഫൂർ 80

എന്റെ കഥ

മാധവിക്കുട്ടി

എട്ട്

സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹത്തിനുവേണ്ടി...

രണ്ടാം ലോകമഹായുദ്ധം തുടങ്ങി. യുദ്ധം മുറുകിവന്നപ്പോൾ അച്ഛൻ എന്നെയും ജ്യേഷ്ഠനെയും നാട്ടിലേയ്ക്കു വണ്ടികയററി അയച്ചു. അന്ന് എന്റെ തറവാടായ നാലപ്പാട്ടുവീട്ടിൽ പ്രായപൂർത്തിവന്നവരായി ഏഴുപേരുണ്ടായിരുന്നു. അമ്മമ്മ, ചെറിയമ്മ, വാതംപിടിച്ചുകിടക്കുന്ന മുത്തശ്ശി, മറെറാരു മുത്തശ്ശി, വലിയ അമ്മാമൻ, അമ്മാമന്റെ അമ്മയായ മുത്തശ്ശി, ഏഴാമതായി മഹാത്മാഗാന്ധിയും മഹാത്മജി അങ്ങനെ പറഞ്ഞു, മഹാത്മജി ഇങ്ങനെ പറഞ്ഞു എന്ന് എല്ലായ്പ്പോഴും ആ വീട്ടിലെ മുത്തശ്ശികൾ ഉരുവിട്ടുകൊണ്ടിരുന്നു. മഹാത്മജിയുടെ പടങ്ങൾ മിക്ക മുറികളിലും തൂക്കിയിട്ടിരുന്നു മഹാത്മജി ഗുരുവായൂരിൽ വന്നപ്പോൾ നാലപ്പാട്ടെ സ്ത്രീകൾ അവരുടെ ആഭരണങ്ങൾ അഴിച്ച് അദ്ദേഹത്തിനു കാഴ്ചവെച്ചുവത്രേ. നാലപ്പാട്ടെ സ്ത്രീകളുടെ മോശപ്പെട്ട ധനസ്ഥിതി ഓർത്തുനോക്കുമ്പോൾ മാത്രമേ ഈ ത്യാഗത്തിന്റെ മഹത്വം ആർക്കും മനസ്സിലാവുകയുള്ളു. എന്റെ ചെറിയമ്മ അക്കാലത്ത് ഒരു സംന്യാസിനിയെപ്പോലെയായിരുന്നു. വെളുത്ത ഖദർവേഷം. എണ്ണമയമില്ലാത്ത ചുരുണ്ടമുടി അലക്ഷ്യമായി ഒരു ചരടുകൊണ്ടു കെട്ടി പിന്നിൽ ഇട്ടിരിക്കും. ഒരു വിഷാദഭാവം മാത്രം ആഭരണമാക്കിക്കൊണ്ട് അവർ നടന്നുപോകുന്നതു കണ്ടിട്ടു പല യുവാക്കളും അവരെ കാമിച്ചിരിക്കണം. വിവാഹാഭ്യർത്ഥനകൾ അവർ നിരസിച്ചുകൊണ്ടേയിരുന്നു. ആശാന്റെ കവിതകൾ ഒരു നോട്ടുബുക്കിൽ പകർത്തിവെച്ചിരുന്നതു് ഒരു മൃദുസ്വരത്തിൽ വായിച്ചുകൊണ്ട് ഒരു ജനൽവാതിൽപ്പടിമേൽ അവർ ഇരിക്കുന്ന ആ മനോഹരചിത്രം ഞാൻ ഇപ്പോഴും ഓർക്കുന്നു. സ്നേഹം ഭ്രാന്താണെന്നും ദീനമാണെന്നും വേദനയാണെന്നും ഒരു തപസ്യയാണെന്നും ഞാനന്നു മനസ്സിലാക്കി. ദിവാകരന്റെ മടിയിൽ കിടന്നു പുഞ്ചിരിയോടെ മരിക്കുന്ന നളിനായെയും ഭ്രാന്തനായ കാമുകനെത്തേടി വന്നെത്തിയ ക്ഷീണിതയായ ലീലയേയും സമയംതെററിച്ചെന്നെത്തിയ ഉപഗുപ്തനെ സ്നേഹമസൃണങ്ങളായ കണ്ണുകളോടെ വീക്ഷിക്കുന്ന തീവ്രവ്രണിതയായ വാസവദത്തയേയും ഞാൻ കണ്ടു. അവർ യഥാർത്ഥതപസ്വിനിമാരാണ് എന്ന് എനിക്കു തോന്നി...

ഞാൻ നാട്ടിൽ എത്തിയതിന്നുശേഷം അമ്മമ്മയും മുത്തശ്ശിമാരുംകൂടി എന്റെ ദേഹം തടിപ്പിക്കുവാനും എന്റെ വൈരൂപ്യങ്ങൾ കുറയ്ക്കുവാനും ഒരു പദ്ധതി രൂപീകരിച്ചു. മഞ്ഞളെണ്ണ തേപ്പിച്ചു കുളിപ്പിച്ചും തലമുടിയിൽ ദിവസേന എണ്ണ തേച്ചു തിരുമ്മിയും അമ്മമ്മ എന്നെ സുന്ദരിയാക്കുവാൻശ്രമിച്ചുകൊണ്ടിരുന്നു. ചീരക്കുഴി അച്യുതൻനായർ എന്നു പേരുള്ള ഒരു ബാലചികിത്സാവിദഗ്ദ്ധൻ അന്ന് ഗുരുവായൂരിൽ താമസമാക്കിയിരുന്നു. അദ്ദേഹത്തെ ക്ഷണിച്ചുവരുത്തി എന്റെ ദേഹം പരിശോധിപ്പിക്കലുമുണ്ടായി. ആട്ടിൻപാലിൽ മുത്തങ്ങ ചതച്ചിട്ടു രാവിലെ അതും കുടിച്ചിട്ടാണ് ഞാൻ പഠിപ്പുമുറിയിലേയ്ക്കു പ്രവേശിച്ചിരുന്നതു്. എന്റെ ഗുരുനാഥൻ ആ നാട്ടിലെ ഏകസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ഒരു ബ്രാഹ്മണനായിരുന്നു അദ്ദേഹത്തെ മാത്രമേ ഞാൻ ഇപ്പോഴും എന്റെ ഗുരുനാഥനായി കണക്കാക്കുന്നുള്ളു. എന്റെ ഹ്രസ്വമായ വിദ്യാർത്ഥിജീവിതത്തിൽ മറെറാരദ്ധ്യാപകനെയും ഞാനിത്ര ബഹുമാനിച്ചിട്ടില്ല അവരെല്ലാവരും പിന്നീടു സുഹൃത്തുക്കളായിച്ചമഞ്ഞു. അവരുടെ മുഖങ്ങൾതന്നെ ഞാൻ ഇപ്പോൾ മറന്നുപോയിരിക്കുന്നു.

നാട്ടിൻപുറത്തെ എലിമെന്ററിസ്കൂളിൽ ചേർന്നപ്പോൾ കല്ക്കത്തയിൽനിന്നു വ്യത്യസ്തമായ ഒരു ലോകത്തിലാണ് ഞാൻ പ്രവേശിച്ചതു്. എന്റെ വീട്ടിലും മുററത്തും വളപ്പുകളിലും വേലചെയ്യുന്നവരുടെ മക്കളുടെയൊപ്പം ഒരേ ബെഞ്ചിൽ ഇരുന്നു പഠിക്കുവാൻ ആരംഭിച്ചപ്പോൾ എനിക്കും സ്വല്പ പ്രാധാന്യമൊക്കെ വന്നുചേർന്നുവെന്നു തോന്നി ബെഞ്ചിൽ എന്റെ അടുത്ത് ഇരിക്കാറുള്ള വേലുവെന്ന കുട്ടി ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ മിഥുനമാരുത്തിൽ പൂരാടംനാളിൽ നടത്താറുള്ള കഞ്ഞിപകർച്ചയിൽ പങ്കുകൊള്ളുവാൻ ചട്ടിയുമായി വന്നെത്തി. അന്നു മററു ധർമ്മക്കാരുടെയിടയിൽ വേലു ഒരു പ്രധാനിയായിത്തീർന്നു. വേലുവിനു കുറച്ചുകൂടി കഞ്ഞി കൊടുക്കണം വേലുവിന് ഒരു ഉപ്പുമാങ്ങകൂടി കൊടുക്കണം എന്നൊക്കെ വിളിച്ചുപറഞ്ഞുകൊണ്ടു ഞാനും ജ്യേഷ്ഠനും എന്റെ കൊച്ചനുജനും ജനൽവാതിൽപ്പടിമേൽ ഇരുന്നു.

എന്റെ ക്ലാസുമാസ്റ്റർ മീശയും ചുരുണ്ട തലമുടിയും മററുമുള്ള ഒരു യുവാവായിരുന്നു അയാൾ ഒരിക്കൽ യാതൊരു കാരണവും കൂടാതെതന്നെ എന്നെ പരിഹസിക്കുവാൻ തുടങ്ങി. അരപ്രാണൻ എന്ന ഒരു പരിഹാസപ്പേരും അയാൾ എനിക്കു ക്ലാസിൽവെച്ചു നല്കി കുട്ടികളെല്ലാവരും ഉറക്കെ ചിരിച്ചു എന്റെ സ്നേഹിതൻ വേലുമാത്രം ചിരിച്ചില്ല സദാപീള കെട്ടിക്കലങ്ങിയ കണ്ണുകൾ അടച്ചും മിഴിച്ചും ബെഞ്ചിലിരുന്നുകൊണ്ട് ഉറക്കം തൂങ്ങുകയായിരുന്നു വേലു...

പ്രായപൂർത്തി വന്ന കുട്ടികൾ—എട്ടാം ക്ളാസ്സിലെ വിദ്യാർത്ഥിനികൾ—ആ മാസ്റ്ററുടെ ഓമനകളായിരുന്നു അവരെ അടുത്തുനിർത്തി അവരോടു നേരുപോക്കു പറയുന്നതും അവരെ ചിരിപ്പിക്കുന്നതും മററും ഞാൻ കാണാറുണ്ടായിരുന്നു ക്ളാസു കഴിഞ്ഞാൽ ഉച്ചഭക്ഷണത്തിനു പോകുന്നതിനു കുറച്ചുമുമ്പു മാസ്റ്റർ ഒരു ഗോ

പികാനാഥനായി ചമയുകയായിരുന്നു. സെക്കന്റ് അപ്പീൽ എന്ന വിചിത്രതേജസ്സിന്റെ മഹത്വം അന്നായിരിക്കാം എനിക്ക് ഏതാണ്ടൊക്കെ മനസ്സിലായത്.

എന്റെ സഹപാഠിനിയായ ദേവകി ആയിടയ്ക്ക് എനിക്ക് ഒരു കത്തു തന്നു അതു വീട്ടിൽ പോയി വായിക്കണമെന്നും അതിന്റെ മറുപടി പിറ്റേന്നാൾ സ്കൂളിലേയ്ക്കു കൊണ്ടുവരണമെന്നും ദേവകി എന്നോടു പറഞ്ഞു. ആ കത്തു ഞാൻ പോക്കറ്റിലിട്ടു അതിനെപ്പറ്റി മറക്കുകയും ചെയ്തു. എന്റെ അമ്മാമ്മ അതു കണ്ടപ്പോൾ അത്ഭുതപ്പെട്ടു. എന്റെ പ്രാണസഖി, ഞാൻ കമലയെ സ്നേഹിക്കുന്നു, എന്റെ ജീവനാഥേ എന്നും മറ്റും ദേവകി എഴുതിക്കൂട്ടിയിരുന്നു. അമ്മാമ്മ അന്നു് എന്നെ ദേഷ്യപ്പെട്ടു. ആ കുട്ടിയുമായിട്ടു വർത്തമാനം പറയാൻ പൊവരുതെന്നും അത്തരം കത്തുകൾ തോന്ന്യാസക്കത്തുകളാണെന്നും അമ്മാമ്മ പറഞ്ഞു. പിറ്റേദിവസം ദേവകി എന്നോടു മറുപടി തരുവാൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, "എനിക്കു കത്തെഴുതാൻ അറിയില്ല" ദേവകിക്കു് അതോടെ എന്നെ മടുത്തു പിന്നീടു് അവൾ ക്ലാസിലെ ഏറ്റവും പ്രായംകുറഞ്ഞ ഒരു പെൺകുട്ടിയുമായി കൂട്ടിപ്പോടുടങ്ങി. അതു് ഒരു കൊല്ലക്കാലം നീണ്ടുനിന്നു.

അന്നു് ഗോവിന്ദക്കുറുപ്പു് എന്ന പേരുള്ള ഒരു കുട്ടി ഞങ്ങളുടെ സ്കൂളിൽ പഠിച്ചിരുന്നു. സ്കൂളിൽവെച്ചു് ഏറ്റവും വികൃതിയുള്ള കുട്ടിയായിരുന്നു അയാൾ. കാഴ്ചയിൽ സുന്ദരനുമായിരുന്നു. ഞാൻ ഇരുന്നിരുന്ന മുറിയിൽ എന്റെ ക്ലാസും ഗോവിന്ദക്കുറുപ്പിന്റെ ക്ലാസും ഉണ്ടായിരുന്നു. അയാൾ മാസ്റ്റർമാരോടു തർക്കുത്തരം പറയുന്നതും ശിക്ഷിക്കപ്പെടുന്നതും മറ്റും കണ്ടിട്ടും കേട്ടിട്ടും എന്റെ മനസ്സു് അസ്വസ്ഥമായി മാസ്റ്ററെപ്പറ്റി എന്തോ ചില വൃത്തികേടു് ചുമരിൽ എഴുതിവെച്ചപ്പോൾ മാസ്റ്റർ ഗോവിന്ദക്കുറുപ്പിന്റെ കവിളത്തു വേദനിപ്പിക്കുമാറു് അടിച്ചു. ചുവന്ന കവിളുകൾ തലോടിക്കൊണ്ടു് ആ കുട്ടി ക്ലാസിൽനിന്നു് ഇറങ്ങിപ്പോയി. എനിക്കു് അപ്പോൾ അയാളെ അനുഗമിക്കുവാനും അയാളുടെ ഭാഗത്താണു് ഞാനെന്നു് അറിയിക്കുവാനും മോഹം തോന്നി. പക്ഷേ, ഞാൻ ഭീരുവായിരുന്നു. രണ്ടാമതു് ഞാൻ അമ്മാമ്മയോടു പറഞ്ഞു:

"എനിക്കു ഗോവിന്ദക്കുറുപ്പിനെ കല്യാണം കഴിച്ചാൽ മതി."

"ഛേ, വഷളത്തം പറയരുതു്" അമ്മാമ്മ പറഞ്ഞു. പക്ഷേ, ദേഷ്യപ്പെടുന്നതിനു പകരം അവർ ചിരിക്കുകയാണു് ഉണ്ടായതു്. ഒരു ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ ഞാനും കുട്ടുകാരുംകൂടി പാമ്പിൻകാവിന്റെ തിണ്ണമേൽ എന്തോ കളിച്ചുകൊണ്ടു് ഇരിക്കുമ്പോൾ ഗോവിന്ദക്കുറുപ്പു പടികടന്നു ഞങ്ങളുടെ മുറ്റത്തുവന്നു. എന്റെ ഹൃദയം ശക്തിയായി മിടിച്ചു രണ്ടോ മൂന്നോ നിമിഷങ്ങൾക്കുള്ളിൽ അയാളുടെ ഉറക്കെയുറക്കെയുള്ള സംസാരം കേട്ടു്, എന്റെ വലിയമ്മാമൻ ഉച്ചയുറക്കത്തിൽനിന്നു ഉണർന്നു. അമ്മാമൻ പടിപ്പുരമാളികയിൽനിന്നു് ഇറങ്ങിവന്നപ്പോൾ അപരിചിതനായ ഗോവിന്ദക്കുറുപ്പിനെ കണ്ടു ക്ഷോഭിച്ചു. "എവിടെനിന്നു വന്നതാണു് ഈ ചെക്കൻ? കടന്നുപോ ഇവിടെനിന്നു്" എന്നു് അമ്മാമൻ വിളിച്ചുപറഞ്ഞു. സ്വതവേ തർക്കുത്തരക്കാരനും ധൈര്യവാനുമായ ഗോവിന്ദക്കുറുപ്പു തല താഴ്ത്തിക്കൊണ്ടു വേഗത്തിൽ പടികടന്നുപോയി. എന്റെ വലിയമ്മാമൻ ഒരു 'സ്നോബാ'യിരുന്നു. ധനസ്ഥിതി ക്ഷയിച്ചവരെ അവരവരുടെ നിലയ്ക്കു നിൽക്കണമെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. ദരിദ്രരായവരെയും അല്പബുദ്ധികളെയും അമ്മാമൻ പലപ്പോഴും ശകാരിച്ചു. പക്ഷേ, വീട്ടിലെ കുട്ടികളെ ഒരിക്കലും അദ്ദേഹം ശകാരിച്ചില്ല. കൊല്ലത്തിൽ ഒരിക്കലോ രണ്ടുതവണയോ അദ്ദേഹം തൃശ്ശൂക്കു പോവാറുണ്ടായിരുന്നു. അവിടെനിന്നു വൈകുന്നേരം മടങ്ങുമ്പോൾ എനിക്കു കൂപ്പായം തുന്നിക്കുവാനായി ഓരോ പുള്ളിത്തുണിയും എഴുതുവാൻ വയലറ്റു് പെൻസിലും കൊണ്ടുവന്നു തരാറുണ്ടായിരുന്നു. അമ്മാമന്റെ സ്ത്രീകൾ ആഡംബരപ്രിയരാവണമെന്നു് അഭിപ്രായമുണ്ടായിരുന്നു. അമ്മാമന്റെ ഭാര്യയായ കാളിപുറയത്തു ബാലാമണിയമ്മ എല്ലാ ദിവസവും സുവ്യവസ്ഥിതയായും വിശേഷവസ്ത്രങ്ങൾ ധരിച്ചും മാത്രമേ നാലുപ്പാട്ടു പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ.

(ശേഷം 75-ൽ)

ഇൻഡ്യൻസിനിമയുടെ പ്ലാറ്റിനം ജൂബിലി പ്രമാണിച്ചു്

1971 ഡിസംബർ മൂന്നാംവാരത്തിൽ പ്രസിദ്ധീകരിക്കുന്നു.

മലയാളനാടു്

ഫിലിം സ്പെഷ്യൽ

ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള ചലച്ചിത്രങ്ങളെക്കുറിച്ചു് ചിത്രങ്ങൾസഹിതമുള്ള പഠനാർഹമായ ലേഖനങ്ങൾ ഒരു സവിശേഷത.

കെ. എ. അബ്ബാസു്, ഫിറോസ്റ്റുൽവാല, സിനിക്കു്, കോഴിക്കോടൻ, അടൂർ ഗോപാലകൃഷ്ണൻ, വിൻസന്റു് ജോൺ, കുളത്തൂർ ഭാസ്കരൻനായർ, വി. ബി. സി. നായർ.....

മലയാളചലച്ചിത്രവേദിയെക്കുറിച്ചു് പ്രത്യേകം ലേഖനങ്ങൾ!

പരസ്യക്കാർക്കു് ശക്തമായ മാദ്ധ്യമം!

കൂടുതൽ പേജുകൾ! വിലയിൽ മാറ്റമില്ല!

മാനേജർ, മലയാളനാടു്, കൊല്ലം.

ഭാവന

നരകമേ, യാത്ര

ഷൗക്കത്ത് ഉസ്മാൻ

"ഇനി എന്തുചെയ്യും സർ?"

"അതാണാലോചിക്കുന്നത്."

ഗാസിറഹ്മാൻ ഇവ മറക്കാതെ ആശ്രയദാതാവിന്റെ മുഖത്തുനോക്കിനിന്നു. ആ ചോദ്യം അദ്ദേഹത്തെ ചിന്തിപ്പിക്കുന്നുണ്ടെന്നു തോന്നിപ്പോയി. വാസ്തവത്തിൽ ഗാസിറഹ്മാൻ ഒന്നും ചിന്തിക്കുന്നുണ്ടായിരുന്നില്ല. അനിശ്ചിതമായ ഒരു ചോദ്യചിഹ്നത്തിലേയ്ക്കു മിഴിച്ചുനോക്കിയതേയുള്ളു. അതിനുത്തരം കണ്ടെത്തുക അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിരുന്നു.

കഴിഞ്ഞ ഒന്നരമാസക്കാലമായിട്ട് അഭ്യുദയകാംക്ഷികളും, ബന്ധുക്കളുമായ അനേകം പേർ അദ്ദേഹത്തിന്റെയടുത്തുവന്നു. എല്ലാവരുടേയും നാവിൽ ഒരേ വാചകം: "നിങ്ങളുടെ ജീവിതം അപകടത്തിലാണ്. അതിനാൽ സുരക്ഷിതമായ ഏതെങ്കിലും സ്ഥലത്തേയ്ക്കു പോകുക!"

ഗാസിറഹ്മാൻ അവർക്കു വ്യക്തമായ യാതൊരു മറുപടിയും നൽകിയില്ല. വ്യക്തമായ മറുപടി അദ്ദേഹത്തിനറിഞ്ഞുകൂടായിരുന്നു. അസ്തിത്വസംരക്ഷണത്തിന്റെ ആദിമകർത്തവ്യം അനുഭവപ്പെടുന്നുണ്ടെന്നു മാത്രം! ഗാസിറഹ്മാൻചോദ്യകർത്താവിന്റെ നേരേ നോക്കും; അല്ലെങ്കിൽ ശൂന്യതയിൽ ദൃഷ്ടി പായിക്കും. തന്റെ ദൃഷ്ടി വിശ്രമത്തിനൊരാലംബം അന്വേഷിക്കുന്നു എന്നു അദ്ദേഹത്തിനറിയാമായിരുന്നു. എന്നാലൊരിടത്തും അതു ലഭിക്കുന്നില്ല.

ഈ ഗ്രാമത്തിൽ അദ്ദേഹത്തിന് ആശ്രയം നൽകിയത് യൂസഫ് ആണ്. ഗാസിറഹ്മാന്റെ ഒരു പൂർവ്വവിദ്യാർത്ഥി. അവനിപ്പോൾ ഏതോ വ്യാപാരശാലയിൽ ഗുമസ്തനാണ്. മുപ്പത്തിരണ്ടുവർഷത്തെ അദ്ധ്യാപകവൃത്തി ഇത്തരത്തിൽ പല ആശ്രയസങ്കേതങ്ങളും ഗാസിറഹ്മാനു സമ്പാദിച്ചുകൊടുത്തു. ആ സത്യം വീടുപേക്ഷിച്ചു പോരുന്നതിനുമുമ്പ് അദ്ദേഹത്തിനജ്ഞാതമായിരുന്നു.

നഗരത്തിൽനിന്ന് അനേകദൂരം അതായത് ജില്ലാറോഡിലേയ്ക്കും ഇവിടെനിന്ന് അഞ്ചു മൈലിൽ കുറയുകയില്ല. ഒളിവുജീവിതത്തിന്ന് ഇത്തരം സ്ഥലം പ്രയോജനപ്രദമാണ്. പ്രത്യേകിച്ചും, കാടും മേടും നിറഞ്ഞ ഈ ഗ്രാമത്തിൽ വളരെ അത്യാവശ്യമൊന്നുമില്ലെങ്കിൽ പട്ടാളം പ്രവേശിക്കാൻ താല്പര്യം കാണിക്കുകയില്ല.

ഗാസിറഹ്മാൻ അത്തരം തടസ്സങ്ങൾ കാര്യമായെടുത്തില്ല. ആധുനികയുദ്ധശാസ്ത്രം നരകസൃഷ്ടിയ്ക്കുള്ള മറെറാരു ആദിമസംഹിതയാണ്. ആറേഴ് മൈൽ അകലമോ അല്ലെങ്കിൽ ദുർഗ്ഗമമായ വഴികളോ ഒരു തടസ്സമല്ല. പക്ഷേ, ഈ ഗ്രാമത്തിലേയ്ക്ക് അധികം അകലമില്ല. കുറെ രാഷ്ട്രീയപ്രവർത്തകരുമുണ്ട്. എന്നാൽ അവരുടെ പേരും പെരുമയും ഭരണാധികാരികളുടെ കണ്ണങ്ങളിലെത്താൻ യോഗ്യമായിട്ടില്ല. ഗാസിറഹ്മാൻ എല്ലാ വിശ്വാസവും അവിടെയാണു കേന്ദ്രീകരിച്ചത്. അറിഞ്ഞുകൊണ്ടല്ലെന്നു മാത്രം. കാരണം കഴിഞ്ഞ ഒന്നരമാസമായിട്ട് അദ്ദേഹത്തിന്റെ ചിന്തയും ഭാവനയും യാതൊരതിർത്തിയിലും ഒതുങ്ങിനിന്നിരുന്നില്ല. നാനാവിധ ഓർമ്മകളുടെയും സംഭവങ്ങളുടെയും നിഴലുകളുടെ അരണ്യത്തിലൂടെയുള്ള വിഹരണം ഗാസിറഹ്മാന് ഉപലബ്ധിയുടെ കോണിപ്പടി ഒരുക്കിക്കൊടുത്തിരുന്നു. ദുഃസ്വപ്നത്തിനുശേഷം അർദ്ധജാഗരൂകതയിൽ, അർദ്ധനിദ്രാവസ്ഥയിലും യുക്തിയുടെ ഒരംശം നിലനിൽക്കും. ഗാസിറഹ്മാന്റെ മസ്തിഷ്കത്തിൽ അതിന്റെ ചിഹ്നംപോലും ലഭിക്കുക പ്രയാസമായിരുന്നു. നിസ്സംഗവും അത്ഭുതകരവുമായ ഒരവസ്ഥ! യാന്ത്രികമായ കുറെ ജീവിതനിയമം അദ്ദേഹം പാലിച്ചിരുന്നു എന്നുമാത്രം ഭക്ഷണം കഴിക്കേണ്ട സമയത്തു ഭക്ഷണം കഴിക്കുക ഉറങ്ങേണ്ട സമയത്ത് ഉറങ്ങുക, അത്രതന്നെ. എന്നാൽ യാന്ത്രികതയിൽ ഉന്മാദം ശാന്തിനൽകും. ഗാസിറഹ്മാന് അതുമില്ല. അദ്ദേഹം പണ്ടത്തെ ഹെഡ മാസ്റ്ററാണ് എല്ലാ ജ്ഞാനവും പ്രത്യേകിച്ചും ആത്മമര്യാദജ്ഞാനം ഇന്നും നശിച്ചിട്ടില്ല. അദ്ദേഹത്തിനു ശാന്തിലഭിക്കുന്ന പ്രശ്നമേ ഇല്ല. ഒരുപക്ഷേ അസ്ഥിരതയുടെ പ്രവാഹത്തിൽ ഒഴുകിപ്പോകുമായിരുന്നു. അതിനാൽ ചേതനാബോധത്തിന്റെ സഹായത്തോടെ മറ്റെന്തിനെയെങ്കിലും തന്നിലേയ്ക്കാകർഷിയ്ക്കുന്ന വിഫലശ്രമത്തിൽനിന്ന് ഒഴിഞ്ഞുനിന്നിരുന്നു. പ്രൗഢഗംഭീരമായ വ്യക്തിത്വമാണ് ഗാസിറഹ്മാന്റേത്. എന്നാൽ അദ്ദേഹം യാതനകൾ സഹിയ്ക്കാനും ആഘാതമേൽക്കാനും തയ്യാറാണ്. വെളുത്തതാടി അഗ്രം കൂർപ്പിച്ച് ക്രോപ്പു ചെയ്തിരിയ്ക്കും. തീക്ഷ്ണദൃഷ്ടിയ്ക്കു യോജിയ്ക്കുന്ന താടി ഒററനോട്ടത്തിൽത്തന്നെ ഈ മനുഷ്യൻ കഠിനമായ ഏതോ ഉപാസനയിൽ തല്പരനാണെന്നു തോന്നും. നയനങ്ങൾ എന്തിന്റെയോ അന്വേഷണത്തിലാണ്. ഇത്തരത്തിൽ വ്യക്തിത്വമുള്ള

മനുഷ്യൻ അസ്വസ്ഥപ്പെടുന്നതായി യുസഫിന് തോന്നിയതെന്തുകൊണ്ട്?

ശിഷ്യന്റെ ചോദ്യത്തിൽ ഗാസിറഹ്മാൻ വിരക്തിയോടെ തലയാട്ടുകമാത്രമേ ചെയ്തുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ ഹൃദയം സ്വന്തം നിയമമനുസരിച്ച് മുന്നോട്ടുപോകുന്നു. അവിടെ സിദ്ധാന്തങ്ങളൊന്നും തടസ്സമായി നില്ക്കുന്നില്ല ദ്രുതഗതിയിൽ ഒന്ന് മറ്റൊന്നിന്റെ മേൽ മറിഞ്ഞുവീഴുന്നു. പിന്നീട് പ്രശ്നരഹിതമായ ചിന്ത, ശാസന പുറപ്പെടുവിക്കും. സമീപത്തുള്ളവർക്ക് അദ്ദേഹത്തെപ്പററി വല്ലതും ഊഹിക്കാൻ കഴിയും. തികച്ചും ഏകാന്തതയനുഭവപ്പെടാത്ത സമയത്ത് ഗാസിറഹ്മാൻ ധാരാളം സംസാരിക്കും. ചിലപ്പോൾ പരിസരബോധംതന്നെ ഉണ്ടായിരിക്കുകയില്ല. ഒന്നരമാസമായിട്ട് ബംഗ്ലാദേശിലെ വായുവിൽ ആത്മനാദംമാത്രമേയുള്ളൂ എന്ന കാര്യം ആർക്കാണറിഞ്ഞുകൂടാത്തത്? അതിനാൽ ഗാസിറഹ്മാന്റെ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുക അത്ര കഠിനമല്ല.

ഈ വീട്ടിൽ അധികദിവസം താമസിക്കുക പ്രയാസമാണെന്ന് ഗാസിറഹ്മാൻ അറിയിച്ചുകഴിഞ്ഞു. അടുത്തു ലഭിച്ച വാർത്ത അത്ര ശുഭപ്രദമല്ല. അല്പദിവസത്തിനുള്ളിൽ കുറെ അവാമിലീഗ്പ്രവർത്തകരെ അന്വേഷിച്ച് പട്ടാളം ഈ ഗ്രാമം വളയും. ഗാസിറഹ്മാന്റെ ചിന്ത മറ്റൊന്നിലാണ്. യുസഫിന്റെ ഭാര്യ ഷക്കീലയുടെ സഹോദരൻ ഖാലിദ്

(ശേഷം 77—ൽ)

അസൂയ

കാമമാണു മനുഷ്യന്റെ അതിപ്രധാനവും അടക്കുവാൻ കഴിയാത്തതുമായ ജന്മവാസനയെന്നു സുപ്രസിദ്ധ മനശ്ശാസ്ത്രജ്ഞനായ ഫ്രോയ്ഡ് വാദിക്കുകയുണ്ടായി ഇതു തെററാണെന്ന് 1969-ൽ പോലും രണ്ട് അമേരിക്കൻ ശാസ്ത്രജ്ഞന്മാർ ശക്തിയായി വാദിച്ചിരിക്കുന്നതു കണ്ടു. പക്ഷേ, എന്തെല്ലാം എതിർവാദങ്ങൾ ഉണ്ടായിട്ടും ഫ്രോയ്ഡിന്റെ സിദ്ധാന്തം അടിസ്ഥാനരഹിതമല്ല എന്ന ധാരണ ആധുനികസംസ്കാരത്തിൽ പരക്കെയുണ്ട്. ഇന്നത്തെ കലയിലും സാഹിത്യത്തിലും അതല്ലാതെ മറ്റൊരു വിഷയമില്ല.

മനഃശാസ്ത്രജ്ഞനല്ലെങ്കിലും എനിക്കു തോന്നുന്നത് കാമത്തിനല്ല അസൂയയ്ക്കാണ് പ്രഥമസ്ഥാനം നല്കേണ്ടതെന്നാണ്. കാമത്തെ ചിലപ്പോഴെങ്കിലും കീഴടക്കാമെന്നും. പലപ്പോഴും പ്രേമമായും കലയായും രൂപസംസ്കരണം ചെയ്തു പ്രശോഭിപ്പിക്കാമെന്നും ഫ്രോയ്ഡുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അസൂയയുടെ കാര്യത്തിൽ ഇതൊന്നും സാധ്യമല്ല ജനനം മുതൽ മരണം വരെ അതു ശക്തിമത്തായി നില്ക്കുന്നു എവിടെയും അതിന്റെ അതിപ്രസരം ദൃശ്യമാണ്. അതിനെ അമർത്തുവാനോ മറെറന്തെങ്കിലുമായി ഉയർത്തുവാനോ വഴിയില്ല ഏതു നിലയിലുള്ളവനും ഏതു വർഗ്ഗത്തിൽ പെട്ടവനും അതിനു വിധേയനാണ്.

"അയ്യോ! വല്യമ്മാവാ, ആ പരമുപിള്ളയുടെ പറമ്പിൽ ചേനയും കാച്ചിലും വളർന്നുനില്ക്കുന്നതു കണ്ടാൽ സഹിക്കുമോ"

എന്ന് ഒരു ഗ്രാമീണബാലൻ പറഞ്ഞതായി ഒരു കഥയുണ്ട്. ഇതുപോലെ ചോര നീരാക്കുന്ന അദ്ധ്വാനംകൊണ്ടോ, ഭാഗ്യംകൊണ്ടോ, ഭയാനകമായ കൃത്രിമംകൊണ്ടോ മററുള്ളവർക്കുണ്ടാകുന്ന വിഭവങ്ങളും വൈഭവങ്ങളും കാണുമ്പോൾ മനുഷ്യന് 'സഹിക്കുകയില്ല'. ഇത്, പല പല വ്യക്തികളായി വേർതിരിഞ്ഞ് പ്രത്യക്ഷപ്പെടുക എന്ന ജീവന്റെ അടിസ്ഥാനസ്വഭാവത്തിൽതന്നെ അന്തർലീനമായ ഒരു വൈകല്യമല്ലെ എന്നുപോലും സംശയിക്കുവുന്നതാകുന്നു. മററു ജീവികളിൽ അത് അബോധപൂർവമായ ജീവിതമത്സരമായി ആവിഷ്കൃതമാകുന്നു. ചെടികളും ശലഭങ്ങളും മൃഗങ്ങളും പക്ഷികളും എന്നുവേണ്ട സമസ്ത ജീവജാലവും അതിനു വിധേയമാണെന്ന് ഡാർവിൻ തെളിയിച്ചിട്ടുണ്ട്. പ്രാണിസഹജമായ ഈ ജീവിതമത്സരത്തിന്റെ മാനസികമായ ആവിഷ്കരണമാണ് അസൂയ.

അന്യന്റെ പുരപ്പുറം പുകയുന്നതും. അവൻ അലക്കിയ മുണ്ടുടുക്കുന്നതും കണ്ടാൽ അസുഖം തോന്നുന്നവരെന്ന് ചിലയാളുകളെപ്പററി നാട്ടിൻപുറത്തുകാർ പറയാറുണ്ട്. പുരപ്പുറം പുകയുന്നതു കണ്ടാൽ "ഇന്ന് കഞ്ഞിവച്ചല്ലോ" എന്നു പറയും. അലക്കിയ മുണ്ടുടുത്തുകണ്ടാൽ 'ഇന്ന് പിറന്നാളാണോ?" എന്നു ചോദിക്കും ഇങ്ങനെയുള്ളവരെ നാട്ടിൻപുറത്തുമാത്രമല്ല കാണാവുന്നതു. അവർ എവിടെയുമുണ്ട്. എല്ലാവരുടെ ഉള്ളിലുമുണ്ട്.

"അവൻ ആ സ്ഥാനത്തിരിക്കുന്നത് എനിക്കു പിടിക്കുന്നില്ല അവനെ താഴെയിറക്കുവാൻ എന്തുണ്ട് ഉപായം?"

"അവൻ നിങ്ങളോടു എന്തു ദോഷം ചെയ്തു?"

"ദോഷം ചെയ്യുകയോ? അതിനുവല്ലതും അവനെക്കൊണ്ടു കൊള്ളാമോ? ദോഷം ചെയ്യാനും അല്പം തന്റേടം വേണമല്ലോ തന്റേടമുണ്ടായാലും അവൻ എന്നോട് ഒന്നും ചെയ്യാനില്ല ചെയ്താൽ ഞാനൊട്ടു സഹിക്കുകയുമില്ല. അതുകൊ

ഡാ: കെ. ഭാസ്കരൻനായർ

ണ്ടൊന്നുമല്ല; അവനെ എനിക്കു പിടിക്കുന്നില്ല.''

''ലോകട്ടെ, കറുപ്പുചേട്ടാ! അവന്റെ പാട്ടുനോക്കി അവനും ജീവിക്കട്ടെ. എല്ലാറ്റിക്കും ഈ ലോകത്തിൽ കഴിയണമല്ലോ.''

''അങ്ങനെ പറയൂ! അതാണ് കാര്യം. നമ്മളൊക്കെ കഴിയുന്നതുപോലെ കഴിഞ്ഞുകൂടിയാൽ പോരേ, അവനും? ഇങ്ങനെ മിനുങ്ങുന്ന സൂട്ടുമിട്ട്, ദിവസവുമെന്നുപോലെ കാറുംമാറി, വലിയമട്ടിൽ ജീവിക്കുന്നതെന്തിനു? അവൻ പണിയിച്ചു വീടുകണ്ടോ? അതുമുഴുവനും കള്ളപ്പണമാണ്.'' ''അതാണുകാര്യമെങ്കിൽ അവനേക്കാൾ എത്രയോമുമ്പേ താഴേയിറക്കേണ്ടവർ പലരുമുണ്ടല്ലോ. ബാർളാ, ദാൽമിയ, ഫോർഡ്, റോക്കഫെല്ലർ, ഒനാസ്സിസ്, എന്നിങ്ങനെ എത്രയോ പേരുണ്ട്. അവരുടെ ഒരു ദിവസത്തെ ആദായത്തിനു് അടുത്തുവരുമോ ഈ രാജ്യത്തെ ഏററവും വലിയ കുബേരന്റെ സമ്പാദ്യം.''

''അതൊക്കെ കളയണം! അവരൊക്കെ എവിടെയോ കിടക്കുന്നവർ. ഞാനും നിങ്ങളും കണ്ടിട്ടുപോലുമില്ലാത്തവർ.''

''അപ്പോൾ അറിയുന്നവന്റെ അഭ്യുദയമാണു ദുസ്സഹം, അല്ലെ?''

''സംശയമെന്തു്?''

ഭൗതികസമ്പത്തിനോടു മാത്രമാണ് കുശുമ്പെന്നു ധരിക്കരുതു്. കവിതയെഴുതുന്നവനെ കണ്ടുകൂടാ. ഭംഗിയായി കവിതചൊല്ലുന്നവനെ കണ്ടുകൂടാ. സ്വന്തം പണംകൊടുത്തു് നല്ല പുസ്തകങ്ങൾ വാങ്ങുന്നവനെ കണ്ടുകൂടാ. സ്വഭാവശുദ്ധിയുള്ളവനെ കണ്ടുകൂടാ. സൽപേരു സമ്പാദിച്ചവനെ കണ്ടുകൂടാ. കൂട്ടുകൂടി കള്ളംകുടിച്ചു് മററുള്ളവർക്കു് പാരവയ്ക്കാതെ തൻകാര്യം നോക്കി നടക്കുന്നവനെ കണ്ടുകൂടാ. ഈശ്വരവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവനെ കണ്ടുകൂടാ. ''അവൻ അത്രവളരെ കേമനൊന്നും ആകാൻ നോക്കേണ്ട.'' എന്നാണ് ശാഠ്യം. ഈ വിലക്ക് വകവയ്ക്കാതെ അവൻ കേമനായിപ്പോയാൽ ''അതൊന്നും ഞാൻ വകവച്ചുകൊടുക്കുകയില്ല. എങ്ങിനെ കിടന്നവനാണെന്നു് ഞാൻ അറിയാത്തതാണോ? അക്ഷരങ്ങൾ പോലും നിശ്ചയമില്ലായിരുന്നു. ഇന്നിപ്പോൾ മഹാകവിയായിരിക്കുകയാണ്. ഞാനും പണ്ടു കവിതയെഴുതിയിരുന്നു. അതുകൊണ്ടൊന്നു ഒരു പ്രയോജനവുമില്ലെന്നു കണ്ടപ്പോൾ ആധാരമെഴുത്തിനുപോയെന്നുള്ളു. തുടർന്നിരുന്നെങ്കിൽ അവനു് ഇന്നു് ഈ പദവികൾ നടപ്പാക്കാൻ സാധിക്കുമോ?'' ശരിയല്ലെ? തെററാണെന്നു തെളിയിക്കുവാൻ ആർക്കു കഴിയും?

മറെറാരുതരം അസൂയയുണ്ട്. അതു് ഏററവും പ്രിയപ്പെട്ടവരുടെ നേർക്കുള്ളതാണ് തനിക്കുവേണ്ടി പോരടിക്കുവാൻ മാത്രമല്ല മരിക്കുവാനും സന്നദ്ധനാണെന്നു സംശയലേശമെന്യേ തെളിയിച്ചുകൊണ്ട്, സുഖത്തിലെന്നപോലെ ദുഃഖത്തിലും പങ്കുകൊണ്ട്, ആരാധകനെന്നല്ല ഭക്തനായിത്തന്നെ നടക്കുന്ന പ്രാണസുഹൃത്തിന്റെ നേർക്ക് അയാളെ സ്ഥാനത്തും അസ്ഥാനത്തും പ്രശംസിക്കും അങ്ങേയററം പിൻതാങ്ങും. എന്തു സഹായവും ചെയ്തുകൊടുക്കും. എന്നാലും അയാൾ തന്നെക്കാൾ വലിയവനായി വളർന്നേക്കും എന്നു സംശയം തോന്നിയാൽ പിന്നെ സഹിക്കുകയില്ല! ആ സാധു ഇതറിഞ്ഞു ചെരുമാറിക്കൊള്ളണം. തനിക്കു വല്ല ശോഭയും ഉണ്ടെങ്കിൽ അതു മുഴുവനും ആരാധനാപാത്രത്തിൽനിന്നു കിട്ടുന്നതു മാത്രമാണെന്നു് അറിഞ്ഞുകൊള്ളണം. എപ്പോഴും ഒരു കണ്ണാടിയായി നിന്നുകൊള്ളണം. ദീപമാകുവാൻ ശ്രമിക്കരുതു്. തനിച്ചു നടക്കുമ്പോഴും ഇതേ പാടുള്ളു. സന്നിധാനത്തിൽ ആരാധകഭാവം മനസ്സിൽ ഉണ്ടായാൽ പോരാ; ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഇതിനു വിരുദ്ധമായി, സ്വന്തമെന്നു് അഭിമാനിക്കുന്ന ഒരു ചെറുരശ്മിയെങ്കിലും കണ്ടുപോയാൽ പിന്നെ യുദ്ധമാണ് പതിവായുള്ള തുമന്ദഹാസത്തിന്റെ സ്വഭാവംതന്നെ അടുത്ത മാത്രയിൽ മാറിപ്പോകും. സൗഹൃദത്തിന്റെ സ്ഥാനത്തു് ഔദ്ധത്യം കണ്ടുതുടങ്ങും കുട്ടിയാനെ തള്ളയാനയുടെ വാലിൽ പിടിച്ചു മലകയറുമ്പോൾ ഉണ്ടാകുമെന്നു പറയുന്ന അനുഭവമാണിതു്

''അവനു് ഇത്രവേഗം ഭാര കൂടിയതെങ്ങിനെ? എനിക്കു തളർച്ച തോന്നുന്നല്ലോ...ഓഹോ! കാര്യം മനസ്സിലായി അവൻ പിടിച്ചു കയറുക മാത്രമല്ല ചെയ്യുന്നതു്. കാലിനു് ഉറപ്പുകിട്ടിയതുകൊണ്ടു് അല്പാല്പമായി പുറകോട്ടു വലിച്ചുനോക്കുകയും ചെയ്യുന്നുണ്ട് ബലം പരീക്ഷിക്കുകയാണ്, അല്ലേ? മറിച്ചിടാമോ എന്നു നോക്കുകയാണ്! ശരി. നോക്കാം.''

ഈ മനോഭാവം വന്നുപോയാൽ പിന്നെ അതു മാറുകയില്ല. കുടലെടുത്തു കാണിച്ചാലും വാഴനാരാണെന്നു പറയും. സ്നേഹബന്ധം തുടർന്നുപോകണമെന്നു് താല്പര്യമുണ്ടെങ്കിൽ ആരാധകൻ ആ രംഗത്തുനിന്നു നിഷ്ക്രമിച്ചുകൊള്ളണം. അല്ലെങ്കിൽ ആപത്താണ്. നിർദ്ദോഷമായ കുശലപ്രശ്നങ്ങൾപോലും ദുർവ്യാഖ്യാനം ചെയ്യപ്പെടും. ''സുഖക്കേട്ട് എങ്ങനെയിരിക്കുന്നു'' എന്നു ചോദിച്ചാൽ, ''മരിക്കാറായില്ല'' എന്നായിരിക്കും മറുപടി.

ജനാധിപത്യവും സോഷ്യലിസവും കമ്മ്യൂണിസവും മഹായുദ്ധങ്ങളുമെല്ലാം ശുദ്ധമായ അസൂയയിൽനിന്നു ജനിച്ചവയാണ്. അധികാരത്തിലും ഉപഭോഗത്തിലും എല്ലാവരും സമനിലയെത്തിയാൽ അസൂയ തീരുമോ? തീരുമെന്നു തോന്നുന്നില്ല. അന്നു തൊലി വെളുത്തവനെപ്പററി തൊലി കറുത്തവൻ അസൂയപ്പെടും മറിച്ചുമാകാം. ഏതു നിറമാണ് ആകർഷകമായി കരുതുന്നതു് എന്നതിനെ ആശ്രയിച്ചിരിക്കും. കാലുള്ളവനെപ്പററി കാലൊടിഞ്ഞവനു കുശുമ്പുതോന്നും വൃദ്ധനു യുവാവിനെപ്പററിയും, പുരുഷനു് സ്ത്രീയെപ്പററിയും, സ്ത്രീക്കു പുരുഷനെപ്പററിയും അസൂയയുണ്ടാകും താപഗതിശാസ്ത്ര (തെർമോഡൈനാമിക്സ്) ത്തിലെ രണ്ടാംനിയമം വിവക്ഷിക്കുന്ന പ്രപഞ്ചാവസാനത്തിൽ. മനുഷ്യനും മൃഗവും എല്ലാം നശിച്ചു് ജഡവസ്തുവും ഭൗതികശക്തികളും തമ്മിലുള്ള വ്യത്യാസം പോലും അസ്തമിക്കുമ്പോൾ മാത്രമേ അസൂയ ഇല്ലാതാവുകയുള്ളു

—o—

അനുഭവമെഴുത്തും

നാലാങ്കൽ

നക്ഷത്ര കോടികളെല്ലാം—ചേർന്നു
നർത്തനം ചെയ്യുവേ, ഹൃത്തിൽ,
വാടിവരണ്ട ദലങ്ങ—ളാരാൽ
വാർമികം ദീപ്തി കുടിച്ചു.
ഉള്ളിൽ ഞെരിഞ്ഞു പിടഞ്ഞു—വിദ്യുത്
തുള്ളി തന്നക്ഷൗഹണികൾ.
പൊട്ടിപ്പതഞ്ഞിതാത്മാവിൽ—വെള്ള-
പ്പൊക്കമായിട്ടീപ്രപഞ്ചം;
സംഖ്യയില്ലാതുള്ള വർണ്ണ—ഭം
സങ്കലനം ചെയ്തുൾപ്പുവിൽ,
ഭൂമിതൻ നിത്യ യുവത്വം—ഗന്ധ-
ധൂമമായ്. പൂൽകീവികാരം
വിശ്വപ്രകൃതിതൻ പ്രാണ—വാത-
വീചിയൊഴുകവേ, ജീവൻ,
മാറുന്നിതോടക്കുഴലായ്—നാദ-
മാധുരിതൻ പുഞ്ചിരിയായ്
മുട്ടി, യിരുന്നു, മനസ്സിൽ—നാക
മുഗ്ധവിലാസം, സമസ്തം.

—o—

ചെയ്യുന്നതു്. കാലിനു് ഉറപ്പുകിട്ടിയതുകൊണ്ടു് അല്പാല്പമായി പുറകോട്ടു വലിച്ചുനോക്കുകയും ചെയ്യുന്നുണ്ട് ബലം പരീക്ഷിക്കുകയാണ്, അല്ലേ? മറിച്ചിടാമോ എന്നു നോക്കുകയാണ്! ശരി. നോക്കാം.''

ഈ മനോഭാവം വന്നുപോയാൽ പിന്നെ അതു മാറുകയില്ല. കുടലെടുത്തു കാണിച്ചാലും വാഴനാരാണെന്നു പറയും. സ്നേഹബന്ധം തുടർന്നുപോകണമെന്നു് താല്പര്യമുണ്ടെങ്കിൽ ആരാധകൻ ആ രംഗത്തുനിന്നു നിഷ്ക്രമിച്ചുകൊള്ളണം. അല്ലെങ്കിൽ ആപത്താണ്. നിർദ്ദോഷമായ കുശലപ്രശ്നങ്ങൾപോലും ദുർവ്യാഖ്യാനം ചെയ്യപ്പെടും. ''സുഖക്കേട്ട് എങ്ങനെയിരിക്കുന്നു'' എന്നു ചോദിച്ചാൽ, ''മരിക്കാറായില്ല'' എന്നായിരിക്കും മറുപടി.

ജനാധിപത്യവും സോഷ്യലിസവും കമ്മ്യൂണിസവും മഹായുദ്ധങ്ങളുമെല്ലാം ശുദ്ധമായ അസൂയയിൽനിന്നു ജനിച്ചവയാണ്. അധികാരത്തിലും ഉപഭോഗത്തിലും എല്ലാവരും സമനിലയെത്തിയാൽ അസൂയ തീരുമോ? തീരുമെന്നു തോന്നുന്നില്ല. അന്നു തൊലി വെളുത്തവനെപ്പററി തൊലി കറുത്തവൻ അസൂയപ്പെടും മറിച്ചുമാകാം. ഏതു നിറമാണ് ആകർഷകമായി കരുതുന്നതു് എന്നതിനെ ആശ്രയിച്ചിരിക്കും. കാലുള്ളവനെപ്പററി കാലൊടിഞ്ഞവനു കുശുമ്പുതോന്നും വൃദ്ധനു യുവാവിനെപ്പററിയും, പുരുഷനു് സ്ത്രീയെപ്പററിയും, സ്ത്രീക്കു പുരുഷനെപ്പററിയും അസൂയയുണ്ടാകും താപഗതിശാസ്ത്ര (തെർമോഡൈനാമിക്സ്) ത്തിലെ രണ്ടാംനിയമം വിവക്ഷിക്കുന്ന പ്രപഞ്ചാവസാനത്തിൽ. മനുഷ്യനും മൃഗവും എല്ലാം നശിച്ചു് ജഡവസ്തുവും ഭൗതികശക്തികളും തമ്മിലുള്ള വ്യത്യാസം പോലും അസ്തമിക്കുമ്പോൾ മാത്രമേ അസൂയ ഇല്ലാതാവുകയുള്ളു



—o—

ചെറുകഥ

പണ്ടുപണ്ടൊരിക്കൽ ഒരു കൊള്ള സംഘം ഉണ്ടായിരുന്നു. കുപ്രസിദ്ധനായ ഒരു കൊള്ളത്തലവനും മൂന്നനുയായികളും അവരുടെ പേരു കേട്ടാൽ ആരും ഞെട്ടിവിറയ്ക്കുമായിരുന്നു

അങ്ങിനെയിരിക്കെ അവർക്കു തങ്ങളുടെ ജീവിതവൃത്തിയിൽ വിരക്തി തോന്നി. സമീപദേശത്തുള്ള കുബേരനായ ഒരു പ്രഭുവിന്റെ കൊട്ടാരത്തിൽ കൊള്ള നടത്തി, അദ്ദേഹത്തിന്റെ അമൂല്യങ്ങളായ രത്നങ്ങൾ മോഷ്ടിക്കുന്നതോടുകൂടി ഈ തൊഴിലിൽനിന്നു പിന്മാറുവാൻ അവർ നിശ്ചയിച്ചു.

അവസാനത്തെ കവർച്ച.

ഒരു പരിപൂർണ്ണവിജയമായിരിക്കണം അതു്.

അപകടസാദ്ധ്യതകൾ വളരെയേറെ ഉണ്ടെന്നു് അവർക്കറിയാമായിരുന്നു അതവരിലെ ഉദ്വേഗം കത്തിജ്വലിപ്പിച്ചു. മുമ്പൊന്നുമില്ലാത്തവണ്ണം സമ്പൂർണ്ണമായ തയ്യാറെടുപ്പുകളുണ്ടായിരുന്നു ഇപ്രാവശ്യം. കൊള്ളയ്ക്കു ശേഷം രക്ഷപ്പെടുന്നവർ, തങ്ങളുടെ സമ്പാദ്യം സമമായി വീതിച്ചെടുക്കാനായിരുന്നു കരാർ.

ഒരമാവാസി രാത്രിയാണു് കൊള്ളയ്ക്കു തരഞ്ഞെടുത്തതു് അവസാനത്തെ കവർച്ച അവസാനത്തെ രാത്രി.

കൊട്ടാരപരിസരത്തുനിന്നു് വിളിപ്പാടകലെ വെച്ചു്, ആസൂത്രണം ചെയ്ത പരിപാടികൾ ഒന്നുകൂടി പരിശോധിച്ചു് ഉറപ്പുവരുത്തി. ഇനി പ്രവൃത്തിയിലേയ്ക്കു്.

കൊട്ടാരവാതിലിൽ പാതിയുറക്കത്തിലിരിക്കുന്ന പാറാവുകാരനെ ദൂരെനിന്നു തന്നെ കാണാമായിരുന്നു കൊള്ളത്തലവൻ മെല്ലെ പൊന്തക്കാടുകളുടെ മറപററി നടന്നു. കാവൽക്കാരന്റെ തൊട്ടുപിറകിൽ ചെന്നുനിന്നു് തോക്കിന്റെ പാത്തികൊണ്ടു് തലയ്ക്കൊരടികൊടുത്തു. ഒരു ശബ്ദംപോലുമുണ്ടാക്കാതെ ആ സാധു മരിച്ചു.

മുൻകൂട്ടി പറഞ്ഞതനുസരിച്ചു് അയാൾ വെളുത്ത കൈലേസെടുത്തു് മൂന്നുപ്രാവശ്യം വായിൽ വീശി. ഉടൻ മററു മൂന്നു ചരന്മാരും അടുത്തുവന്നു.

കൊള്ളത്തലവൻ പറഞ്ഞു:

ഈ നിറതോക്കുമായി ഞാനിവിടെ നില്ക്കാം. ജീവനോടെ ആരും ഈ പടിവാതിൽ കടന്നെത്തുമെന്നു് നിങ്ങൾ ഭയപ്പെടേണ്ട!

അനന്തരം അവരെ ഓരോരുത്തരെയായി ആശ്ലേഷിച്ചു് കൊള്ളത്തലവൻ ഉള്ളിലേക്കയച്ചു.

നടന്നുനടന്നു് അവർ ആഴമുള്ള കിടങ്ങിനടുത്തെത്തി നിറയെ കറുത്ത ജലം, പറഞ്ഞുനിശ്ചയിച്ചിരുന്നതുപോലെ അവരിൽ ഒന്നാമൻ കിടങ്ങിനിപ്പുറം കാവൽനിന്നു. മററു രണ്ടുപേരും കൂടി അയാൾ നീട്ടിയിട്ടുകൊടുത്ത ചരടും വലിച്ചു കിടങ്ങു നീന്തിക്കടന്നു. എന്നിട്ടു് കിടങ്ങിലേയ്ക്കു ചരിഞ്ഞുനില്ക്കുന്ന ഒരു മരക്കൊമ്പിൽ ചരടിന്റെ തുമ്പു് കെട്ടിവച്ചു. കൊള്ളമുതൽ വലിച്ചുകേററാനായിരുന്നു അതു്. കവർച്ച നടത്തി ക്ഷീണിച്ചുമടങ്ങി വരുമ്പോൾ ആ ഭാരവുമായി കിടങ്ങു് നീന്തിക്കടക്കുക ദുസ്സഹമാവുമല്ലൊ. കൊള്ളത്തലവന്റെ സൂക്ഷ്മതയോർത്തു് അവർക്കു് ബഹുമാനം തോന്നി.

ഒരു കൊള്ളത്തലവന്റെ കഥ

കിടങ്ങു നീന്തിക്കടന്നശേഷം രണ്ടുപേരും ശബ്ദമുണ്ടാക്കാതെ നടന്നു; കൊട്ടാരത്തിനു നേരെ.

പിൻവശത്തു തെക്കുകിഴക്കെ കോണിലുള്ള പ്രഭുവിന്റെ ഉറക്കമുറിയിലാണു് അമൂല്യങ്ങളായ രത്നങ്ങളുള്ള പേടകം സൂക്ഷിച്ചിട്ടുള്ളതെന്നു് അവർക്കറിയാമായിരുന്നു. മുൻ നിശ്ചയപ്രകാരം രണ്ടാമൻ ആ മുറിയുടെ ജനാലയ്ക്കരികെ കാവൽനിന്നു.

മൂന്നാമൻ കൊട്ടാരമുകളിൽ കയറി ഓടിളക്കി. ഉത്തരത്തിൽനിന്നു് ഉടുമുണ്ടു കെട്ടിത്തൂക്കി മെല്ലെ ഞാന്നിറങ്ങി. ശബ്ദമുണ്ടാക്കാതെ അലമാര തുറന്നു രത്നപേടകവും മററു വിശിഷ്ടസാധനങ്ങളും കൂട്ടുകാരന്നു ജനലിലൂടെ എടുത്തുകൊടുത്തു.

ഇനി ഉടുമുണ്ടിൽ തൂങ്ങി ഉത്തരത്തിലേക്കും പിന്നെ പുറത്തേക്കും രക്ഷപ്പെടണം. ഭദ്രമായടച്ച വാതിൽതുറന്നു് ശബ്ദമുയർത്തരുതല്ലൊ.

ഉടുമുണ്ടിൽ ഞാന്നു പകുതി ഉയരം എത്തിക്കാണണം പുറത്തുനില്ക്കുന്ന ആൾ, രണ്ടാമൻ, ജനൽവാതിൽ വലിച്ചടച്ചു. പ്രഭു ഉണർന്നു സേവകന്മാരുണർന്നു. ശബ്ദകോലാഹലങ്ങൾ എമ്പാടും മുഴങ്ങി

ആ ശബ്ദം കൊട്ടാരവാതില്ക്കൽ നില്ക്കുന്ന കൊള്ളത്തലവന്റെ കാതിലുമെത്തി: അയാളൊന്നു ചിരിച്ചു.

പ്രഭുവും പരിവാരങ്ങളും ഉണർന്നെന്നു് തീർച്ചയായപ്പോൾ ഒരുനിമിഷ പോലും പാഴാക്കാതെ കൊള്ളമുതൽ കൈവശമാക്കിയ രണ്ടാമൻ തിരിച്ചോടി. അകത്തെ ബഹളത്തിന്നിടയിൽ ആരുമയാളെ ശ്രദ്ധിച്ചില്ല.

ഓടിയോടി അയാൾ കിടങ്ങിന്നടുത്തുവന്നു.

ജോൺസ് ടി. എൽ.

കിടങ്ങിന്നിപ്പുറം ഒന്നാമൻ ജാഗ്രതയായിരിക്കുന്നതു കാണാം.

താമസിച്ചില്ല മരക്കാമ്പിൽകെട്ടിവെച്ചിരുന്ന ചരടഴിച്ചു് കൊള്ളമുതൽ അതിൽ പേർത്തു ബന്ധിച്ചു ഇക്കരനില്ക്കുന്ന ഒന്നാമൻ അതു കരയിലേക്കു വലിച്ചുകയററുമ്പോൾ, മറേറ ആൾ കിടങ്ങു് നീന്തിക്കടക്കുകയായിരുന്നു.

കൊള്ളമുതൽ കയ്യിലെത്തേണ്ട താമസം, അയാൾ കിടങ്ങിലെ തണുത്ത ജലത്തിലൂടെ നീന്തുന്ന രണ്ടാമനെ ലക്ഷ്യമാക്കി ഭാരമുള്ളൊരു കരിങ്കല്ലെടുത്തുരുട്ടിമറിച്ചു. കിടങ്ങിൽനിന്നു പൈശാചികമായൊരലർച്ച ഉയർന്നുപൊങ്ങി. കിട

(ശേഷം 72-ൽ)

പച്ചിലകളും തീവണ്ടിയും

പി. ടി. ഭാസ്കരപ്പണിക്കർ

തീവണ്ടിയുടെ എൻജിൻ കണ്ടുപിടിച്ച ജോർജ് സ്റ്റീഫൻസൻ ഒരു ചങ്ങാതിയോട് ചോദിച്ചു: "എങ്ങിനെയാണ തീവണ്ടി ഓടുന്നത് എന്നറിയാമോ?" സ്റ്റീഫൻസന്റെ എൻജിൻകാരണം എന്നായിരുന്ന ഉത്തരം. അതിന്ന സ്റ്റീഫൻസൻതന്നെ മറുപടി പറഞ്ഞു: "അല്ല. സൂര്യരശ്മികളെ ആയിരക്കണക്കിൽ വഷ്ങ്ങൾക്കുമുമ്പ വലിച്ചെടുത്ത പച്ചിലകൾ കാരണമാണ വണ്ടി ഓടുന്നത്."

തമാശയായിത്തോന്നുമെങ്കിലും, നമ്മുടെ ഭൂമിയിലെ എല്ലാ ജീവന്റേയും എല്ലാ ശക്തിയുടേയും കേന്ദ്രസ്ഥാനം പച്ചിലകളാണ്.

മറെറാരു ഇംഗ്ലീഷ് ശാസ്ത്രജ്ഞനായിരുന്ന പ്രീസ്റ്റ്ലി. ഇരുന്നൂറുവർഷം മുമ്പ് അദ്ദേഹം ചോദിച്ചു: "മനുഷ്യനും ജന്തുക്കളും എല്ലാം കാർബൺഡയോക്സൈഡ് വിട്ടും വായുമണ്ഡലത്തിൽ കാർബൺഡയോക്സൈഡിന്റെ തോത കുറയാതെനില്ക്കുന്നതെന്തുകൊണ്ടാണ?" ഒരു ബെൽജാറുകൊണ്ട മൂടിയ ഒരു ചുണ്ടെലിയെ ജനാലപ്പടിമേൽ വെച്ചു. കുറേക്കഴിഞ്ഞു നോക്കിയപ്പോൾ എലി ചത്തിരിക്കുന്നു. വീണ്ടും അതെ ബെൽജാറിൽ ഒരു ചുണ്ടെലിയോടൊപ്പം ഒരു വളരുന്ന ചെടിയും വെച്ചു—ചുണ്ടെലി ചത്തില്ല. ഇതിൽനിന്നെന്താണ നിങ്ങൾക്ക തോന്നുന്നത്?

പച്ചിലകൾ വായുമണ്ഡലത്തെ ശുദ്ധീകരിക്കുന്നതു പകൽസമയത്താണ്. വായുവിലെ കാർബൺഡയോക്സൈഡിനെ (CO_2) അതുപയോഗിക്കുന്നു. ഓക്സിജനെ പുറത്തേക്ക വിടുകയും ചെയ്യുന്നു. ഇതിനുള്ള പേരാണ പ്രഭാപചനം (ഫോട്ടോസിന്തസിസ്.) വെള്ളത്തിലുള്ള ഹൈഡ്രജൻ അണുക്കളിലെ ഇലക്ട്രോണുകളെമോചിപ്പിക്കലാണിതിന്റെ തുടക്കം; പിന്നീടപ്രോട്ടോണുകളും. ഇലക്ട്രോണും പ്രോട്ടോണും കാർബൺഡയോക്സൈഡുമായിച്ചേർന്ന് ഓക്സിജനെ അതിൽനിന്നു വേർതിരിക്കുന്നു. (അണുവിനുള്ളിലുള്ള ഈ കണങ്ങളാണ് ഇലക്ട്രോണും പ്രോട്ടോണും.)

എത്രകണ്ടു വെയിലിനെ പച്ചിലകളുപയോഗിക്കുന്നുണ്ടോ, അത്രയും ഭൂമിയിൽ ജീവിതം സുഖകരമാകും. വെള്ളം, കാർബൺഡയോക്സൈഡ്, ധാതുലവണങ്ങൾ എന്നീ (ഇനോർഗാനിക്ക്) വസ്തുക്കളിൽ നിന്നു ചെടികൾ പഞ്ചസാര, സ്റ്റാർച്ച് മുതലായ സങ്കീർണ്ണ (ഓർഗാനിക്ക്) വസ്തുക്കളുണ്ടാക്കുന്നു.

ആദ്യം ഇലകൾ തളിരിട്ടുന്നതു നോക്കിയിട്ടുണ്ടോ നിങ്ങൾ? ഇളംചുവപ്പുനിറത്തിലുള്ള കൂമ്പുകൾ വിടർന്നുവരുന്നതു കാണാം. പിന്നീടവ പച്ചനിറമുള്ളവയാകുന്നു. ആ പച്ചനിറം പരന്നിരിക്കുന്നു. ക്ലോറോഫിൽ എന്ന പദാർത്ഥമാണ് ഇലകൾക്ക പച്ചനിറം കൊടുക്കുന്നതു.

അപ്പോൾ ഒരു ചോദ്യം. എങ്ങിനെയാണ ചെടികൾക്ക് ഈ പച്ചനിറം കിട്ടിയതു? സസ്യപരിണാമത്തിന്റെ സവിശേഷതയാണതു, ശതലക്ഷക്കണക്കിൽ വഷ്ത്തെ സസ്യപരിണാമം സസ്യത്തിന്നാവശ്യമായതു. പലതും നിലനിത്തി; അനാവശ്യമായതു ഒഴിവാക്കുകയും ചെ

(ശേഷം 71-ൽ)

പാകിസ്ഥാനിക്കഥ

തുളസിച്ചെടി

അതു് ഒരു രണ്ടുനില കെട്ടിടമായിരുന്നു. സിമൻറുപാലത്തിൽനിന്നും ഏകദേശം നൂറുവാര അകലെ. അവർ ആ കെട്ടിടം കൈവശപ്പെടുത്തിയിരിക്കുന്നു. വിഭജനത്തിന്റെ ബഹളത്തിൽ അവർ ഉപയോഗിക്കാൻ കൊള്ളാവുന്ന ഇടം തേടി അലയുകയായിരുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ.

ഒരു ദിവസം അവർ ഈ കെട്ടിടം കണ്ടു. ആദ്യം ആശ്ചര്യപ്പെട്ടു നിന്നുപോയി. അതിനുശേഷം മുഴുവൻ സന്നാഹത്തോടുംകൂടി പൂട്ടും കെട്ടും കുത്തിത്തുറന്നു്, കോലാഹലത്തോടെ അകത്തു കടന്നു.

വൈകുന്നേരമായപ്പോഴേയ്ക്കും പട്ടണത്തിൽ മുഴുവൻ ഇതേക്കുറിച്ചു വാർത്ത പരന്നു. മറ്റു് ആളുകളും വരാൻ തുടങ്ങി.

പക്ഷേ, അവർ അഹംഭാവത്തോടെ ഉറച്ചുനിന്നു. ബുദ്ധിപൂർവ്വം തലച്ചോർ തണുപ്പിച്ചുകൊണ്ടു പറഞ്ഞു:

"നോക്കൂ...സാഹചര്യം. ഇതു ചെറിയ ഇരുട്ടുമുറിയിൽപോലും നന്നാലു കിടക്കകൾ വിരിച്ചുകഴിഞ്ഞിരിക്കുന്നു. തീരെ സ്ഥലമില്ല."

എന്നിട്ടു്, അവർ ആഗതരോടു് സഹാനുഭൂതി പ്രകടിപ്പിക്കാൻ തുടങ്ങി.

"സഹോദരാ, നിങ്ങളുടെ വിഷമം ഞങ്ങൾ മനസ്സിലാക്കുന്നുണ്ടു്. കാരണം ഞങ്ങളും ഈ ബുദ്ധിമുട്ടനുഭവിച്ചവരാണു്. പക്ഷേ, എന്തു ചെയ്യാൻ? നിങ്ങൾ കുറച്ചു മുൻപു വന്നിരുന്നെങ്കിൽ...ഇതാ....ഇപ്പോൾ, ഒരു രണ്ടു മണിക്കൂർ മുൻപാണു് ഒരു തടിച്ച മനുഷ്യൻവന്നു് ആ മുറി കൈവശപ്പെടുത്തിയതു."

തങ്ങളുടെ പഴയ സ്ഥലങ്ങളെക്കുറിച്ചോത്തപ്പോൾ സന്തോഷം തോന്നി. ആ ഇപ്പോഴുള്ള അസുഖമുണ്ടാക്കുന്ന സ്ഥലത്തു താമസിക്കണ്ടല്ലോ എന്നു് അവർ ഓർത്തു. ക്ഷയരോഗത്തെ ഭയപ്പെടേണ്ട ആവശ്യം ഇപ്പോഴില്ല. രസംപിടിച്ച ദിവസങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു.

മൊദാബ്ബേർ അല്പം കഴപ്പംപിടിച്ചയാളായിരുന്നു. ഒരു ദിവസം അയാൾ വേപ്പിൻകമ്പുകൊണ്ടു് പല്ലുതേച്ചു്, മുറ്റത്തു് ലാത്തുകയായിരുന്നു. പെട്ടെന്നു് അയാളുടെ കണ്ണുകൾ അടുക്കളയുടെ വലത്തുവശത്തു ചെന്നുതറച്ചു. അവിടെ ഇഷ്ടികകൊണ്ടു് നാലുവശവും കെട്ടിയ ഒരു തറ. അതിന്റെ മുകളിൽ ഒരു തുളസിച്ചെടി. തുളസിയുടെ ഇലകൾ വാടിക്കഴിഞ്ഞിരുന്നു. അതിന്റെ പച്ച ഇലകൾ കരുവാളിച്ചു കാണപ്പെട്ടു. അതിനുചുറ്റും പുല്ലു വളർന്നിട്ടുണ്ടു്.

വേപ്പിൻകമ്പു് വായിൽ നിന്നെടുത്തിട്ടു മൊദാബ്ബേർ ഉറക്കെ വിളിച്ചു. അയാളുടെ അലച്ചു് കേട്ടു് എല്ലാ ആളുകളും മുറ്റ

സയ്യദ് വലി ഉല്ലാഹ്

ഇതു് ഒത്തുകൂടി. അയാൾ ഉറക്കെയുറക്കെ പറഞ്ഞുകൊണ്ടിരുന്നു.

"തുളസിച്ചെടി! ഇതു് ഹിന്ദുത്വത്തിന്റെ അടയാളമാണു്. നമ്മളിരുന്നിടത്തോളം കാലം ഈ കെട്ടിടത്തിൽ ഹിന്ദുവിന്റെ ഒരടയാളവും രേഷ്ടിക്കാൻ പാടില്ല. ഇതു് പിഴുതെറിയൂ..."

എല്ലാവരും നടുങ്ങി. തുളസിച്ചെടി മൗനമായി എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.

ഹിന്ദുക്കളുടെ രീതികളും സമ്പ്രദായങ്ങളുമായി ഈ അടുത്തകാലത്ത് നല്ല പരിചയമില്ല. എങ്കിൽക്കൂടി ഹിന്ദുക്കളുടെ വീടുകളിൽ എന്നും വൈകുന്നേരം ഗൃഹനാഥ തുളസിത്തറയിൽ സന്ധ്യാദീപം തെളിയിക്കുമെന്നും, വസ്ത്രം കൊണ്ടു ശിരസ്സു മറച്ചു് നമസ്കരിക്കുമെന്നും കേട്ടിട്ടുണ്ടു്.

വസ്ത്രം കൊണ്ടു ശിരസ്സുമറച്ചു് സന്ധ്യാനമസ്കാരം നടത്തുന്ന ഒരു ഹിന്ദുസ്ത്രീയുടെ രൂപം അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടതുപോലെ തോന്നി.

—മൈതീനു് റെയിൽവേയിലായിരുന്ന ജോലി അയാൾ ആലോചിച്ചു: ഈ വീട്ടിലെ യജമാനത്തി എവിടെയായിരിക്കും ഒരുപക്ഷേ, കൽക്കത്തയിൽ, ആസൻബോലയിൽ, അല്ലെങ്കിൽ ഹവാഡയിൽ എവിടെയെങ്കിലും ആവട്ടെ. പക്ഷേ എല്ലാ സന്ധ്യകളിലും ഈ തുളസിത്തറയെ സ്മരിച്ചുകൊണ്ടു് അവരുടെ കണ്ണുകൾ നനയുന്നുണ്ടു്—

'മൈതീന്റെ' ചിന്തകളിൽ കുറിഞ്ഞ കണ്ണുകളുമായി നില്ക്കുന്ന സ്ത്രീയുടെ രൂപം തെളിഞ്ഞുവന്നു. അയാൾ പറഞ്ഞുപോയി—,'അവിടെ നിൽക്കട്ടെ നമ്മൾ അതു് പിഴുതെറിയേണ്ട കാര്യമില്ല. വീട്ടിൽ ഒരു തുളസിച്ചെടിയുള്ളതു് നല്ല കാര്യമാണു്. ജാതിദോഷത്തിനു് ഇവിടെ ഇലകളുടെ നീരു് ഉപകാരപ്പെടും. ഇന്നലെ ഒത്താട്ടു് 'യുനസിനു്' ജലദോഷം തുടങ്ങിയിട്ടുണ്ടു്.

മൊദാബ്ബേർ അങ്ങുമിങ്ങും നോക്കി എല്ലാവരുടേയും അഭിപ്രായം ഇതുതന്നെയാണെന്നു തോന്നി. അക്കൂട്ടത്തിൽ മൗലവിയിൽനിന്നാണു് കൂടുതൽ പ്രോത്സാഹനം ഉണ്ടാവേണ്ടതു്. നാലഞ്ചുപേരും 'തമാസു്' വായിക്കാം. ഖുറാനും. ഈ സമയത്തു് അദ്ദേഹവും നിശ്ശബ്ദനായി നില്ക്കുകയായിരുന്നു.

ഒരുപക്ഷേ, അയാളുടെ സങ്കല്പത്തിലും അതുതന്നെയെങ്കിലോ നമസ്കരിക്കുന്ന കണ്ണുകൾ തെളിഞ്ഞിരിക്കാം. എല്ലാവരും നിശ്ശബ്ദരായി നില്ക്കുന്നതുകണ്ടു്, 'മൊദാബ്ബേർ' ആയുധം താഴെവെച്ചു.

X X X X

ഒരു ദിവസം മൊദാബ്ബേർ പരിഭ്രമിച്ചു് ഓടിവന്നു പറഞ്ഞു:

"പോലീസു് വന്നു...പോലീസു് വന്നു!"

"എന്തിനു്?"—എല്ലാവരുടേയും മുഖത്തു് ഒരേ ചോദ്യം

കാരമതിൻ പുറത്തുവന്ന ഇൻസ്പെക്ടർ അയാളെ ഓർഡർ കേട്ടിക്കൊണ്ടു് പറഞ്ഞു:

"ഗവണ്മെന്റു് ഈ കെട്ടിടം കണ്ടുകെട്ടിയിരിക്കുകയാണു്. നിങ്ങൾ 2 മണിക്കൂറിനകം കെട്ടിടമൊഴിയണം."

അങ്ങനെ ഒരു ദിവസം അവരെല്ലാവരും കൂട്ടത്തോടെ പോയി.

ആ തുളസിച്ചെടി ഒരക്ഷരത്തിനു് മൂകയായി നിന്നു.

—o—

ഡിസംബർ 10-ാം തീയ്യതി മുൻപു് പുതിയ അംഗമായി ചേരുക പവൻമാറു്

സ്വർണ്ണാഭരണ സമ്പാദ്യ പദ്ധതി

ഏറ്റവും പുതിയ വ്യവസ്ഥകൾ

‡‡ 20 രൂപാ 10 രൂപാ പ്രകാരം 25 മാസങ്ങൾ തുടർച്ചയായി നിക്ഷേപിച്ചു് 500 രൂപാ 250 രൂപാ വിലയുള്ള പവൻമാറു് സ്വർണ്ണാഭരണങ്ങൾ സമ്പാദിക്കുവാൻ സാധിക്കുന്നു.

‡‡ ഏറ്റവും കൂടുതൽ പലിശ നൽകുന്ന ഈ പദ്ധതി പലിശ മുൻകൂർ നൽകുന്നതിനാൽ പലിശയ്ക്കുപലിശകൂടി നൽകുന്നു

‡‡ തവണകളുടെ പകുതിമാത്രം അടച്ചു് (10 രൂപാ 5 രൂപാ) അംഗമായി ചേരുവാൻ സാധിക്കുന്നു.

‡‡ പരിപൂർണ്ണ ഉത്തരവാദിത്വത്തിൽ പവൻമാറു് സ്വർണ്ണാഭരണങ്ങൾ മാത്രം വിതരണം ചെയ്യുന്നു.

ഏറ്റവും പുതിയ സമ്മാനങ്ങൾ

‡‡ എല്ലാ മാസവും 500 രൂപാ 250 രൂപാവീതം വിലയുള്ള പവൻമാറു സ്വർണ്ണാഭരണങ്ങൾ പ്രോത്സാഹനസമ്മാനങ്ങളായി നൽകുന്നു.

‡‡ സമ്മാനം ലഭിച്ചവർക്കു തുടർന്നുള്ള ബാക്കി തവണകൾ അടച്ചു കാലാവധിതീരുമ്പോൾ 500 രൂപാ 250 രൂപാ വീതം വിലയുള്ള സ്വർണ്ണാഭരണങ്ങൾ വീണ്ടും സമ്പാദിക്കുവാൻ സാധിക്കുന്നു.

‡‡ കൂടാതെ തുടർന്നുള്ള തവണകൾ അടയ്ക്കുന്നതായാൽ വീണ്ടും വീണ്ടും പ്രോത്സാഹനസമ്മാനങ്ങൾ നേടുവാൻ അർഹരാകുന്നു.

വ്യവസ്ഥകൾക്കും അപേക്ഷാഫാറത്തിനും ആവശ്യപ്പെടുക

കെ. പ്രഭാകരൻനായർ, ജ്യുവലേഴ്സ്

മെയിൻറോഡു്, കൊല്ലം. Phone: 3095

കവിത

പുതിയൊരു കവിനാരചനയിലങ്ങിനെ
കളകം വാന്ന മനസ്സോടെ

പല ഭവങ്ങളിലന്നുതിരുളിൽ
കലരും വാക്കുകൾ തേടുമ്പോൾ

ഒരുപിടി വെള്ളക്കടലാസരികിൽ
അരിയൊരു പാക്കർപേനയുമായ്

മുറിയിൽ ചാരുകസേരയിൽ രോഗാ-
തുരനെപ്പോലെ കിടക്കുമ്പോൾ

മിഴികളടച്ചു പതുക്കെ മനസ്സിൻ
മിഴികൾ തുറന്നു നടക്കുമ്പോൾ

ഒരു കിങ്ങിണിതൻ നാദം ഞെട്ടി-
ത്തിരയുമ്പോളതു നീയാണോ!

ചാരിയ കതകു തുറന്നു പതുക്കെ-
ച്ചാടിച്ചാടി നടന്നെത്തി

തൊണ്ടാ കൊച്ചു കരത്തിലൊതുക്കി
തുളികയും കടലാസുകളും

പേനയെടുത്തു വരച്ചു, മണ്ണിൽ
കാട്ടും പടവും, ചിരിതൂകി

അക്കടലാസു ചുരുട്ടിക്കൂട്ടി
മുക്കിലെറിഞ്ഞു കൈകൊട്ടി

വാരിപ്പുണരുവതെന്നെ ഞാൻ മടിയിൽ
താരാട്ടുമ്പോളോമ്മിച്ചു

നിസ്സീമമാമിപ്പുഞ്ചിരി വെല്ലാൻ
പ്രാപ്തിയുണ്ടോ കാവ്യങ്ങൾ!!

ഇയ്യങ്കോടു് ശ്രീധരൻ

*

ഇത് കുരിശുയുദ്ധമല്ല

പി. ഭാസ്കരനുണ്ണി

കുരിശുയുദ്ധം രണ്ടു മതവിഭാഗക്കാർ തമ്മിലായിരുന്നു. അതു് പുണ്യസ്ഥലത്തിനും പുണ്യസ്ഥലത്തു പ്രവേശിക്കുന്നതിനും വേണ്ടിയായിരുന്നു. ഫ്രാൻസിൽനിന്നും ജർമ്മനിയിൽ നിന്നും മതാവേശത്തോടെ ഈജിപ്തിലേയ്ക്കു കുതിച്ച നിഷ്ഠുരരായ അസംഖ്യം കുട്ടികളുടെ ദുരന്തമായ കഥ ഇന്നും ഞെട്ടലോടെയല്ലാതെ ഓർക്കാൻ വയ്യ.

ഇവിടെ, ഒരു വിഗ്രഹത്തിന്റെ പേരിൽ ഒരേ മതത്തിൽപ്പെട്ടവർ കലഹിച്ചു. രണ്ടു രാജ്യങ്ങൾ പിണങ്ങി. രണ്ടു രാജാക്കന്മാർ പിണങ്ങി. യുദ്ധത്തിന്റെ പടിവാതിലോളം ക്ഷോഭം മുട്ടിയലച്ചു. വാശിയിൽ ആരംഭിച്ചസംഘം, പല ദാരുണമായ കൊലയും ക്രൂരതയും മറ്റനേകം അനിഷ്ടസംഭവങ്ങൾക്കും ഇടയാക്കിയെങ്കിലും അത്യന്തം വിചിത്രമായി പര്യവസാനിച്ചുവെന്നതാണ് തമാശ.

കാലം: സുമാർ 380-ൽപ്പരം വർഷങ്ങൾക്കുമുമ്പ്.

കക്ഷികൾ: തിരുവിതാംകൂറും കൊച്ചിയും.

കാരണം: ഒരു ദേവവിഗ്രഹം.

ചരിത്രപശ്ചാത്തലം: കൊച്ചിയിൽ കച്ചവടത്തിനായെത്തിയ കൊങ്ങിണികൾക്ക് സഹായങ്ങൾ നൽകാൻ രാജാവു് മടിച്ചില്ല. അവർ മികച്ച വണിക്കുകളായി. ശക്തിയായി. അവർ ഒരു ക്ഷേത്രം നിർമ്മിച്ചു. അവിടെ തിരുമലദേവന്റെ ഒരു വിഗ്രഹം വിധിപ്രകാരം പ്രതിഷ്ഠിച്ചു. രാജകുടുംബത്തിന്റെ സഹായം അതിനുമുണ്ടായി കൊച്ചിയിലെ തിരുമലദേവസ്ഥത്തിന്റെ ഉത്ഭവം ഇതാണ്.

കാലത്തിന്റെ ക്രൂരമായ കളിയിൽ കൊച്ചി, ഡച്ചുകാരുടെ അധീനതയിലായി. സുശക്തരും വ്യവസായപ്രമുഖരും പരദേശികളുമായ കൊങ്ങിണിമഹാജനം ഡച്ചുകാരുടെ അധികാരം മാത്രം അംഗീകരിച്ചാൽ മതിയെന്ന് വിളംബരമുണ്ടായി. തന്ത്രശാലം, കൊങ്ങിണിസമുദായം രാജാവിനേയും രാജകുടുംബത്തേയും ആവുന്നിടത്തോളം ധിക്കരിച്ചു ജീവിച്ചു പെരുമ്പടപ്പുസ്വരൂപത്തിന് ഈ മാനഹാനി പൊറുക്കാമായിരുന്നില്ല. ക്രി. അ. 1772-ൽ രാജാവിനു് ഈ സമുദായത്തിനുമേൽ വീണ്ടും അധികാരം ലഭിച്ചെങ്കിലും, അതു് നാമമാത്രമായിരുന്നു. പിന്നീടും കൊങ്ങിണിമാർ രാജകുടുംബത്തിനു് ഇണ്ടൊരുണ്ടാക്കി. ഡച്ച് അധികാരികൾ ഇതൊന്നും കണ്ടില്ലെന്നു നടിച്ചു.

ഇനി കഥ:

1589-ൽ കുംഭകോണം മഠത്തിലെ ഒരു സ്വാമി, ഒരു ദേവവിഗ്രഹവുമായി കൊച്ചിയിൽ വന്നു. ഏതാനും മാസം കഴിഞ്ഞു പോകാനൊരുങ്ങുമ്പോൾ അസുഖം. ജ്യോത്സ്യനെത്തി, പ്രശ്നംവച്ചു. വിഗ്രഹത്തിനു് കൊച്ചിവിടാൻ മനസ്സില്ല വിഗ്രഹം ഉപേക്ഷിക്കാൻ സ്വാമിയും ഒരുക്കമല്ല —സ്വാമി ഒരു നിർദ്ദേശംവച്ചു: ഒരു താലത്തിൽ വിഗ്രഹം വയ്ക്കുക. വിഗ്രഹവിൽക്കാശു് (പഴയ ഒരു നാണയം) ചൊരിഞ്ഞുമൂടുക. ആ വിൽക്കാശുകൊണ്ടു് സ്വാമി തൃപ്തിപ്പെട്ടാൽ.

വിൽക്കാശു ചൊരിയുന്തോറും വിഗ്രഹം ഉയർന്നുവന്നു ഒന്നു വ്യക്തമായി: വിഗ്രഹത്തിനു് കൊച്ചിവിടാൻ മനസ്സില്ലാത്തപോലെ, സ്വാമിയെ കൈവെടിയാനും മനസ്സില്ല സ്വാമിക്കു് തിരുമലദേവസ്വത്തിൽ ചില അവകാശങ്ങൾ നൽകി, കാര്യം ഒത്തുതീർപ്പാക്കി. പഴയ വിഗ്രഹത്തിന്റെ സ്ഥാനത്തു് പുതിയ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടു. ഈ പ്രതിഷ്ഠ 1589-ലാണ്.

അന്നുമുതൽ കൊച്ചിക്കു് ഐശ്വര്യവും സമൃദ്ധിയും വർദ്ധിച്ചു. പുതിയ വിഗ്രഹത്തിന്റെ അനുഗ്രഹമാണു കാരണമെന്നു് എല്ലാവരും ഒരുപോലെ വിശ്വസിച്ചു. 1719-വരെ ഭംഗമില്ലാതെ നിത്യപൂജ നടന്നു. ആ ആണ്ടു്, ഒരു ദിവസം ശാന്തിക്കാരൻ നടയുറന്നപ്പോൾ വിഗ്രഹം കാണാനില്ല. ഭക്തന്മാർ അന്ധാളിച്ചു.

കടപ്പുറത്തുനിന്നു് വിഗ്രഹം ആക്കോ കിട്ടി. വിലപിടിപ്പുള്ള ഒരു സാധനമാണെന്നുകണ്ടു്, അയാൾ അതു ഡച്ചുഗവർണ്ണരെ ഏല്പിച്ചു. സ്വർണ്ണവും വെള്ളിയും മറ്റും ചേർത്തു് കലാവിരുതോടെ നിർമ്മിച്ച ആ കൗതുകസാധനം ഗവർണ്ണർ തന്റെ കുട്ടികൾക്കു കളിക്കാൻ കൊടുത്തു.

വിഗ്രഹം വന്ന ദിവസം മുതൽ ഗവർണ്ണരുടെ ഭാര്യയ്ക്കു് ആന്ത്രവേദന കൂടി. ഈ വിഗ്രഹമാണു കാരണമെന്നായി, കഥയറിഞ്ഞ വൈദ്യൻ. ഗവർണ്ണർ അതു് വൈദ്യനു കൊടുത്തു. വൈദ്യൻ നായരായിരുന്നു. സ്വന്തം വീട്ടിൽ അതു് പരമരഹസ്യമായി വളരെനാൾ സൂക്ഷിച്ചു. അപ്പോൾ പിന്നെയും അപകടം. അവിടെയും രോഗമൊഴിഞ്ഞ നേരമില്ല. മനസ്സില്ലാമനസ്സോടെ വൈദ്യൻ, അവസാനം ദേവസ്വം അധികാരികളെത്തന്നെ വിഗ്രഹം ഏല്പിച്ചു.

വിഗ്രഹം, വിശേഷാൽ കർമ്മവിധികളോടെ പുനഃപ്രതിഷ്ഠിക്കപ്പെട്ടു

വർഷം 1791. നാടുവാഴുന്ന മഹാരാജാവുതിരുമനസ്സിന്റെ തിരുമാസ അടിയന്തിരം. തുപ്പുണിത്തുറ വെച്ചാണു് അതു ഘോഷിക്കുന്നതു്. എങ്ങും തിരക്കിട്ട ശ്രമം. ആവശ്യത്തിനുള്ള പഞ്ചസാരയ്ക്കു്, മഹാരാജാവു് ദേവസ്വം അധികാരികൾക്കു കല്പന അയച്ചു. അവരുടെ കൈയാണല്ലോ മൊത്തവ്യാപാരം. അവർ ബുദ്ധിശാലികളായിരുന്നു. മഹാരാജാവിനു പഞ്ചസാര വില്ലാൻ പാടില്ല. തിരുമുൽക്കാഴ്ചയായി അടിയറവയ്ക്കുകയാണു്. വിലകിട്ടില്ല അഭിമാനികളായ കൊങ്ങിണികൾ മഹാരാജാവിന്റെ കല്പനയെ നിരസിച്ചു. രാജാവു കോപംകൊണ്ടു ചുവന്നു. വിറച്ചു. സ്വന്തം രാജ്യത്തിൽ അവമതി!—

ദേവസ്വംഅധികാരികളിൽ പ്രധാനിയായ ദേവരേശക്കിണി, മികച്ച ജവുളിവ്യാപാരിയാണു്. പട്ടാളക്കാർ കടയിലെത്തി പട്ടു് ആവശ്യപ്പെട്ടു. വിശേഷപ്പെട്ട പട്ടകൾ എടുത്തുകാണിക്കുന്നതിനിടയിൽ അവർ അയാളുടെ കഴുത്തറുത്തു.

ദേവരേശക്കിണിയുടെ തല, പട്ടിൽ പൊതിഞ്ഞു മഹാരാജാവിനു് അവർ തിരുമുല്കാഴ്ചയായി സമർപ്പിച്ചു. തിരുമനസ്സിനു സന്തോഷം!...

പട്ടാളക്കാരും നാട്ടുകാരും ഈ അവസരം നല്ലതുപോലെ പ്രയോജനപ്പെടുത്തി. കൊങ്ങിണിമാരുടെ വസ്തുവകകളും ക്ഷേത്രവും കൊള്ളയടിച്ചു പലരേയും നിഷ്ഠുരമാംവിധം വധിച്ചു. ആരോ ഇതിനകം, തിരുമലദേവന്റെ ശ്രീയുള്ള വിഗ്രഹം തിരുവാഭരണങ്ങളോടുകൂടി കവച്ചെയ്യ കളി, മഹാരാജാവിനോടു നന്നല്ല.

വിഗ്രഹം മോഷ്ടിച്ചുകൊണ്ടുപോകുന്നതു ഡച്ചുകാർ കണ്ടു. വിഗ്രഹം കൊങ്ങിണികൾക്കു പ്രിയപ്പെട്ടതും വിലപ്പെട്ടതുമാണു്. അതു് രാജാവിന്റെ കൈക്കലാകിട്ടിയാൽ എന്താ രക്ഷ?—രാജാ പ്രത്യക്ഷദൈവതം!— പ്രത്യക്ഷദൈവത്തിനു്, ദൈവവിഗ്രഹം നിസ്സാരമാണു്. അവർ തന്ത്രപൂർവ്വം വിഗ്രഹം വള്ളംവഴി ചെല്ലാനത്തേയ്ക്കു കടത്തി തിരുവിതാംകൂർ മഹാരാജാവിന്റെ സമ്മതത്തോടെ അവിടെനിന്നും ആലപ്പുഴയ്ക്കെത്തിച്ചു. ആലപ്പുഴയിലുള്ള ഒരു അഗ്രശാലയിൽ പ്രത്യേകം സ്ഥാനം നിശ്ചയിച്ചു പൂജാദികർമ്മങ്ങൾ നടത്തി അതു സൂക്ഷിച്ചു.

കൊങ്ങിണിസമുദായത്തോടു കൊച്ചി രാജാവു കാണിച്ച അക്രമം ഡച്ചുകാർക്കു രസിച്ചില്ല. ഡച്ചുകാരും രാജാവുമായി ഇതിന്റെ പേരിൽ വാക്കേറ്റം നടന്നു. അന്യോന്യം യുദ്ധംചെയ്യാൻ പടയൊരുക്കവും തുടങ്ങി ഇംഗ്ലീഷ് കമ്പനിയുടെ പ്രതിനിധി മാദ്ധ്യസ്ഥം വഹിച്ചു, ഇരുകൂട്ടരേയും ഒടുവിൽ ശാന്തരാക്കുകയാണുണ്ടായതു്.

ഡച്ചുകാരുടെ ശക്തി ദുർബ്ബലപ്പെട്ടതുടങ്ങി. അവിടെ ഇംഗ്ലീഷുകാർ കൊടികുത്തി. സങ്കീർണ്ണമായ ഈ സംഘർഷങ്ങൾക്കിടയിൽ വിഗ്രഹത്തിന്റെ കാര്യം

(ശേഷം 73-ൽ)

ചെറുകഥ

ലളിതാരാമചന്ദ്രൻ

ഇറാനി ഹോട്ടലിലെ ഇരുളടഞ്ഞ മൂലയിൽ. വീപ്പുമുട്ടൽ. മിന്നുകയും കെട്ടുകയും ചെയ്തുകൊണ്ടിരിക്കുന്ന ട്യൂബ്‌ലൈറ്റ്, പ്രവർത്തിക്കാത്ത പങ്ക.

മേശപ്പുറത്ത കൈമുട്ടുകൾ ഊന്നി തലതാഴ്ത്തിയിരുന്ന.

വാതിലിൽ മുട്ട്.

ഹാഫ്‌ഡോർ തുറന്ന് മലയാളിവെയ്റ്റർ അകത്തുകടന്നു ചോദിച്ചു.

"എന്താ കൊണ്ടരേണ്ടേ?"

"രണ്ടു കോള ബിസ്സുറും."

"ബിസ്സോത്ത് ഉപ്പുള്ളതോ, മധുരിക്കണതോ?"

ഒരു നിമിഷം അവളുടെ മുഖത്തേയ്ക്ക് നോക്കിയിരുന്നശേഷം അയാൾ പറഞ്ഞു.

"മധുരമുള്ളത്."

"സരി."

വെയ്റ്റർ പുറത്തുകടന്നു വാതിൽ ചേർത്തടച്ചു.

"സുഖമില്ലേ?"

ഒന്നുമില്ലെന്നു അവൾ തലയാട്ടി.

"പിന്നെ ഈ വല്ലായ്മ?"

കണ്ണുകൾ ഉയർത്തി അയാളെ നോക്കിക്കൊണ്ടവൾ പതിഞ്ഞസ്വരത്തിൽ പറഞ്ഞു: "എനിയ്ക്കൊന്നുമില്ല."

അയാളുടെ മുഖം ചിരികൊണ്ടു വിടർന്നു. അവളുടെ ഉള്ളിൽ മിന്നൽപ്പിണരുകൾ സൃഷ്ടിച്ചുകൊണ്ട്.

കണ്ണിമയ്ക്കാതെ അവൾ ആ മുഖത്തേയ്ക്ക് നോക്കിയിരുന്നു.

നിന്റെ ഈ ചിരി എന്റെ രക്തത്തിലെ ലോഹിതാണുക്കളായി, ശ്വേതാണുക്കളായി. നിന്റെ സ്വരം എന്റെ ഹൃദയത്തുടിപ്പുകളായി. എന്നിൽ അലിഞ്ഞുചേർന്നു, നീ. ഞാൻ ഞാനല്ലാതായി. ഞാൻ നീയായി.

വീണ്ടും വാതിൽക്കൽ മുട്ട്.

രണ്ടു ഗ്ലാസുവെള്ളം വെയ്റ്റർ മേശപ്പുറത്തു വെച്ചു. രണ്ടു കൊക്കോകോളയും പ്ലേറ്റുകളിൽ ബിസ്സുറും.

വെയ്റ്റർ ചോദിച്ചു:

"ഇനീം വല്ലതു?"

"ഒന്നും വേണ്ട. വിളിക്കാം."

"സരി."

വാതിൽ വീണ്ടും അടഞ്ഞു.

വിയർപ്പുകൊണ്ടു നനഞ്ഞൊട്ടിയ ഷർട്ടഴിച്ച് അയാൾ കസാലയിൽ ഇട്ടു.

അവളുടെ കൈത്തലം അയാളുടെ കൈകളിൽ ഞെരിഞ്ഞമർന്നു. അയാളതു് അധരങ്ങളിൽ ചേർത്തു.

തടിച്ചു നിളംകുറഞ്ഞ വിരലുകൾ. അവൾ ആ വിരലുകളിൽ പതുക്കെ തടവി.

കൊക്കോകോളയുടെ കുപ്പികൾ ഒരു വശത്തേക്കു നീക്കിവച്ചു് ഒരു ബിസ്സുറെടുത്തു് അയാൾ അവളുടെ നേരെ നീട്ടി. അവൾ കൈനീട്ടിയപ്പോൾ അയാൾ ബിസ്സുറ് അവളുടെ വായിൽ വെച്ചു ഒരു ചെറിയ കഷ്ണം കടിച്ചെടുത്തു. ബാക്കി അയാൾ തന്റെ വായിലിട്ടു.

വായിലെ ബിസ്സുറുതുണ്ടു് ചവയ്ക്കുണമെന്നുപോലും അവൾക്കു തോന്നിയില്ല.

അതിനു മുമ്പത്തെ പ്രാവശ്യം അവളുടെ ഒരുമിച്ചുവന്ന രംഗം അവളുടെയുള്ളിൽ തെളിഞ്ഞു.

രണ്ടുദിവസം ജോലിയ്ക്കുവരാൻ സാധിക്കാതിരുന്നതിനുള്ള കാരണത്തെക്കുറിച്ചു് അയാളുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു അവൾ.

കൂട്ടുകാരിയുടെ വക്കീലിനെ കാണാൻ പോയ കാര്യം. അയാൾക്കൊട്ടും പിടിച്ചില്ല.

പുരുഷൻ നിറഞ്ഞുളുമ്പുന്ന സ്വരത്തിൽ അയാൾ പറഞ്ഞു: "സമുദായസേവനം— എന്താ?"

അതിന്റെ പിറകേന്നു നല്ല സുഖമില്ലാത്ത കാരണത്താൽ വീട്ടിൽനിന്നും പുറത്തിറങ്ങിയില്ലെന്നു പറഞ്ഞതു് അയാൾ വിശ്വസിച്ചില്ല.

അയാളുടെ സ്വരവും ഭാവവും അവളിൽ എന്തെന്നില്ലാത്ത അസ്വസ്ഥതയുളവാക്കി. പേരുപറയാനറിയാത്ത വികാരങ്ങളുടെ തള്ളിക്കയറ്റം നിമിത്തം തുടരെന്തെങ്കിലും പറയാനവൾക്കു സാധിച്ചില്ല.

അപമാനബോധം ഉള്ളിലുളവാക്കിയ ക്ഷോഭത്തിന്റെ ആധിക്യം നിമിത്തം കണ്ണുകൾ നിറഞ്ഞു

സത്യം പറയുമ്പോൾ പച്ചക്കള്ളമാണെന്നു വിശ്വസിക്കുന്ന ആ മനുഷ്യനെ വെറുക്കാനവൾ ഒരു ശ്രമം നടത്തി.

എന്നിട്ടോ?

പിറേറദിവസം പതിവുസമയം കഴിഞ്ഞിട്ടും അയാളുടെ സ്വരം കേട്ടില്ല. കണ്ണുകൾ ഫോണിൽ. ഒരുതരം പ്രാവശ്യം മണിയടിക്കുമ്പോഴും ആകാംക്ഷ നിറഞ്ഞ അവളുടെ നോട്ടം. തനിയ്ക്കില്ലെന്നറിയുമ്പോഴത്തെ നിരാശ ചെയ്യുന്നതിനുള്ള ജോലി. ഉച്ചഭക്ഷണത്തിന്റെ പൊതി പൂർണ സസന്തോഷം ഏറ്റുവാങ്ങി.

മൂന്നുമണിയായപ്പോൾ സഹപ്രവർത്തകരുടെ എഴുന്നേറ്റു ഫോൺ ഡയൽ ചെയ്തു.

"ഹലോ" ആ സ്വരം.

"കാത്തിരുന്നു എന്റെ ക്ഷമയറ്റുപോയി."

എന്തേ വിളിക്കാഞ്ഞതു്?"

"വിളിയ്ക്കുണ്ട ആവശ്യമുണ്ടെന്നു് തോന്നിയില്ല."

എന്തു പറയണമെന്നവൾക്കറിയില്ലായിരുന്നു.

"സോഷ്യൽ വർക്കേഴ്സിനെ വിളിച്ചു ബുദ്ധിമുട്ടിക്കുന്നതു് ശരിയല്ലല്ലൊ എന്നു കരുതി."

പുരുഷൻ നിറഞ്ഞ ശബ്ദം.

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം അവൾ പറഞ്ഞു:

"ആ വിശേഷണം എന്റെ പേരിനോട്ട് കൂട്ടിച്ചേർത്തത് ഞാനല്ല, നിങ്ങൾ തന്നയല്ലെ? വളരെയടുപ്പമുള്ള ഒരു കൂട്ടുകാരിയെ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ഒന്നു സഹായിച്ചാൽ അതു് അത്രവലിയ സമുദായസേവനം ആകുമോ?"

മറുപടിയില്ല.

"എനിയ്ക്കൊന്നു കാണണം."

"അതു്...—പിന്നെ, നാം തമ്മിൽ കാണാതിരിക്കുകയല്ലേ നല്ലതു്? സമുദായസേവനത്തിനുള്ള വിലപിടിച്ച സമയം എന്തിന്നു് വെറുതെ കളയണം?"

"നിശ്ചയിച്ചുവോ?"
"ഉവ്വ്."
"ശരി"

ഫോൺ പെട്ടെന്നു് താഴെവെച്ചു അവൾ. വികാരക്ഷോഭം മററാരും കാണാതിരിയ്ക്കുവാൻ തൂവാലകൊണ്ടു് മുഖം അമർത്തിത്തുടച്ചുകൊണ്ടു് അവൾ ക്ലോക്ക്റൂമിലേയ്ക്കു നടന്നു.

ഇന്നു കാലത്തു് ചിരിച്ചുംകൊണ്ടു് മുമ്പിൽ നില്ക്കുന്നു. ഹൃദയത്തിലെ പടഹധ്വനി അടുത്തുനില്ക്കുന്നവർക്കു കേൾക്കാവുന്നത്ര ഉച്ചത്തിലായി.

"സോഷ്യൽ വർക്കർ എന്തു പറയുന്നു?"

കഴിഞ്ഞ നാലഞ്ചു ദിവസമായി ഉള്ളിൽ നടക്കുന്ന കൊടുങ്കാററിന്റെ ശക്തിയും അതുനിമിത്തമുള്ള ക്ഷീണവും മുഖത്തു് പ്രത്യക്ഷമായിരുന്നു. വിളറിയ മുഖം. ഉറങ്ങാത്തതു നിമിത്തം കുണ്ടിൽ പോയ കണ്ണുകൾ. വരണ്ട ചുണ്ടുകൾ.

ഒന്നും മിണ്ടാതെ നിന്നു.

ചെയ്യേണ്ട ജോലി ഏല്പിച്ചശേഷം പതുക്കെ പറഞ്ഞു: "വൈകുന്നേരം—യിൽ കാണണം."

ആ ചിരി.

കണ്ണുകളിലെ കുസൃതിയുടെ തിളക്കം.

അങ്ങിനെ ഇന്നു് വീണ്ടും ഇവിടെ—

ഈ ഇരുളടഞ്ഞ മുറിയിൽ,

ശ്വാസം മുട്ടിക്കുന്ന അന്തരീക്ഷത്തിൽ.

ഇംഗ്ലീഷ് പഠിക്കാം S. S. L. C. ജയിക്കാം

ഏ. ബി. സി. മുതൽ മുകളിലോട്ട് ഇംഗ്ലീഷ് പഠിക്കാം. ഹൈസ്കൂളിൽ ഇടയ്ക്കുവച്ചു പഠിത്തം നിർത്തിയവർക്കു പ്രൈവാററായി S. S. L. C. ജയിക്കാം. പ്രാസ്പക്ടെസ്സിന് ഒരു രൂപാ സ്റ്റാമ്പയയ്ക്കുക.

കേംബ്രിഡ്ജ് കാളേജ്,
കൈതമുക്ക്,
തിരുവനന്തപുരം-1.

പത്രലേഖകൻ

നല്ല പത്രലേഖകനാകാൻ

പരിശീലനം—തപാലിൽ
മലയാളത്തിൽ

INSTITUTE OF JOURNALISM
ALLEPPEY-1 (Kerala)

അയാളുടെ നെഞ്ചിൽ അവൾ തല ചായ്ച്ചു.

എന്റെ എല്ലാം അപഹരിച്ചശേഷം നീ എനിയ്ക്കു തന്നതു്—

ആ മന്ദഹാസം.

എന്നെ എന്നിൽനിന്നുതന്നെ തട്ടിപ്പറിച്ചെടുത്ത ആ മന്ദഹാസം.

എന്റെ നേട്ടം.

—o—

സാഹിത്യവാരഫലം

എന്റെ മുൻപിൽ ഒരു ദർശനം. അറേബ്യൻസമുദ്രത്തിനുള്ളു കിടക്കുന്ന തിരുവനന്തപുരം നഗരം. ആളുകൾ നിന്നുതിങ്ങുന്ന ബസ്സുകൾ, കാബേജ് ചീയുന്ന ചന്ത, സ്ഥിരം സത്യാഗ്രഹവേദിക്കു പിന്നിൽ തളരുന്ന സെക്രട്ടേറിയറ്റ്, അതിന്റെ മുൻപിൽ തിളങ്ങുന്ന പ്ലാസ്റ്റിക് വാണിഭപ്പാതകൾ കുന്നിൽ പിടയുന്ന ആശുപത്രി, തോണികൾ മണ്ണിൽ പണിമുടക്കുന്ന കടപ്പുറം. അങ്ങനെ പലതും. അവയിലാകെ കന്നിമഴ വർഷിക്കുന്നു. ജീർണ്ണിച്ച ഈ നഗരത്തിലെ തീവണ്ടിയാപ്പീസിൽ കവി എത്തിയിരിക്കുന്നു, സുഹൃത്തിനെ വണ്ടികയററി അയയ്ക്കാൻ. ആ സുഹൃത്തു് തിരിച്ചെത്തുമോ? എന്തുമ്പോൾ ഈ നഗരമുണ്ടായിരിക്കുമോ? കവിതന്നെ ഇവിടെ കാണുമോ? തീവണ്ടി നീങ്ങി, കന്നിമഴയിൽ കുതിന്നുകൊണ്ടുതന്നെ. ഇതാ ഇവിടെ ഇനിയൊന്നുമില്ല. ഒടുവിലുള്ളതു് കന്നിമഴയും മഴപോലെ പെയ്യുന്ന ശൂന്യതയും ശൂന്യതയാൽ നിറയാതെനിന്നു വിങ്ങുന്ന പാവമായ നിമിഷവും. ശ്രീ. എൻ വി. കൃഷ്ണവാര്യർ എന്റെ മുൻപിൽ ആവിഷ്കരിച്ച ഈ ദർശനം മാഞ്ഞുപോകാതെ നില്ക്കുന്നു. ഈ ജീർണ്ണതകണ്ടു് ഞാൻ ഞെട്ടുന്നു, ഇവിടത്തെ ദുഃഖവും ശൂന്യതയും കണ്ടു് ഞാൻ പിടയുന്നു. പക്ഷേ, ആ ഞെട്ടലും പിടയലും കവിതയിൽനിന്നു ലഭിക്കുന്നതുകൊണ്ടു് എനിക്കു് അസ്വസ്ഥതയില്ല. ശ്രീമതി സുഗതകുമാരിയുടെ "നീർക്കിളി"യാണു് ഞാൻ അടുത്തകാലത്തു വായിച്ച ഏററവും നല്ല കവിത. അതിനു ശേഷം ഞാൻ വായിച്ച ഏററവും നല്ല കവിതയാണു് ശ്രീ എൻ. വി. കൃഷ്ണവാരിയരുടെ "കന്നിമഴ" (മാതൃഭൂമി). ഞാനിതെഴുതുന്നതു് രാത്രിയിലാണു്. ഇപ്പോൾ മഴയില്ല. നക്ഷത്രം നിറഞ്ഞ ആകാശം. ഈ അവസരത്തിൽ കാമുകൻ കാമുകിയുടെ നെഞ്ചിൽ തലവച്ചു് ഉറങ്ങുകയായിരിക്കും. ആ ഉറക്കത്തിലും അയാൾ അവളുടെ ഹൃദയസ്പന്ദങ്ങൾ കേൾക്കുന്നുണ്ടാവും. അവളുടെ പ്രേമാഗ്നിയുടെ ചൂടു് അറിയുന്നുണ്ടാവും. എന്നിട്ടും ഞാൻ. നക്ഷത്രത്തിന്റെ ഭാഗി കാണുന്നില്ല. പ്രേമത്തിന്റെരാമണീകം ദർശിക്കുന്നില്ല എൻ. വി. കൃഷ്ണവാര്യർ ചിത്രീകരിച്ച ജീർണ്ണത, ശൂന്യത, വിഷാദം എന്നിവയുടെ ശക്തിക്കു് അടിമപ്പെട്ടുപോകുന്നു. തിരുവനന്തപുരം നഗരമേ നിന്നെ ഞാൻ കാണുമ്പോൾ പ്രകമ്പനം കൊള്ളുന്നു. നീ ഒററയ്ക്കല്ലല്ലോ. വിശാലമായ ലോകത്താണല്ലോ നീയും. ആ ലോകത്തിന്റെയാകെയുള്ള ജീർണ്ണതയല്ലേ നിന്നിലും കാണുന്നതു്! എനിക്കൊരു അസുലഭദർശനവും അസുലഭവിചാരവും പ്രദാനം ചെയ്ത കവിക്കു ഞാൻ നന്ദിപറയുന്നു.

x x x x
x x x x

ആർക്കും മനുഷ്യസ്വഭാവത്തെക്കുറിച്ചു്

അസുലഭദർശനങ്ങൾ, അസുലഭവിചാരങ്ങൾ

മെററുപററാതിരിക്കട്ടെ. ആരും ആരുടെ കഷ്ടപ്പാടിലും ദുഃഖിക്കുന്നില്ല. സ്വാർത്ഥതാൽപര്യത്തിൽക്കവിഞ്ഞു് ഇവിടെ എന്തിരിക്കുന്നു? കഷ്ടപ്പാടു പോകട്ടെ മരണത്തിൽപ്പോലും സ്ഥിതി അതുതന്നെ. മരണം നടന്ന വീട്ടിൽ ആളുകൾ അന്വേഷിച്ചുപോകും സഞ്ചയനത്തിനു സമയത്തിനു മുൻപുതന്നെ എത്തും. പുലകുളിക്കും റഡി പക്ഷേ, വെറുമൊരു ചടങ്ങു് എന്നല്ലാതെ വേറെ ഒന്നുംതന്നെ ഈ സന്ദർശനങ്ങളിൽ ഇല്ല വ്യക്തിബന്ധങ്ങൾക്കു് ഉലച്ചിൽ തട്ടിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അടുത്ത ബന്ധുക്കളുടെ മരണം

എം കൃഷ്ണൻനായർ

പോലും മററുബന്ധുക്കളെ സ്പർശിക്കുന്നില്ല. നല്ല കഥാകാരനായ ശ്രീ: പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ "എന്നെ ശ്മശാനത്തിലേക്കു നയിക്കുന്ന ഞാൻ" എന്ന ചെറുകഥ വായിച്ചുനോക്കുക (മലയാളനാട്ട്). ഇവിടെ വിശദമാക്കിയ സ്നേഹമില്ലായ്മയെ, കാപട്യത്തെ അദ്ദേഹം എങ്ങനെ ആലേഖനം ചെയ്യുന്നുവെന്നു നമുക്കു മനസ്സിലാക്കാം. കഥയുടെ പര്യവസാനം അതിന്റെ ആരംഭംപോലെ മധ്യംപോലെ ഹൃദയഹാരിയായില്ല. അങ്ങനെ ആയിരുന്നെങ്കിൽ ഇതൊരു മനോഹരമായ കഥയാകുമായിരുന്നു.

പറയാനുള്ളതു് "നേരേ ചൊവ്വേ" പറഞ്ഞാൽ ചെറുകഥയാവുകയില്ലെന്നാണു് പലരുടെയും വിചാരം. അവർ എഴുതുന്ന ഒരു കഥയിലും കർത്തൃപദം കാണുകയില്ല. ആരെ ഉദ്ദേശിച്ചാണു് എഴുതുന്നതു് എന്തുദ്ദേശിച്ചാണു് എഴുതുന്നതു് എന്നൊന്നും വ്യക്തമാകുകയില്ല. ഞാനൊരു ഉദാഹരണം നല്കട്ടെ:-

"വയലിൽക്കൂടെ നടക്കുകയാണു്. നഖത്തിന്റെ വെണ്മയിൽ കറുപ്പു്. ചെളിയുടെ ക്രൂരത. കാലിലെ രോമങ്ങളിൽ ഒരു കിരുകിരുപ്പു്. വീശുന്നുണ്ടു് കൈ. ഒരു ശബ്ദം. പാറിപ്പറക്കുന്ന വസ്ത്രം. അതിലും വീഴുന്നു കൈ. പുല്ലുകൾ തലയാട്ടുന്നു. ഇതുപോലെ തലയാട്ടുന്ന എത്ര കുഞ്ഞുങ്ങൾ! പുല്ലുകളും രോമങ്ങളും ചേർന്നപ്പോൾ വീണ്ടും ഒരു കിരുകിരുപ്പു്. എന്റെ കുട്ടി! നിന്നെ ഞാൻ സ്മരിച്ചില്ലേ. നല്ലതു് കുട്ടീ നല്ലതു്."

ഇങ്ങനെയാണു് പല കഥാകാരന്മാരും എഴുതുന്നതു്. അവർ ഉദ്ദേശിച്ചതു് എന്തെന്നോ? അതു് ഞാൻ നേരെ എഴുതാം

"അയാൾ വയലിലൂടെ നടന്നു. അപ്പോൾ ചെളി ചവിട്ടി. അയാളുടെ നഖമാകെ കറുത്തു. പെട്ടെന്നു് കാലിൽ ഏതോ ജീവി കടിച്ചു. വല്ല വിട്ടിലോ മറേറാ ആയിരിക്കാം. കാററത്തു് ഇളകുന്ന വസ്ത്രം ഒതുക്കിക്കൊണ്ടു് വേദനയുണ്ടായ ഭാഗത്തു് അയാൾ ആഞ്ഞൊരടി അടിച്ചു. അങ്ങനെ ആ മനുഷ്യൻ നടക്കുമ്പോൾ കാറേററു് പുല്ലുകൾ ആടുന്നുണ്ടു്. ആ കൊച്ചുപുല്ലുകളെ കണ്ടപ്പോൾ അയാൾ സ്വന്തം കുട്ടികളെ ഓർമ്മിച്ചുപോയി, ആ സ്മരണയോടുകൂടി മുന്നോട്ടു പോകുമ്പോൾ പുല്ലുകൾ അയാളുടെ കാലിലെ രോമങ്ങളിൽ ഉരസി അസുഖമുളവാക്കി."

പക്ഷേ, ഇങ്ങനെ മനുഷ്യനു മനസ്സിലാകുന്ന മട്ടിൽ എഴുതിയാൽ സാഹിത്യമാവുകയില്ലെന്നാണു് ഇവരുടെ ധാരണ. അതുകൊണ്ടു് കർത്താവില്ലാതെ കർമ്മമില്ലാതെ അവർ വിലക്ഷണങ്ങളായ വാക്യങ്ങൾ പടച്ചുവയ്ക്കുന്നു. കൂടെക്കൂടെ "എന്റെ കുട്ടീ നല്ലതു് നല്ലതു്" എന്നു പറയുകയും ചെയ്യും. ശ്രീ. എൻ. മോഹനനാണു് ഈ "എന്റെ കുട്ടീ" പ്രയോഗം ആദ്യമായി മലയാളസാഹിത്യത്തിൽ കൊണ്ടുവന്നതെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ മനോഹരങ്ങളായ കഥകൾക്കു് ആ രീതിയിലുള്ള സംബുദ്ധികൾ രാമണീയകം വർദ്ധിപ്പിച്ചിരുന്നു. അനുകർത്താക്കളുടെ കൈയിലാകട്ടെ അവ ഗർഹണീയങ്ങളായിബ്ഭവിക്കുകയാണു്. ശ്രീ. പി. ശങ്കരനാരായണൻ "മലയാളനാട്ടി" ലെഴുതിയ മുഖങ്ങൾ എന്ന ചെറുകഥ വായിച്ചതുകൊണ്ടാണു് ഞാനിത്രയും പറഞ്ഞുപോയതു്. കഥ അച്ചടിച്ചിരിക്കുന്ന ഒരു പുറം വളരെ ശ്രദ്ധിച്ചു വായിച്ചിട്ടും എനിക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്തിനു് അത്യന്താധുനികരുടെ കഥകളിലെ ദുർഗ്രഹതയെ പഴിക്കുന്നു. പഴയ രീതിയിൽ കഥയെഴുതുന്നവരുടെ കഥകളും ഏറിയകൂറും വിലക്ഷണങ്ങളത്രേ. ശങ്കരനാരായണനു് പറയാൻ എന്താണുള്ളതു്? അമ്മയില്ലാത്ത കുട്ടിയെ ഒരു ബന്ധു അച്ഛന്റെ വീട്ടിൽ കൊണ്ടാക്കുന്നുവെന്നോ? അതിനിത്രയും വളച്ചുകെട്ടു വേണോ? ഇങ്ങനെ വായനക്കാരനെ ക്ലേശിപ്പിക്കണോ? കേരളീയരോടു പറയട്ടെ "സുഹൃത്തുക്കളേ സാഹിത്യത്തിന്റെ മാധുര്യം നിങ്ങൾക്കു നഷ്ടമായിപ്പോയിരിക്കുന്നു." മാതൃഭൂമിയിലെ "ഒക്ടോബർപ്പക്ഷിയുടെ ശവം" "മലയാളനാട്ടി"ലെ "അവളുറങ്ങട്ടെ" എന്ന കഥകൾ വായിച്ചതിനുശേഷമാണു് ഈ പ്രസ്താവം.

കുട്ടികൾക്കു് അവരുടേതായ വിചാരഗതികളും ഭാഷയുമുണ്ടു്. യുവതികൾക്കും യുവാക്കന്മാർക്കും സവിശേഷതയാർന്ന വിചാരമാർഗ്ഗങ്ങളുണ്ടു്, ഭാഷയുണ്ടു്. പ്രായംകൂടിയവരുടെ വിചാരങ്ങളും ഭാഷയും വിഭിന്നങ്ങൾതന്നെ. സാഹിത്യത്തെ സംബന്ധിച്ചും ഇതു ശരിയാണെന്നു തോന്നുന്നു. പെൺകുട്ടികൾക്കു് "ഡേട്ടിസെൻറിമെൻറലിസ" ത്തിൽ നിന്നു് (വൃത്തികെട്ടഭാവ ചാപല്യത്തിൽനിന്നു്) മാറി ഒന്നും എഴുതാൻ കഴിയുകയില്ല. ഏതു പെൺകുട്ടി കഥയെഴുതിയാലും കാമുകനും കാമുകിയും വിവാഹവുമൊക്കെ വരും. അവയല്ലാതെ മറെറാന്നും കാണുകയുമില്ല. അതുകൊണ്ടു് 'ജനയുഗം' വാരികയിൽ കുമാരി പി. എൻ. വിമല എഴുതിയ "ധ്രുവങ്ങൾ" എന്ന കഥ വായിച്ചപ്പോൾ എനിക്കു വിസ്മയമുണ്ടായില്ല. കാലു തളർന്ന ചേച്ചി വിവാഹം കഴിക്കാൻ അനുജത്തിയെ നോക്കി ഒട്ടൊക്കെ നിരാശയാവുന്നതു് ചിത്രീകരിക്കുകയാണു് വിമല. തല "പുട്ടപ്പ്" ചെയ്യുക, ഷിഫോൺസാരിയുടുക്കുക, ലിപ്സ്റ്റിക് പുരട്ടുക എന്നിങ്ങനെയുള്ള കൃത്യങ്ങൾ വർണ്ണിക്കപ്പെടുന്നു. പിന്നെ വിവാഹത്തെക്കുറിച്ചുള്ള പ്രതിപാദനം, ഈ സെൻറിമെൻറലിസം വസ്തുക്കളുടേയും വസ്തുതകളുടേയും പ്രാധാന്യം കാണാൻ മാത്രം ആഗ്രഹിക്കുന്ന പ്രായംകൂടിയ ആളുകൾക്കു നിന്ദ്യമായേ തോന്നൂ. പെൺകുട്ടികളുടെ ഈ പ്രായോഗികവിചാരഗതിയെക്കുറിച്ചു് ഞാനെത്രപ്രാവശ്യം പറഞ്ഞതാണു്! ഇപ്പോഴും അതാവർത്തിക്കാൻ ഞാൻ നിർബ്ബന്ധനായിപ്പോയല്ലോ.

1962-ലെ നോബൽസമ്മാനം ഡോക്ടർ ജെ. ഡി. വാട്ട്സൺ, ഡോക്ടർ എഫ്. എച്ച്. സി. ക്രിക്ക് എന്നീ ശാസ്ത്രജ്ഞന്മാർക്കാണു ലഭിച്ചതു്. ഡി. എൻ. എ. മോളിക്യൂൾ എങ്ങനെയെന്നു് അവർ വ്യക്തമാക്കി. സമ്മാനം അതിന്റെ പേരിലായിരുന്നു. അതിനുശേഷം ജീവശാസ്ത്രം വിസ്മയാവഹമായ രീതിയിൽ പുരോഗമിക്കുകയാണു്. ശാസ്ത്രീയമാർഗ്ഗത്തിലൂടെ ജീനുകൾ ഒട്ടിച്ചുവച്ചു് ഒരു ഐൻസ്റ്റൈനുപകരം ആയിരമായിരം ഐൻസ്റ്റൈൻമാരെ ഉൽപാദിപ്പിക്കാമെന്നാണു് ശാസ്ത്രകാരന്മാരുടെ അഭിപ്രായം. അവരെല്ലാവരും ഒന്നുപോലിരിക്കും. ഒരു ഐൻസ്റ്റൈനെ മറെറാരു ഐൻസ്റ്റൈനിൽനിന്നു് വേർതിരിച്ചറിയാൻ കഴിയുകയുമില്ല ഇതു് ഒരു മനോരഥസൃഷ്ടിയാണെന്നു വിചാരിക്കരുതു്. അംഫീബിയാവർഗ്ഗത്തിൽ ഈ പരീക്ഷണം നടന്നുകഴിഞ്ഞു. ഒരു ജീവിയെപ്പോലെ തന്നെ മറെറാരു ജീവിയെ സൃഷ്ടിച്ചുകഴിഞ്ഞു. ആ ശാസ്ത്രീയതത്ത്വമനുസരിച്ചു തന്നെ മനുഷ്യന്റെ കോപ്പികൾ—പകർപ്പുകൾ—ഉണ്ടാക്കാം. നോബൽസമ്മാനം വാങ്ങിയ ജോഷ്വാ ലേഡർബർഗ്ഗ് അങ്ങനെ പറഞ്ഞിട്ടുമുണ്ടു്. ശാസ്ത്രത്തിന്റെ ഈ വികാസം വരുത്തിക്കൂട്ടുന്ന നാശത്തിനെതിരേ ശബ്ദമുയർത്തുകയാണു് കങ്കുമം വാരികയിൽ "ശാപം" എന്ന കഥയെഴുതിയ ശ്രീ. വി. പി. മുഹമ്മദ്. ഒരുവൻ വിവാഹം കഴിച്ചതിനുശേഷം അമേരിക്കയിൽ പോയി. ഭാര്യ പിന്നീടാണു് അയാളുടെ അടുക്കലെത്തിയതു്. അയാൾ അവളെ ആട്ടിയോടിച്ചു. കാരണം അവളുടെ ഗർഭാശയത്തിലുള്ള ശിശു അയാളുടേതാണോ എന്നു നിശ്ചയമില്ലായിരുന്നു എന്നതാണു്. ഒടുവിൽ എലക്ട്രോണിക് കംപ്യൂട്ടറിൽ കൊടുത്ത ചോദ്യത്തിനു് അയാൾക്കു മറുപടി കിട്ടുന്നു. ശിശു അയാളുടേതുതന്നെന്നു് യന്ത്രം മറുപടി നൽകി. അതോടെ അയാൾ ഭാര്യയെ സ്വീകരിക്കുന്നു. ശാസ്ത്രത്തിന്റെ നേർക്കുള്ള മുഹമ്മദിന്റെ ശകാരം കൊള്ളാം. പക്ഷേ, ശകാരം കലയാകണമല്ലോ. അതു് ഇവിടെ സംഭവിക്കുന്നില്ല. എച്ച്. ജി. വെൽസിന്റെ "റൈറം മെഷ്യൻ" തുടങ്ങിയ കഥകൾ, ചെക്കോസ്ലൊവാക്യൻ സാഹിത്യകാരനായ ചാപ്പക്കിന്റെ War with the Newts എന്ന നോവൽ, ഇവയൊക്കെ വായിച്ചാൽ ഇത്തരം വിഷയങ്ങൾക്കു് കലാത്മകത്വം വരുത്തുന്നതെങ്ങനെയെന്നു് എന്റെ കൂട്ടുകാരനായ ശ്രീ. മുഹമ്മദിനു മനസ്സിലാക്കാൻ കഴിയും.

എന്റെ ഒരു സ്നേഹിതൻ എന്നോടു പറഞ്ഞതാണിതു്:—"ഞാൻ യുവാവായിരുന്നപ്പോൾ, എന്റെ കണ്ണുകൾക്കു തിളക്കമുണ്ടായിരുന്നപ്പോൾ അവൾ എന്റെ കരതലം ഗ്രഹിച്ചുകൊണ്ടു് ഒരു കുന്നു കയറി. ഞങ്ങൾ അവിടെയിരുന്നു. അവൾ എന്റെ തലമുടിയിലൂടെ വിരലോടിച്ചുകൊണ്ടു ചോദിച്ചു: "ചങ്ങമ്പുഴയുടെ 'രമണ'നിലെ വരികൾ പാടട്ടോ?" 'പാ

(ശേഷം 51-ൽ)

മൂന്ന്

നീണ്ട കഥ

കോംപ്രമൈസ്

ജെ. കെ. വി.

വലതുകാൽമുട്ടിൽ സ്പർശനമേറ്റുകൊണ്ട് പൗലോച്ചൻ ശ്വാസംപിടിച്ചു. പിന്നെ മാഗിയെ സൂക്ഷിച്ചുനോക്കി. അവൾ മുന്നോട്ടാഞ്ഞിരുന്ന്, കൈമുട്ടുകൾ മേശയിൽകുത്തി കൈത്തലങ്ങൾ ചേർത്തുവച്ച് തന്നെ സൂക്ഷിച്ചു നോക്കുകയാണ്. നേരിയ സ്മിതം സ്മിതം. മാറി ഒരു വിളർച്ച അതു മാറി ഒരു നിറഭേദം. കവിളുകളിൽ രക്തച്ഛവി. കഴുത്തിന്റെ വശങ്ങളിലെ ഞരമ്പുകൾക്കനക്കം. പുരികങ്ങൾ കുറച്ചൊന്നു പൊങ്ങി കൺപീലികൾ വിറയ്ക്കുന്നതുപോലെ തന്റെ ഉൾത്തലങ്ങൾവരെ കടന്നുചെല്ലുന്ന നോട്ടം. തുളച്ചുകയറുന്നതല്ല. മൃദുലം മസ്രണം. അംഗീകരണത്തിന്റെ, ആഗ്രഹത്തിന്റെ, ആരാധനയുടെ, മനസാവേഴ്ചയുടെ അനുസൃതമായ കൊള്ളിമീൻ മിന്നിനില്ക്കുന്ന... മാഗിയുടെ മുഖത്തുനിന്ന് പൗലോച്ചൻ ദൃഷ്ടികൾ പിൻവലിച്ചു. കാലുകൾ കൂടുതൽ മേശയ്ക്കുകീഴിലേയ്ക്ക് തള്ളിക്കൊണ്ട് പുറകോട്ട് മലർന്നിരുന്നു കൈകൾ കോർത്തുപിടിച്ച് കണ്ണുകൾ പൊത്തി. മൂന്ന്...നാല്...എട്ട്...പതിനൊന്ന്. നിമിഷങ്ങൾ. അദ്ദേഹം നിവർന്ന്, പുറകോട്ട് വലിഞ്ഞിരുന്നു, സോഫാ കം ബെഡ്ഡിന്റെ സീററിന്റെ മഞ്ഞനിറത്തിൽ തെളിയുകയും മറയുകയും വീണ്ടും തിളങ്ങുകയും പൊലിയുകയും ചെയ്യുന്ന വളരെയേറെ നിറമില്ലാത്ത പൊട്ടുകൾ കണ്ടുകൊണ്ട്. അവിടുന്ന് സാവധാനം മേശയുടെ കീഴിലേയ്ക്കു നോക്കി വെയിററർ കാപ്പി കൊണ്ടുവരും ബീയ കുടിയൻ ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി മീശ തടവുന്നു ..... വെയിററർ കയറി വരുമ്പോൾ ഗോവണിയിൽ ശബ്ദം കേൾക്കാം. മാഗിയുടെ ഉടുപ്പ് കാൽമുട്ടിനു കുറച്ചുമുകളിൽ പെഗ്ഗിയുടെ കാൽമുട്ടുകൾ ..പൗലോച്ചൻ നോക്കിയിരുന്നപ്പോൾ അവ അകന്നു. രണ്ടും ഒപ്പം പൊങ്ങി. മേശയുടെ ചവിട്ടുപടിയിൽ പെഗ്ഗി ചവിട്ടിയപ്പോൾ.....പൗലോച്ചൻ പെട്ടെന്ന് മേശയുടെ മുകളിൽ നോക്കി പെഗ്ഗി മലർന്ന് ചാരി തലയുടെ പുറം വിശ്രമിപ്പിച്ചുകൊണ്ട് സിഗററു വലിക്കുകയാണ്. അയഞ്ഞ സ്കേർട്ടിന്റെ ഇളംനീല തിരശ്ശീല താഴോട്ടു വീണ്.. മുട്ടുകളുടെ അടിയിൽനിന്നു രണ്ടു കഷണം മാംസം തുടയുടെ അകത്തേയ്ക്കു തെറിച്ചു നില്ക്കുന്നു. ആൾ ഫ്ളെഷ്ഡ് ആൻഡ് നോ മസിൽ. മാസ്സീവ് ഫ്ളെഷ്ഡ്. തുടകളുടെ അടിവശം നിതംബങ്ങളിൽ ചേരുന്ന സംഗമങ്ങളിൽ രണ്ടു വ്യക്തമായ ചുവന്ന രേഖകൾ....കൊച്ചു കുട്ടികളുടേതുപോലെ. ഡ്റായർ ഉണ്ടായിരുന്നു എങ്കിൽ ആ വരകൾ കാണില്ലായിരുന്നു. ഒരു നഗ്നതാക്യാമ്പിൽ തനിക്കൊന്നും തോന്നുകില്ലായിരുന്നു പൗലോച്ചൻ ഓമനയെപ്പററി ആലോചിച്ചു. അവൾ ഇപ്പോൾ ദേഷ്യം പിടിച്ച് "എടാ, നീ ചെന്ന് ഇതിലെയെല്ലാം ഒന്നു നോക്ക്" എന്നു വേലക്കാരനോട്ട് പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞിട്ടുണ്ടായിരിക്കും.

ഗോവണിയിൽ കാലടികൾ. പൗലോച്ചൻ മാഗിയോട്ട് പറഞ്ഞു. "മാഗി, പ്ളീസ്. കൂട്ടുകാരിയോട്ടു നേരെയിരിക്കാൻ പറ"

മാഗി ചിരിച്ചു. "ആൾ റെഡി യു ഫാഡ് ഏ വ്യൂ ഓഫ് ദി ഗാർഡൻ ഓഫ് ഈഡൻ റൈററ് ദെയർ" മേശയുടെ കീഴിലേയ്ക്കു വിരൽ ചൂണ്ടിക്കൊണ്ട്. "റൈററ് ദെയർ പെഗ്ഗി നൊ എക്സ്സ്സ്." പെഗ്ഗി നിവർന്നിരുന്നു കാൽഭാഗം പോലും കത്തിക്കഴിഞ്ഞിട്ടില്ലാത്ത സിഗററ് ഒരു കയ്യിൽനിന്നു മറെറ കയ്യിലേയ്ക്കു മാറി. അവളുടെ കണ്ണുകളിലെ അ

ത്ഭുതത്തിന്റെ ചുഴികളിൽ നക്ഷത്രങ്ങൾ ഉദിച്ചു. "സോറി." അവൾ ചുണ്ടുവിടർത്തി; മഞ്ഞപ്പല്ലുകൾ കാണിച്ചു:

പൗലോച്ചൻ ചിരിച്ചില്ല. വെയ്ററർ കാപ്പിയും കേക്കും നിരത്തുമ്പോൾ പറഞ്ഞു: "ആഷ്ട്രേയെടുക്കാൻ അടുത്തതിന്റെ അപ്പുറത്തെ മേശയ്ക്കലേയ്ക്കു പോയപ്പോൾ അദ്ദേഹം പറഞ്ഞു. "ഇവരിൽ പലരും വിദ്യാഭ്യാസമുള്ളവരാണ്. ഇയാൾ പോകുമ്പോൾ ഞാൻ നിങ്ങളെ കണ്ടതിൽപിന്നെ ആദ്യം പറയുന്നു. ആലോചിക്കുകതന്നെ ചെയ്യുന്ന, കുസൃതി പറയാൻ പോകുന്നു"

"ഗുഡ്." മാഗി പറഞ്ഞു.

"അതു് ഗംഭീരമായിരിക്കും." പെഗ്ഗി പറഞ്ഞു.

വെയിററർ പോയപ്പോൾ പൗലോച്ചൻ യാതൊരു ഭാവഭേദവുംകൂടാതെ ഗൗരവത്തിൽതന്നെ പറഞ്ഞു "ഏദൻ തോട്ടത്തിൽ സസ്യങ്ങളില്ലായിരുന്നു. ബാരൻ." അദ്ദേഹം രണ്ടുപ്രാവശ്യം വായു വിഴുങ്ങിയിട്ട് ഉണങ്ങിയതൊണ്ടയിലൂടെ നിറുത്തി, നിറുത്തി തുടർന്നു. "ഹിപ്പികൾക്കു പേനുകൾകൂടി വേണം. ആനിമൽസ് ഇൻ ദി ഗാർഡൻ ഓഫ് ഈഡൻ."

അവർ ചിരിക്കുകയും ഉത്തരം പറയുകയും കാപ്പി കുടിക്കുകയും മേശയ്ക്കു കീഴിൽ തന്റെ കാലുകളിൽ മുട്ടുകയും ഉരുമ്മുകയും ചെയ്തപ്പോൾ പൗലോച്ചൻ കൈകൾ തലയുടെ മുകളിൽ പിണച്ചുകെട്ടി അവരുടെ തലയുടെ മുകളിലൂടെ ഏതിരെയുള്ള ഭിത്തിയിലേയ്ക്കു കണ്ണിമയ്ക്കാതെ നോക്കി.

മാഗിയേയും പെഗ്ഗിയേയും മുകളിൽതന്നെ ഇരുത്തിയിട്ടു താഴെ ബില്ലുകൊടുക്കുമ്പോൾ പൗലോച്ചൻ വാച്ചുനോക്കി. ഇരുപത്താറു മിനിററുകൾ, ബേർഡ് ഒഫ് ടൈം, പിരിയുമ്പോൾ പറഞ്ഞതു വീണ്ടും ഓർത്തു. നിർത്തി നിർത്തി. ശക്തിയായി. വ്യക്തമായി. "ഞാൻ സന്തുഷ്ടനാണ്" എന്നു വിചാരിക്കരുതു്. ഞാൻ സന്തുഷ്ടനല്ല. ഞാൻ ലജ്ജിതനും കൂടിയാണെന്നു വേണമെങ്കിൽ പറയാം. എന്റെ വീട്ടിൽ എത്രയോ വിദേശടൂറിസ്റ്റുകൾ താമസിച്ചിട്ടുണ്ട്. അവരുടെ

(ശേഷം 53-ൽ)



നേർരേഖയ്ക്കപ്പുറത്തായി കിടക്കുന്ന വെളിച്ചത്തിനുവേണ്ടി അവൾ, കാത്തു കിടന്നു. യുഗങ്ങൾ മുട്ടിയുരുമ്മി കടന്നു പോകുമ്പോഴും, നിമിഷങ്ങൾ അരിച്ചു നീങ്ങുമ്പോഴും അവൾ, അവൾക്കജ്ഞാതമായ വെളിച്ചത്തിനുവേണ്ടി ഉഴറി.

ചതുപ്പുനിലത്ത് മൺകൂനകളും, ഈന്തപ്പനകൾ നിറഞ്ഞ കാടുകളും, മറന്നുപോയ ചില സ്ഥലങ്ങളും ഉണ്ടായിരുന്നു. അവ വേനലിന്റെ അവസാനത്തിനുവേണ്ടി, കാത്തിരിക്കുകയാണ്.

കാലാകാലങ്ങളിലെ ഒരു മൺതരിയായി, ഇനിവരുന്ന പരമ്പരയുടെ പ്രതീകമായി അവൾ, നിലകൊണ്ടു.

...."ഞാൻ, തടവുകാരിയാണ്. എനിക്കൊരു ലോകമുണ്ടായിരുന്നു. അതെന്നിൽനിന്നു വഴുതിപ്പോയിരിക്കുന്നു."

അവൾ, ജല്പിച്ചു.

ചോരത്തുള്ളികൾ നാലുപാടും ചിന്നിച്ചിതറിയതുപോലെ കുറെ ചുമന്ന പ്രകാശങ്ങളുണ്ട്; കല്ലറയ്ക്കുചുററും.

പെട്ടെന്ന്...പെട്ടെന്ന് അവൾക്കു മുൻപിൽ ഒരു ഈച്ച വന്നിരുന്നു.

കല്ലറയ്ക്കു പുറത്തുള്ള ചെറിയൊരു പാറക്കല്ലിന്റെ മിനുസമായ പ്രതലത്തിൽ വന്ന്, ഇരിക്കുന്ന ഈച്ചയെ അവൾ കണ്ടു.

"നീ, കള്ളിയാണ്. എനിക്കറിയാം."

ഈച്ച, സംസാരിക്കുന്നു. അവൾക്കത്ഭുതം തോന്നിയില്ല.

ബീജസങ്കലനം നടത്തുന്ന പാമ്പിനെ അവൾ, കണ്ടു. മുട്ടയുടെ പുറംതോട് പൊട്ടിച്ചുവരുന്ന കോഴിക്കുഞ്ഞുങ്ങളെയും...

മങ്ങിയ നിഴൽ മുഖത്ത് കുത്തനെ ആഞ്ഞുപതിച്ചപ്പോൾ അവൾ, ഞെട്ടി.

കല്ലറയ്ക്കു ചുററും മുള്ളുവേലി പടുത്തുയർത്തിയിട്ടുണ്ട്. കല്ലറയ്ക്കുള്ളിലായി ഒരു പാത്രത്തിൽ കുറച്ചു വെള്ളവും, അല്പസമയത്തേക്കു നിലനില്പിനുള്ള ആഹാരവും ഉണ്ടായിരുന്നു.

..."ഞാൻ, കാലത്തിന്റെ തടവുകാരിയാണ്. ഈ ദുഷ്ടന്മാർ, എന്നെ ബന്ധിച്ചിരിക്കുന്നു. ഇവർക്കു വലിയ ദംഷ്ട്രകളും, ചോര തുറിക്കുന്ന കണ്ണുകളുമുണ്ട്."

അവൾ ഓർത്തു.

അവൾ, ഇരിക്കുകയായിരുന്നു. (കല്ലറയുടെ മദ്ധ്യത്തിലുള്ള പ്രകാശമില്ലാത്ത, വായുവില്ലാത്ത, വററിവരണ്ട മരുഭൂമിയിലാണ് ഇരുന്നിരുന്നത്.)

"ഞാൻ, ഏകയാണ്. എനിയ്ക്കു ചുററും ദുഷ്ടന്മാരുണ്ട്. അവരെന്നെ വളയുന്നു. എനിയ്ക്കു പേടിയാകുന്നു."

ഗോളാകൃതിയിലുള്ള നിമിഷംതോറും മറെറാരു ബീജം വളർന്നുവരുന്ന അവളുടെ വയററിലേക്ക് ഈച്ച കണ്ണോടിച്ചു.

അവൾ നാണിച്ചു. തെല്ലിട തലതാഴ്ത്തി നിന്നു. പുഞ്ചിരിയും, ദ്വേഷ്യവും ഒന്നിച്ച് അവളുടെ മനസ്സിൽ നുരകുത്തി.

നിശ്ശബ്ദത, പാലിക്കാരനെ കഴിയുന്നുള്ളൂ.

"നീയെന്തിനാണ്, പകച്ചുനോക്കുന്നത്. നീ, സ്വതന്ത്രയാണോ?"

ഈച്ച പിന്നെയും സംസാരിക്കുകയാണ്.

ഈച്ചയുടെ മേലിഞ്ഞുനേർത്ത കാലുക

ചെറുകഥ

ളിൽ അഴുക്കും, ചെളിയും പുരണ്ടിരിക്കുന്നതായി അവൾക്കു, തോന്നി.

അവൾക്കു പറയണമെന്നുണ്ട്.

"നൂററാണ്ടുകളുടെ അഴുകിയ കറുപ്പ് നിന്നിൽ ലയിച്ചു ചേർന്നിരിക്കുകയാണ്."

പക്ഷേ,...വയ്യ. ഒന്നും മിണ്ടാൻ നിവൃത്തിയില്ല.

"ഭ്രൂണഹത്യ, പാപമാണോ?" അവൾ ചോദിച്ചു.

ഈച്ച ചിരിച്ചു. ചിരി നാലുപാടും ചിതറി. ഈച്ചയിൽ നിന്നകന്ന് നോക്കെത്താത്ത ഏതെങ്കിലും താഴ്വരയിലേക്ക് പോകാൻ അവൾ, ആഗ്രഹിച്ചു ആഗ്രഹം വളർന്നുവരുന്തോറും ഈച്ച കൂടുതൽകൂടുതൽ തന്നിലേക്കടുക്കുന്നതായി അവൾക്കു തോന്നി.

കല്ലറ

"എനിക്ക്, ശ്വാസംമുട്ടുന്നു. അല്പം ശുദ്ധവായു തരൂ. എനിയ്ക്ക്, ആസ്ത്മയാണ്. പോകൂ. ഇവിടുന്ന്, ദയവുചെയ്ത്." അവൾ നിലവിളിച്ചു. അവളുടെ വായിൽനിന്ന് പുറപ്പെടുന്ന രോദനം, അങ്ങകലെഎവിടൊക്കെയൊ തട്ടി തിരിച്ചു വന്നു.

ഈച്ച അവളുടെ മനസ്സിൽ പററിപ്പിടിച്ചിരുന്നു. നേർത്ത കാലുകൾകൊണ്ട് ഹൃദയം, വരിഞ്ഞു. മിണ്ടാൻ, വയ്യ.

"നീ ഓന്തിനെ അറിയുമോ? ആൺ ഓന്തിനെ?

രാധ കെ. എം.

ക്രൂരമായി മുഖത്തുനോക്കി ഈച്ച ചോദിക്കുന്ന, ചോദ്യം. അവൾ, ഞെട്ടി.

രോമകൂപങ്ങളിൽ ഭയത്തിന്റെ ചെടിപ്പ്, അരിച്ചുകയറി.

ഓന്ത്.. പുരുഷൻ എന്ന ഓന്ത്.

നിറം മാറുന്ന ഓന്ത്. എന്താണീ ഈച്ച. ജല്പിക്കുന്നത്?

"ഞാനൊരിയ്ക്കൽകൂടി ചോദിക്കുന്നു നീ ഓന്തിനെ, അറിയുമോ എന്നെ?"

പറയണമെന്നുണ്ട്. അവൾക്ക് വിളിച്ചുകൂവണമെന്നുണ്ട്.

...'ഞാനറിയും. ഈ ലോകത്തിലെ സകല ജീവജാലങ്ങളും ചത്തടിഞ്ഞു' അതിന്നുകളിൽ, ക്ഷമ മുളച്ചുവന്നാലും ഞാനതിനെ മറക്കില്ല."

പറയാൻ വയ്യ. തൊണ്ട വിറയ്ക്കുന്നു. പറഞ്ഞിട്ട ഫലവുമില്ല ഓന്ത്, വരില്ല. ഒരിക്കലും ഓന്ത് ഇനി തന്റെ അരികിലേക്ക വരില്ല.

നെഞ്ചിൽനിന്നു കിതപ്പ്, ഉപരിതലത്തിൽ വന്നു മുടി ശബ്ദിക്കാൻ വയ്യ

"ചെമ്പരത്തിപ്പൂവിൽനിന്നു മധു നുകരാൻ വണ്ടു വരില്ലേ? ചുമപ്പുനിറമുള്ള ചെമ്പരത്തിയുടെ ദുഃസൂചനകൾ നോക്കി, വണ്ടു് ആദ്യം ചിരിക്കുമോ?"

അവൾ, സ്വയം ചോദിച്ചു.

"പറയൂ. ആർക്കെങ്കിലും ഇതിനുത്തരം തരാൻ കഴിയുമോ?"

മരവിപ്പിന്റെ തണുത്ത പാട, അവളെ അസഹ്യപ്പെടുത്തി.

"കല്ലുറയാണ് നിനക്കു ചുറ്റും. നീ, തടവുകാരിയാണ്." ഈച്ച പിന്നെയും മന്ത്രിക്കുന്നു

"ഞാനീ ഭൂമിയിൽ പിറന്നവണ്ണം നിമിഷം മുതല്ലുതന്നെ തടവുപുള്ളിയാണെന്നു്, എനിക്കറിയാം. പക്ഷേ,....ഇന്നു് ഞാൻ പുതിയൊരതിഥിയെ, ഭൂമിക്കു നല്ലാൻ പോകുന്നു. നിനക്കറിയുമോ?"

"അറിയാം. ലജ്ജയില്ലല്ലോ അതു പറയാൻ"—ഈച്ച, കുപിതനായി.

"ഹഹ! എനിക്കു ലജ്ജയോ? നാക്കുത്തു ചോരയും തുറിച്ച കണ്ണുമായി രക്തമുറിക്കുടിക്കാൻ വരുന്ന കാഞ്ഞുകളാണു് എനിക്കു ചുറ്റും. എനിക്കു ലജ്ജയില്ല..... നാണമില്ല..... മാനമില്ല .....ഒന്നുമില്ല."

ഈച്ച, പാറ്റയുടെയുള്ള ചോലപ്രദേശത്തേക്കു കണ്ണോടിച്ചു. തികച്ചും ശൂന്യമാണു്, ചുറ്റുപാടും.

കേവുവള്ളങ്ങൾ മെല്ലെ ഒഴുകുന്നതുപോലെ മുകളിൽ, കുത്തിയുണ്ട കൂറൻ നിഴലുകൾ.

ഈച്ച നേത്ത കാലുകൾ ചലിപ്പിച്ചുകൊണ്ടു് അവളുടെ വിത്തവയറിനെ ലക്ഷ്യമാക്കി, പറന്നു. അതു് അവസാനം പൊക്കിളിനുള്ളിൽ ദ്വാരമുണ്ടാക്കി, കടന്നുപോയി.

പതുക്കെ അവൾ പറഞ്ഞു:

"എന്റെ ഈച്ചേ! നീ, ഞാനാണു്, ഞാൻ, നീയുമാണു്. നീ, എന്റെ ആത്മാവാണു്. നമുക്കിവിടെ അന്ധകാരജഡിലമായ ഈ കല്ലറയിൽ കഴിച്ചുകൂട്ടാം. കുറച്ചു വർഷങ്ങൾ കൂടി. നിനക്കു് സമ്മതമാണോ?"

"എനിക്കു്, സമ്മതമാണു്. ഞാൻ, നീയാണു്. നീ, ഞാനുമാണു്. എന്റെ സർവ്വസ്വവുമാണു്."

ആത്മവം നിലച്ച ബന്ധനങ്ങൾ നിറഞ്ഞ, വരകൾ വീണ വയറിൽ ഉടിക്കുന്ന ചലനങ്ങൾ ഉണ്ടായി.

അവൾ, മെല്ലെ എഴുന്നേറ്റു. വീണ്ടും ഇരുന്നു.

".....ശൂന്യമായ, ഭീതിജനകമായ ഈ നിശ്ശബ്ദതയിലേയ്ക്കു് എന്നെ വലിച്ചെറിഞ്ഞ ഓന്തെ—നീ, നല്ലവനാണു്. ചിരിക്കണ്ട. ചലനങ്ങൾ, ആരംഭിച്ചുകഴിഞ്ഞു. എന്റെ അടിവയറിലെ ഉടിപ്പു് പ്രതികാരത്തിനു് വെമ്പുന്നു. കാത്തിരിക്കൂ."

അവൾ, അട്ടഹസിച്ചുകൊണ്ടു് വിളിച്ചുപറഞ്ഞു. ഇരുട്ടിനെ മാടികടന്നു്, മെല്ലെ കാറ്റടിച്ചു. വെളിച്ചത്തിന്റെ സ്പന്ദിലിംഗങ്ങൾ ജ്വലിപ്പിക്കുവാൻതന്നവണ്ണം മുകളിൽ, കുറെ നക്ഷത്രനാളുങ്കുകളും.

—o—

മുറാളന്മാർ

കുട്ടികളെപ്പറ്റി എഴുതുന്നതെല്ലാം സ്തുതിവചനങ്ങൾ ആയിരിക്കണമെന്നാണു വെച്ചിരിക്കുന്നതു്. ഞാൻ അതിനു വിപരീതമായി നിങ്ങളെ ശ്രുണ്ടിപിടിപ്പിക്കാൻ പോകുകയാണു്.

യേശു പറഞ്ഞു കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരാകാൻ. ഗാന്ധിജി കുട്ടികളെ ഓമനിച്ചു. മനുഷ്യ കുട്ടികൾക്ക 'ചാച്ചാ'യായി. എന്നാൽ പന്ത്രണ്ടു പേരക്കിടാങ്ങൾക്ക മുത്തച്ഛനായ ഞാൻ പറയുന്ന കുട്ടികൾ ശ്രുദ്ധ മുറാളന്മാരാണെന്നു്!

ഞാൻ കഴിഞ്ഞദിവസം കോഴിക്കോട്ടു നിന്നു തിരുവനന്തപുരത്തേയ്ക്കു ഫോൺ ചെയ്തു. എന്റെ ഇളയമകളുടെ കുഞ്ഞുങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അറിയാൻ. അപ്പോൾ, എന്റെ മുത്തമകൾ നൽകിയ റിപ്പോർട്ടു് എന്താണെന്നോ? മുത്തവൻ—രാജീവ്— കാലുമടക്കി. ഇളയവനെ തട്ടുന്നു! അതിനു് അവന്റെ അമ്മ അവനെ തല്ലുന്നു.

'മുത്തവൻ' 'ഇളയവനോ'ട്ടു സഹോദരസ്നേഹത്തോടും വാത്സല്യത്തോടും പെരുമാറേണ്ടതല്ലേ? അവൻ അതിനു പകരം ഇളയവനെ തട്ടാൻ നോക്കുന്നു. അതിനു തല്ലാതെ പറ്റുമോ?

'മുത്തവൻ' എത്ര മുത്തതാണെന്നറിയാമോ? വിദ്വാനു വയസ്സു് രുപ്പുമാസം; ഇളയവനു് ആറു! മുതിർന്നവർ എന്നു് സ്വയം അവകാശപ്പെടുന്നവർ ആവശ്യപ്പെടുന്നതു് രുപ്പുമാസക്കാരൻ അനുജനോടു് ഔദാര്യം, സ്നേഹംഇവ കാണിക്കണമെന്നാണു്. അതു കാണിച്ചില്ലെങ്കിൽ രുപ്പുമാസക്കാരനെ അടിക്കും! അടിക്കുന്ന അമ്മനും അമ്മയും അടികൊള്ളുന്ന കുട്ടികളെക്കാൾ പ്രായം കുറവാണെന്നതോന്നും ഇതുകണ്ടാൽ. 'അനുജനെ തല്ലുന്നതു ശരിയല്ലെന്നു് 'ചേട്ടൻ' അറിയണം; അതിനാണു തല്ലുന്നതു്. പക്ഷേ ശരിയും തെറ്റും അറിയാത്ത കുട്ടിയെ തല്ലുന്ന അച്ഛനേയും അമ്മയേയും ആരാണു തല്ലുക! അവരെ മുത്തച്ഛനും മുത്തശ്ശിയുമാണു് ശകാരിക്കേണ്ടതു്. അങ്ങിനെ ശകാരിക്കുന്നതുകൊണ്ടാണു്; പേരക്കിടാങ്ങൾക്ക മുത്തച്ഛനോടും മുത്തശ്ശിയോടും സ്നേഹം തോന്നുന്നതു്.

അനിയനെ തട്ടുന്നതു പ്രോത്സാഹിപ്പിക്കാമോ? പാടില്ല. അതിനെ തടയാൻ തല്ലുകയല്ലാതെ എന്തു ചെയ്യും! 'അയിറ്റം പറയാൻ മാത്രം നടക്കുന്നവർക്ക് അതു പറഞ്ഞാൽമതി. കുഞ്ഞുങ്ങളെ വളത്തേണ്ട അമ്മമാർക്ക ചിലതെല്ലാം ചെയ്തേ പറ്റൂ. അടിച്ചു്, അടക്കി ഒതുക്കി നിർത്തുകയേ അവർക്ക വഴിയുള്ളൂ. "അടച്ചു വേകാത്ത കറിയും അടിച്ചു വളരാത്ത കുട്ടികളും നന്നാവില്ല" എന്നാണു പഴമൊഴി പഴമൊഴിയിൽ പഴുതില്ലെന്നാണു പറയുന്നതു്. കറിവെച്ചും കുട്ടികളെ വളർത്തിയും പഴക്കം വന്നവർ പറഞ്ഞതാണു് പഴമൊഴിയായിരിക്കുന്നതു്. അനുഭവംകൊണ്ടു് അറിഞ്ഞ കാര്യമായാൽ തെറ്റുകയില്ല.

തട്ടുന്നതിനു കാലുപൊക്കിയാൽ കിട്ടുന്നതു് അടിയാണെന്നു് അനുഭവം വന്നാൽ, തട്ടാതിരിക്കാം. അടി അത്ര സുഖമുള്ളകാര്യമല്ലല്ലോ. തീയിൽ ഒരിക്കൽ പിടിച്ച കുട്ടി, പിന്നീടു തീയിൽ കയറി പിടിക്കാറില്ല. പിടിച്ചതിന്റെ വേദന കൈയിൽനിന്നു പോയാലും മനസ്സിൽനിന്നു പോയിരിക്കില്ല അതുതന്നെ, അടിക്കുന്നതിനുള്ള ന്യായം എന്നാണു വെച്ചിരിക്കുന്നതു്. എന്നാൽ അടിക്കുന്നതു് അങ്ങിനെ ന്യായമൊന്നും വിചാരിച്ചല്ല

ഏ. പി. ഉദയഭാനു

എന്നുള്ളതാണ് സത്യം. അടിക്കുന്നതു്, തട്ടുന്നതിലുള്ള കോപം കൊണ്ടാണെന്നു്, അടികൊള്ളുന്ന ചേട്ടനും അറിയാം.

തട്ടണമെന്നു മനസ്സിൽ തോന്നിയാലും, അടികൊള്ളുമെന്ന പേടികൊണ്ടു തട്ടാൻ കാൽ പൊങ്ങിയില്ലെന്നു വരാം. എന്നാൽ, അതുകൊണ്ടു് അനിയനെ തട്ടരുതെന്ന വിചാരം ഉണ്ടാവില്ല. തല്ലുകൊള്ളാതെ തട്ടണമെന്ന കൌശലബുദ്ധിയേ ഉണ്ടാവൂ അങ്ങിനെ വരുമ്പോൾ ആരും കാണാതെ തട്ടാൻ തരംനോക്കി നടക്കും. അന്നേരം പലിശകൂട്ടിക്കൊടുക്കുകയും ചെയ്തെന്നു വരും. കരച്ചിൽ കേട്ടു് അമ്മ വന്നാൽ, "ഞാനൊന്നുമറിഞ്ഞില്ലേ—രാമനാരായണ," എന്ന മട്ടിൽ നിൽക്കും. നാക്കു തിരിയുമെങ്കിൽ എന്തെങ്കിലും കളവു കല്പിച്ചുകൂട്ടിപ്പറകയും ചെയ്തെന്നു വരാം. അങ്ങിനെ, കളവു്, കൌശലം എന്നിവ കുട്ടികൾ സ്വയം പഠിക്കുന്നു. കുട്ടിക്കു് അനുജനോടു തോന്നുന്ന വിരോധം വിലക്കുന്ന അച്ഛനോടും അമ്മയോടും ഉണ്ടായെന്നു വരാം.

ഒളിച്ചുനിന്നു് അനിയനെ തട്ടുന്നതിനെന്താണു് പരിഹാരം. അതിനുള്ള പരിഹാരം ദൈവമായിരുന്നു. അമ്മയുടേയും അച്ഛന്റേയും കണ്ണിൽപ്പെടാതെ കുസൃതി കാണിക്കാനുള്ള വാസന തടയുന്നതു്, ദൈവം എല്ലാം കാണുന്നുണ്ടെന്നും ദൈവം ശിക്ഷിക്കുമെന്നുമുള്ള ഭയം ഉണ്ടാക്കിയാണു്. അങ്ങിനെയാണു് കുട്ടികൾക്കു് ദൈവഭയമുണ്ടാകുന്നതു്. അതു് ശരിയല്ലെന്നു് പറയുന്നവർ ഉണ്ടു്. ദൈവത്തെപ്പററിയായാലും ഭയം പാടില്ല എന്നാണു് ഒരു ന്യായം. മറെറാന്നു്, ദൈവം ഇല്ലെന്നുള്ളതു്. ദൈവത്തിന്റെ സഹായം ഇല്ലാതെതന്നെ, ശരി ചെയ്യാനും, തെററു ചെയ്യു തിരിക്കാനും കുട്ടികൾ ശീലിക്കുമെങ്കിൽ നല്ലതുതന്നെ. ഏതായാലും നാം ചെയ്യുന്നതിന്റെ തെററും ശരിയും ഒരാൾ അറിയുന്നുണ്ടു്. ആ ആളിൽ നിന്നു് അതു് ഒളിച്ചുവെയ്ക്കാനും കഴിയില്ല. അതു നാം തന്നെ. ആ നമുക്കു്, നാം ചെയ്യുന്നതു് നല്ലതോ ചീത്തയോ എന്ന ബോധം വരണം. അനിയനെന്നല്ല, ആർക്കും വേദനയുണ്ടാക്കരുതു്. അന്യർക്കു് വേദനയും കഷ്ടപ്പാടും വരുത്തുന്നതെല്ലാം ചീത്ത പ്രവൃത്തികളാണു്. അന്യർക്കു് ഗുണവും സുഖവുമുണ്ടാക്കുന്നതെല്ലാം നല്ല പ്രവൃത്തികളുമാണു്—ഈ വിചാരം നമ്മിൽ ഉറയ്ക്കണം.

'അനിയന്റെ ഏട്ടൻ' എന്നു പറഞ്ഞു പറഞ്ഞു്, ഏട്ടനാകുന്നതിൽ ഒരു സന്തോഷവും അഭിമാനവും ഏട്ടനുണ്ടാകണം. അനിയനെ ഏട്ടൻ സ്നേഹിക്കുന്നെന്നും സൂക്ഷിക്കുന്നെന്നും പറഞ്ഞുപറഞ്ഞു് അങ്ങിനെ ഒരു മനോഭാവം വളർത്തണം. തന്റെ സ്വന്തം സിംഹാസനമായിരുന്ന അമ്മയുടെ മടിത്തട്ടു് അനിയൻ വന്നു് അപഹരിക്കുന്നതിലുള്ള പ്രതിഷേധവും കോപവും കൊണ്ടാണു് ഏട്ടൻ അനിയനെ തട്ടുന്നതു്. അനിയൻ വന്നപ്പോൾ തന്റെ സ്ഥാനം ഉയർന്നെന്നും തന്നെപ്പററിയുള്ള ശ്രദ്ധ കുറഞ്ഞില്ലെന്നും ഏട്ടനു തോന്നണം എന്റെ മുത്തമകൾ സുലൈഖയ്ക്കു് അങ്ങിനെ തോന്നിയിരുന്നു. അവളാണു് ഇളയ കുട്ടികളെയെല്ലാം നോക്കി വളർത്തുന്നതെന്നായിരുന്നു അവളുടെ ഭാവം.

ശിശുക്കൾ സ്വാർത്ഥതയുള്ളവരാണു്. അവർ അവർക്കു കൗതുകമുള്ള സാധനം ആരുടെ കയ്യിൽ ഇരുന്നാലും പിടിച്ചുപറിക്കും. ചോദിച്ചോ ചോദിക്കാതേയോ എടുക്കുന്നതിനും മടിയില്ല. അവർക്കു ദേഷ്യം വന്നാൽ ഉപദ്രവിക്കും. കള്ളവും പറയും. കുട്ടികൾ കള്ളം പറയില്ലെന്നാണു് പലരും ധരിച്ചിരിക്കുന്നതു്. എവിടെയെങ്കിലും തട്ടുകയോ മുട്ടുകയോ ചെയ്ത ഒരു കുട്ടി, തന്നെ എടുത്തുകൊണ്ടു നടക്കുന്ന ധാത്രിയോ, മുത്ത കുട്ടിയോ, നുള്ളിയതായും അടിച്ചതായും പറഞ്ഞുപിടിപ്പിക്കും. അതു് നാം മനസ്സിലാക്കുന്ന വിധത്തിലുള്ള കള്ളം പറയൽ ആയിരിക്കില്ല. കുട്ടിയുടെ സങ്കല്പപ്രകാരം ജീവനില്ലാത്ത ഒന്നിനും ഉപദ്രവിക്കാൻ കഴിയില്ലായിരിക്കും. അങ്ങിനെയിരിക്കെ, തനിക്കു നേരിട്ട ഉപദ്രവം ആരെങ്കിലും ചെയ്തതായിട്ടു് ആ കുട്ടി സങ്കല്പിക്കാം. നിരപരാധിയായ വേലക്കാരിയുടേയോ, വളർത്തമ്മയുടേയോ, മുത്ത കുട്ടിയുടേയോ തലയിൽ അപരാധം വന്നുപെടാം. കുട്ടികൾ കള്ളം പറയില്ലെന്നു് വിശ്വസിക്കുന്ന ശുദ്ധഗതിക്കാരായ തള്ളയും തന്തയും കുററം ചെയ്യാത്തവരെ ശകാരിക്കുകയോ ശിക്ഷിക്കുകയോ ചെയ്തെന്നു വരാം. ഇതു വായിക്കുന്ന മുതിർന്നകുട്ടികൾ പലരും ഇളയകുട്ടികളിൽനിന്നു ഈ വിധം കുററാരോപണം ഏററിരിക്കാം. സാരമില്ല. അതവരുടെ കുററമല്ല. അറിവില്ലായ്മ മാത്രമാണു്,

സ്വഭാവേന മുഠാളന്മാരായ കുട്ടികളെ നല്ല പെരുമാററമുള്ളവരായി ശീലിപ്പിക്കുന്നതു് മുതിർന്ന കുട്ടികളുടെയും അച്ഛനമ്മമാരുടെയും ഗുരുക്കന്മാരുടെയും ചുമതലയാണു്. അന്യരുടെ സാധനങ്ങൾ മോഹിക്കാതിരിക്കുക; കരുണയോടുകൂടെ പെരുമാറുക; അടുക്കായും ചിട്ടയായും ഓരോന്നു ചെയ്യുക; ഇതെല്ലാം കുട്ടികൾ പഠിക്കുന്നതു മററുള്ളവർ ഉപദേശിക്കുന്നതുകൊണ്ടല്ല. ദൈവത്തെപ്പററി പറഞ്ഞു പേടിപ്പിച്ചാലും നല്ല വാക്കും പെരുമാററവും ഉണ്ടായെന്നു വരില്ല. അതിനു്, നല്ല മാതൃകകൾതന്നെ ഉണ്ടാവണം.

ചെറിയ കുട്ടികൾ എല്ലാം കാണുന്നവരാണു്. ഒന്നും അവരിൽനിന്നു് ഒളിച്ചുവെയ്ക്കാൻ പററില്ല. അതുകൊണ്ടു കൃത്രിമം ഒന്നും ഇല്ലാതെ, സ്വാഭാവികമായിത്തന്നെ നല്ല പെരുമാററം ഉള്ളവരുടെയിടയിൽ കുട്ടികൾ വളരണം. അതായതു് മുതിർന്ന കുട്ടികൾ നല്ല മാതൃകകളായിരിക്കണം. മുതിർന്നകുട്ടികളെയാണു് ഇളയ കുട്ടികൾ അനുകരിക്കുന്നതു്. ഒരു കുട്ടി നല്ലവണ്ണം വളർത്തപ്പെട്ടവനാണോ എന്നു് അവന്റെ പെരുമാററത്തിൽനിന്നു് അറിയാം. നല്ല പെരുമാററം സ്വഭാവേനയുള്ളതല്ല ശീലംകൊണ്ടുണ്ടാകുന്നതാണു്. ശീലം പിന്നീടു സ്വഭാവമാകുന്നു.

'കുട്ടിക്കും കുഴവിക്കും ഇടുന്നതാണു ശീലം' എന്നും

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ ദാനുഷനുള്ളകാലം" എന്നും

പറയുമ്പോൾ 'ശീല'ത്തിനെപ്പററിയാണു് പറയുന്നതു്. ശീലം എന്നതു പരിശീലനംകൊണ്ടുണ്ടാകുന്നതാണു്. അറിഞ്ഞുനല്കുന്നതു മാത്രമല്ല പരിശീലനം. അറിയാതെ കണ്ടുകണ്ടു ശീലിക്കുന്നതാണു കൂടുതൽ ദൃഢമായ പരിശീലനം. ശീലിക്കുന്നതു സ്വഭാവമായിത്തീരുന്നു. സ്വഭാവേന മനുഷ്യൻ മുഠാളനായി ജനിക്കുന്നു; പരിശീലനംകൊണ്ടു പരിഷ്കൃതനായ മനുഷ്യനാകുന്നു. "നല്ലവണ്ണം വളർത്തപ്പെട്ടവൻ" എന്നു പറയത്തക്കവണ്ണം വളരുക.

—o—

പലിശയുടെ പലിശയ്ക്കുകൂടി സ്വർണ്ണാഭരണങ്ങൾ!
മുൻകൂറായി സ്വർണ്ണാഭരണങ്ങൾ!
പലിശയില്ലാത്ത പണവായ്പ!

ഏററവുംകൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന
ഏററവും വലിയ

ചെമ്പകാ സ്വർണ്ണാഭരണ
സമ്പാദ്യപദ്ധതി

വിവരണപത്രികയ്ക്കു് പൂർണ്ണമായ മേൽവിലാസവും (ജില്ലയും സ്റ്റേററും കാണിച്ചു്) മാതൃഭാഷ വ്യക്തമായെഴുതി 25 പൈസസ്റ്റാമ്പുസഹിതം അയയ്ക്കുക.

CHEMBAKA JEWELLERS
Alleppey-1 (Kerala)
Phone: 2092. Gram: Chembaka
Est'd: 1953, G. L. No. 61/63 Prop: P. S. Mony

യൂനിഫോറമിട്ട്, ഒരു ലഫ്നേനറു് ജനറലിന്റെ ജന്മാവകാശമായ നാല് നക്ഷത്രചിഹ്നങ്ങൾ അതിൽ കയറ്റി സ്ലിക്കം സ്ഥാനമായി ജനറൽ ചാത്തൻസ് തന്റെ ഔദ്യോഗികവസതിയിലെ സ്വീകരണമുറിയിൽ ഇരുന്നൊണ്ടു പ്രവേശിച്ചു. സുപ്രഭാതവും പ്രാതലും കഴിഞ്ഞ സമയം. പ്രിൻസിപ്പൽ സ്റ്റാഫ് കാഫീ സർ, ബ്രിഗേഡിയർ ചെക്കൻ, കടന്നവന്നു് സല്യൂട്ട് ചെയ്തു:

വാ ചെക്കൻ—ജനറൽ പറഞ്ഞു—ഇരിക്കു്.

അതിനുശേഷം ടോപ് ആർമിബ്രാസ്സു്—ഉന്നത പിച്ചളപട്ടാളം—തങ്ങളുടെ

ജനറൽ ചാത്തൻസ്

സേവനത്തിന്റെ ഭാഗമായി പറയാറുള്ള ഒരു പരപ്പു് പച്ചത്തെറിവാക്കുകൾ ജനറൽ പറഞ്ഞു:

വാട്ട് ദ ഹെൻ. ബ്ലഡി. ഫക്കിനാൾ. സൺ ഓഫ് എ ഗൺ. ബിച്ചു്.

ബ്രിഗേഡിയർ വീണ്ടും സല്യൂട്ടുചെയ്തു് ഇരുന്നു.

ഇന്നത്തെ നമ്മുടെ പരിപാടി, ജനറൽ.

പറ, ബ്രിഗ്, പറ.

പതിനൊന്നുമണിക്കു് പ്രധാനമന്ത്രിയെ സന്ദർശിക്കുക, പന്ത്രണ്ടുമണിക്കു് പ്രതിരോധമന്ത്രിയെ, രണ്ടുമണിക്കു് പ്രസിഡണ്ടുവർകളെ. മുന്നുമണിക്കു് കരസേനാതലസ്ഥാനത്തു് ചീഫ് ഓഫ് സ്റ്റാഫിന്റെ അദ്ധ്യക്ഷതയിൽ ജനറൽ സ്റ്റാഫുമായി സമ്മേളനം. വൈകുന്നേരം ആറിനു് ഡിഫൻസു് ക്ലബ്ബിൽ കോക്ടെയ്ൽ പാർട്ടി.

നല്ല പരിപാടി. അതിനുമുമ്പു് നാമെന്തുചെയ്യാൻ പോകുന്നു?

സന്ദർശകരുണ്ടു്.

ആരെല്ലാമാണു്?

ആദ്യമായി പ്രസ്സ്ഇൻഫർമേഷൻ ബ്യൂറോവിൽ നിന്നെത്തിയ ഫോട്ടോഗ്രാഫർ. യൂനിഫോറസമ്മിശ്രമായ ജനറലിന്റെ പടം എടുക്കേണ്ടതുണ്ടു്. ഔദ്യോഗികമേഖകളിലേക്കും പത്രങ്ങൾക്കു വിതരണത്തിനും.

അയാൾ വന്നിട്ടുണ്ടോ?

ഉവ്വു് ജനറൽ.

വരാൻ പറയൂ.

കാർഡർലി! ബ്രിഗേഡിയർ വിളിച്ചു.

വളരെ ചുറുചുറുക്കായി യൂനിഫോറമിട്ട ഒരു ജവാൻ കടന്നുവന്നു് വെടിപൊട്ടും പോലെ സല്യൂട്ടു് ചെയ്തു. വടിപോലെ നിന്നു.

അറ്റൻസ്ഷൻ—ജനറൽ കല്പിച്ചു.

ജവാൻ ആജ്ഞയിൽ നിന്നു.

നിന്റെ പേരെന്താണു്, ജവാൻ?

നാഥുറാം, സാഹേബു്.

എവിടുത്തുകാരനാണു്?

യു. പി. സാഹേബു്.

അച്ഛാ ലഡ്കാ ഹൈ തും. ഠീക്?

(നീ നല്ല പയ്യനാണു്)

ജീ സാഹേബു്.

നിനക്കു വയസ്സെന്തായി?

ഇരുപത്തിരണ്ടു്, സാഹേബു്.

സർവ്വീസ്?

മൂന്നരവർഷം, സാഹേബു്.

നിന്റെ മാതാപിതാക്കൾ എന്തുചെയ്യുന്നു?

കരിമ്പുകൃഷിയിൽ പങ്കുവാരക്കാരാണു്, സാഹേബു്.

കണ്ടോ?—ജനറൽ ബ്രിഗേഡിയറോടു്

വി. കെ. എൻ.

പറഞ്ഞു—നമ്മുടെ പട്ടാളത്തിന്റെ പുഷ്ടം കൃഷിയിൽനിന്നാണു വിടുന്നതു്.

ശരിയാണു്, ജനറൽ.

നിനക്കു് ഇവിടെ എപ്പോഴാണു് ഡ്യൂട്ടി, ജവാൻ? ജനറൽ ചോദിച്ചു.

ഈയാഴ്ച പകലാണു്, സാഹേബു്. അടുത്തയാഴ്ച രാത്രി.

നിന്നെ ഇരുപത്തിനാലു മണിക്കൂറും നാം ഇവിടെ നിയോഗിച്ചിരിക്കുന്നു.

ശരി, സാഹേബു്.

നിനക്കു് ചോറും ചായയും ബീഡിയുമെല്ലാം എന്റെ കണക്കിൽ ഇവിടെ തന്നു.

അവിടുത്തെ കൂപ, സാഹേബു്.

സ്കോച്ച് വിസ്കിയും ത്രീയെക്സ്റ്റ്മും കുടിച്ചു മടുക്കുമ്പോൾ നീ എനിക്ക് ഇടയ്ക്കൊരു കപ്പി പട്ട കൊണ്ടു തരണം, കേട്ടോഡേ!

ജയ്റാംജിയുടെ പേരിൽ ഞാൻ കൊണ്ടുതരാം, സാഹേബ്.

ശരി, ഫോട്ടോഗ്രാഫറോട്ടു വരാൻ പറ

ഞെക്കുവിളക്കും ക്യാമറകളുമായി അയാൾ വന്നു. നിന്നും ഇരുന്നുമുള്ള ജനറലിന്റെ വിവിധപോസുകൾ യന്ത്രത്തിൽ പകർത്തി. നാലു നക്ഷത്രചിഹ്നങ്ങളുടെ മാത്രമായ പടം പിടിച്ചു. പിന്നീട് പ്രിൻസിപ്പൽ സ്റ്റാഫ്ഓഫീസറുമൊത്ത് ജനറൽ മന്ത്രവിചാരം നടത്തുന്നതിന്റേയും മല്ലിടിക്കുന്നതിന്റേയും പടങ്ങൾ ക്യാമറസ്ഥമാക്കി എല്ലാം കഴിഞ്ഞപ്പോൾ പൂരികത്തിന്റെ ഒരു വെട്ടൽ ജനറൽ അയാളെ ഡിസ്മിസ് ചെയ്തു.

ഇനി ബ്രിഗ്?—ചെക്കൻ ചോദിച്ചു.

സ്റ്റേററ്സ്മൻ പത്രത്തിന്റെ പ്രത്യേക ലേഖകൻ വന്നിട്ടുണ്ട്.

അയാളെന്തിനുവന്നു?

അതു നമ്മുടെ പത്രമാണ്. അവർക്കാണു നാം കാര്യങ്ങൾ ചോർത്തിക്കൊടുക്കാറ്. സായ്പിന്റെ കാലംമുതല്ക്കുള്ള ഒരിടപാടാണിത്.

ജനറൽ ചിരിച്ചു—ചാത്തൻസായി പറഞ്ഞു:

ഒരു ഭടനെന്ന നിലയ്ക്കു പ്രസിദ്ധിയെ ഞാൻ വെറുക്കുന്നു. എനിക്കയാളെ കാണണ്ട.

എന്റെ സുഹൃത്താണ്, ഞാൻ വരാൻ പറഞ്ഞതാണ്, ചാത്തൻസ്.

എടോ ചെക്കൻ—ചാത്തൻസ് പറഞ്ഞു—ലഫ്ടനൻറ്ജനറലായിചാർജ്ജെടുത്തതിനു പിറേറന്നു തന്നെ കണ്ടതെണ്ടിപത്രക്കാരെയൊക്കെ കാണാൻ തുടങ്ങിയാൽ പിന്നെ എനിക്കെന്താണെടോ ഒരു വില, പവറ്? അയാളെ പറഞ്ഞുവിട്ട്. പിന്നൊരിക്കൽ വരാൻ പറ

എന്നാലും ചാത്തൻസ്...

ബ്രിഗ്—ചാത്തൻസ് പറഞ്ഞു—നിന്റെ ജനറലാണ് നിന്നോട് കല്പിക്കുന്നത്

ഓകേ ജനറൽ.

ചെക്കൻ പോയി പത്രക്കാരനെ പറഞ്ഞുവിട്ടു തിരിച്ചുവന്നു. വേറെ സന്ദർശകരുടെ കാര്യം പറഞ്ഞു:

എ. ഡി. സി മാർ വന്നിരിക്കുന്നു, ജനറൽ.

എ. ഡി. സി. മാരോ?

അതെ ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് അയച്ചവരാണ്. താങ്കളുടെ സ്റ്റാററസിനു രണ്ട് എ ഡി. സി. മാർ വേണമെന്നാണ് വഴക്കം.

അതു താൻ പഴക്കവുമാ?

യസ്, ജനറൽ.

നാഥുറാം!

ജി. സാഹേബ്.

ആപ്പീസർമാരോടു വരാൻ പറ.

അഛാ, സാഹേബ്.

അലക്കിത്തേച്ച് ചുളിവിഴാത്ത രണ്ടു പേർ കടന്നുവന്നു. ഒരുത്തൻ പയ്യൻ. മറേറയാൾക്കു പയ്യത്തം വിട്ടിരിക്കുന്നു ജനറലിനേയും ബ്രിഗേഡിയറേയും മററിരുവരും സല്യൂട്ടു ചെയ്തു. ഉന്നതർ അതു മടക്കി.

പയ്യൻ പറഞ്ഞു:

കാപ്ററൻ കപൂർ, സർ.

ഇരിക്ക്—ജനറൽ പറഞ്ഞു.

കാപ്ററൻ ഭാസ്കരൻ, സർ—മററവൻ പറഞ്ഞു.

ജ്ജും ഇരുന്നോ—ജനറൽ പറഞ്ഞു.

ഇരുന്നതിനുശേഷം രണ്ടുപേരുടേയും വക്താവായി കപൂർ പറഞ്ഞു:

ചീഫ് താങ്കൾക്കു നിയോഗിച്ച എ. ഡി. സി. മാരാണ് സർ, ഞങ്ങൾ.

ഇതിനുമുമ്പ് കപൂർ എവിടെയായിരുന്നു?—ജനറൽ ചോദിച്ചു.

ആയിരത്തൊന്നാം കുതിരപ്പട്ടാളറെജിമെൻറിൽ, സർ.

കുതിരപ്പട്ടാളത്തെ ഇപ്പോഴും നിലനിർത്തുന്നുണ്ടോ?

ഉണ്ട്, സർ. 1789-ലാണ് റെജിമെൻറ് നിലവിൽ വന്നത്, സർ.

നാലാം മൈസൂർയുദ്ധം കഴിഞ്ഞ്, അല്ലേ?

അതെ, സർ—ജനറൽ ചാത്തൻസിന്റെ പട്ടാളചരിത്രജ്ഞാനത്തിൽ അത്ഭുതസ്തിമിതഡിണ്ടിമനായ കാപ്ററൻ കപൂർ പറഞ്ഞു.

പിരിച്ചുവിടാൻ നിർദ്ദേശം ഒന്നുമില്ല, അല്ലേ?

ഇല്ല സർ. വർണ്ണശബളമായ ഒരു വീരചരിത്രമാണ് ആയിരത്തൊന്നിനുള്ളത്.

എനിക്കറിയാം—ജനറൽ പറഞ്ഞു—അല്ലെങ്കിലുംവർദ്ധിച്ചുവരുന്ന അണ്വായുധഭീഷണിക്കെതിരെ വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ അതു കുതിരപ്പട്ടാളത്തിനു മാത്രമാണ്.

അന്തസ്സിനു—പോയ്സിനു—ക്ഷതംതട്ടിയ കപൂർ തന്ത്രപൂർവ്വം ലഘുവായി ഒന്നു കരച്ചു.

താങ്കൾ?—ജനറൽ ഭാസ്കരനോടു ചോദിച്ചു.

എം. ആർട്ടില്ലറിയിലാണ്, സർ.

കുതിരയും യന്ത്രത്തോക്കും—ജനറൽ ചിരിച്ചു—നല്ല ബാലൻസിങ്ങ്. ബ്ളഡി. സ്ക്രൂ. ഡാം. പൂ.

താണ് റാങ്കുകാർ നടുക്കത്തോടെ കൂനിക്കൂടി ഇരുന്നു.

കാപ്ററന്മാർക്കു പോകാം. തിരിച്ചു താന്താങ്ങളുടെ റെജിമെൻറുകളിലേക്ക്—ജനറൽ പറഞ്ഞു—എനിക്ക് എ. ഡി. സി മാരെ ആവശ്യമില്ല.

ആർ യു ഷുവർ സർ?—ബ്രിഗേഡിയർ ചെക്കൻ ചോദിച്ചു.

അബ്സല്യൂട്ട്ലി, ഡാമിററ്!—ജനറൽ കരച്ചു—പട്ടാളത്തിന് ഒരു പുതിയ ശൈലിയുണ്ടാക്കാനാണ് ഞാൻ ശ്രമിക്കുന്നത്. എ ഡി. സി മാർ അതിന്റെ ഭാഗമല്ല.

ഇപ്പോൾ കപൂറിനു ധൈര്യം വന്നു. അയാൾ ചോദിച്ചു.

അമേരിക്കയിലെമാതിരി 'മോഡ്' ആർമിയോ, സർ?

അങ്ങനെയില്ല.

അവിടെ ആർമി 'മോഡാ'യി പോകുന്നെങ്കിലും, സർ, വെസ്റ്റ്പോയൻറിലെ ജനറൽമാർക്ക് ഇപ്പോഴും എ ഡി. സി. മാരുണ്ട്.

ഏടേ പയ്യൻ! - ജനറൽചാത്തൻസ് പറഞ്ഞു—സാൻഡ്ഹേഴ്സ്റ്റ്, വെസ്റ്റോയിൻറ് എന്നെല്ലാം പറഞ്ഞ് ആളെ വിരട്ടാൻ നോക്കല്ലഡേ.

അയാം സോറി, ജനറൽ ..

നില്ലഡേ. ലോകത്തിൽ തല്ലിപ്പൊളി പട്ടാളപരിശീലനകേന്ദ്രങ്ങൾ വേറെയുമുണ്ട്.

യെസ്, ജനറൽ.

വെസ്പോയിൻറിൽനിന്നു പോയ വീരന്മാരുടെ പടയെ ജനറൽ ഗ്യാപ്വിയററ്നാമിൽ പപ്പടമാക്കിയില്ലേഡേ?

യെസ്, ജനറൽ.

അല്ലെങ്കിൽ പപ്പടകം.

യെസ്, ജനറൽ.

ഒരേകാംഗഡിവിഷൻ, അമാനുഷഡിവിഷൻ, വൺമാൻഡിവിഷൻ എന്ന മാതൃതയിലാണ് ഞാൻ ചിന്തിക്കുന്നത്—ജനറൽ പറഞ്ഞു—വൺമാൻഡിവിഷൻ എന്ന പ്രയോഗം ആരുടേതാണെന്നറിയാമോ?

അറിയില്ലെന്നു കപൂർ സമ്മതിച്ചു. ഭാസ്കരനും

താൻ അക്കാദമി ഉല്പന്നമല്ലേ, കപൂർ?—ജനറൽ ചോദിച്ചു.

അതെ, ജനറൽ.

താനോ ഭാസ്കരൻ?

അടിയൻ എമർജസി കമ്മീഷനാണ്, ജനറൽ.

തന്നെ മാപ്പാക്കിയിരിക്കുന്നു—ജനറൽ ചാത്തൻസ് പറഞ്ഞു—എന്നാൽ കപൂറിനെ അതിനു ഭാവമില്ല.

വധശിക്ഷയും കാത്ത് കപൂർ നിശ്ശബ്ദം ഇരുന്നു. ജനറൽ ചോദിച്ചു:

അക്കാദമിയിൽ പട്ടാളം—രാഷ്ട്രീയചരിത്രം പഠിപ്പിക്കുന്നില്ലേ, കപൂർ?

ഉണ്ട്, ജനറൽ.

വൺമാൻഡിവിഷൻ എന്ന പരാമർശത്തെക്കുറിച്ച് ആരും പറഞ്ഞുതന്നില്ലേ?

ഇല്ല ജനറൽ.

എന്നാൽ കേൾക്ക്—ആഡ്മിറലായിരുന്ന മൌണ്ട് ബാററൻപ്രഭു ഇന്ത്യാവൈസ്രോയിയായിരുന്ന കാലത്ത് നവഖാലിയിൽ സമാധാനദൂതനായി സഞ്ചരിച്ചിരുന്ന ഗാന്ധിജിയെക്കുറിച്ചു പറഞ്ഞതാണ് വൺമാൻഡിവിഷൻ എന്ന്. മനസ്സിലായോ?

താങ്ക്യൂ, ജനറൽ.

ശരി നിങ്ങൾക്കു താന്താങ്ങളുടെ പൂർവ്വതസ്തികകളിലേക്കു പോകാം. ഏതാണ് കപൂറിന്റെ ക്ഷേത്രം?

വെസ്റ്റേൺ കമാണ്ട്, ജനറൽ. എന്നാൽ താങ്കൾ ദയാപൂർവ്വം എന്റെ സേവനം നിരസിച്ച നിലയ്ക്ക് ഇനി പോസ്റ്റിങ്ങ് ഹെഡ്ക്വാട്ടേഴ്സിലായിരിക്കും,

(ശേഷം 46-ൽ)

വിദ്യാർത്ഥി യുവജന നേതാക്കളെ പ്രതി

വിദ്യാർത്ഥിലക്ഷങ്ങളുടെ അനിഷേധ്യനേതാവ്



വി. എം. സുധീരൻ

എന്റെ ഏററവും പ്രിയപ്പെട്ട സുഹൃത്തുക്കളിലൊരാളായ അനിയൻകുഞ്ഞ് (പി. സി ചാക്കോ. ഇന്ത്യൻ യൂത്തുകോൺഗ്രസ്സ് ജനറൽസെക്രട്ടറി.) ഏഴുവർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരം യൂണിവേഴ്സിററി ഹോസ്റ്റലിൽവച്ച് ഒരുദിവസം, കെ. എസ്സ്. യു. വിന്റെ സജീവപ്രവർത്തകനായ ഒരു ഹൈസ്കൂൾവിദ്യാർത്ഥിയെ, എനിക്കു പരിചയപ്പെടുത്തിത്തന്നു. ചുണക്കുട്ടിയായ ഒരു പതിനാറുകാരൻ. പേര്, സുധീരൻ. ആരെയും വശീകരിക്കുന്ന മന്ദഹാസവും, ആത്മാർത്ഥത നിഴലിക്കുന്ന കണ്ണുകളുമുള്ള സുധീരൻ.

അന്ന് ഞാനും അനിയൻകുഞ്ഞും യൂണിവേഴ്സിററി കോളേജിലെ വിദ്യാർത്ഥികളായിരുന്നു. താമസം യൂണിവേഴ്സിററി ഹോസ്റ്റലിലും. ഞാനന്ന് യൂണിവേഴ്സിററി കോളേജ് ആർട്ട്സ് ക്ലബ്ബിന്റെ സെക്രട്ടറിയും, അനിയൻകുഞ്ഞ് കേരള സ്റ്റുഡൻസ് യൂണിയന്റെ ഉന്നത നേതാക്കന്മാരിലൊരാളുമായിരുന്നു കണ്ടശ്ശാംകടവ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്ന സുധീരൻ തിരുവനന്തപുരത്തുവച്ചുനടന്ന കെ എസ്സ് യു-വിന്റെ ഒരു യോഗത്തിൽ സംബന്ധിക്കാനെത്തിയ സന്ദർഭമായിരുന്നു അതു്. സുധീരൻ കെ. എസ്സ്. യു വിന്റെ സംസ്ഥാനക്കമ്മിററിയിലെ അംഗമായിരുന്നു അന്ന്.

ആ പരിചയം പിന്നീട് ഉറച്ച സുഹൃത്ബന്ധമായി വളർന്നു.

1971. കാലം മാറിയിരിക്കുന്നു.

ഞാനിന്നു വിദ്യാർത്ഥിയല്ല. ഒരു കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥനാണ്.

അനിയൻകുഞ്ഞ് ഇന്ത്യൻ യൂത്തുകോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായി. സുധീരൻ കേരളസ്റ്റുഡൻസ് യൂണിയന്റെ പ്രസിഡന്റുമായി.

കേരളത്തിലിന്ന് ഏററവുമധികം ശ്രദ്ധിക്കപ്പെടുന്ന ഒരു ശബ്ദമാണ് സുധീരന്റേതു്. കാരണം മറെറാന്നുമല്ല. കേരളത്തിലെ ലക്ഷോപലക്ഷമുള്ള സംഘടിത വിദ്യാർത്ഥികളുടെ ശബ്ദമാണതു്. ആ ശബ്ദത്തെ അവഗണിക്കാൻ ശ്രമിക്കുന്ന

കെ. വി. മണി എം. എ.



തപകടകരമാണെന്ന് വിദ്യാലയാധികൃതർക്കും സർക്കാരിനുമിന്നറിയാം. നാട്ടുകാർക്കും, പത്രങ്ങൾക്കുമറിയാം.

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് എന്തായിരുന്നു സ്ഥിതി? കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംഘടിക്കാനും ശബ്ദമുയർത്താനുമുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നില്ലേ?

അച്ചടക്ക നടപടികളും മററു പലവിധ ഭീഷണികളും പ്രയോഗിച്ച് വിദ്യാർത്ഥികളുടെ മനോവീര്യത്തെയും വർഗ്ഗബോധത്തെയും നിഷ്പ്രഭമാക്കാൻ എത്രയെത്ര പ്രൈവററുകോളേജ് മാനേജ്മെൻറുകൾ പണ്ടു ശ്രമിച്ചിട്ടുണ്ട്! നാടിന്റെ ദൗർഭാഗ്യംകൊണ്ട് പ്രൈവററുകോളേജ് മാനേജ്മെൻറിൽ കടന്നുകൂടാൻ കഴിഞ്ഞ വിവരമില്ലാത്ത കുറെ ഫ്യൂഡലിസ്റ്റുകളുടെയും, അദ്ധ്യാപകവേഷം കെട്ടിയ ചെകുത്താന്മാരുടെയും കിരാതവാഴ്ചയനുഭവിച്ചറിഞ്ഞിട്ടുള്ളവനാണീ ലേഖകൻ.

ഇന്നാസ്ഥിതി എത്രയോ മാറിയിരിക്കുന്നു. അവകാശങ്ങളും അർഹിക്കുന്ന സ്ഥാനങ്ങളും വിദ്യാർത്ഥികൾ ഒന്നൊന്നായി നേടിക്കൊണ്ടിരിക്കുന്ന സന്തോഷകരമായ കാഴ്ചയാണിന്നു കാണുന്നതു്.

ഈ സ്വാഗതാർഹമായ പരിവർത്തനത്തെ ത്വരിതപ്പെടുത്തിയതു് കെ എസ്സ്. യു. എന്ന സുശക്തമായ വിദ്യാർത്ഥിസംഘടനയാണെന്നുള്ളതു് തർക്കമററ സംഗതിയാണ്.

പണ്ടു ഞങ്ങളനുഭവിച്ച മാനസികവേദനയുടേയും അസ്വസ്ഥതയുടേയും സ്ഥാനത്തു് ഇന്ന് സന്തോഷവും സംതൃപ്തിയുമാണുള്ളതു്. കാരണം സുസംഘടിതരായ വിദ്യാർത്ഥികൾ അവരുടെ മൗലികാവകാശങ്ങളിൽ പലതും നേടിയെടുത്തുകഴിഞ്ഞിരിക്കുന്നു. കിട്ടേണ്ടതിനുവേണ്ടിയവർ സമരത്തിന്റെ കൊടുങ്കാററുകൾ സൃഷ്ടിക്കുന്നു.

ഇപ്പോഴത്തെ കാര്യംതന്നെ എടുക്കാം. കെ. എസ്സ്. യു. സമരരംഗത്താണ്. കേരളത്തിലെ വിദ്യാർത്ഥിലക്ഷങ്ങളുടെ ആശയാഭിലാഷങ്ങളെ ഗവൺമെന്റു മാനിക്കാത്തതിൽ പ്രതിഷേധിച്ചാരംഭിച്ചിട്ടുള്ള ഈ സമരത്തിന് ധീരമായ നേതൃത്വം നൽകിക്കൊണ്ട് വിദ്യാർത്ഥിനേതാവ് ശ്രീ. വി. എം. സുധീരൻ സമരമുഖത്തു നില്ക്കുന്നു. നിശ്ചയദാർഢ്യത്തോടെ, ആത്മാർത്ഥതനിഴലിക്കുന്ന കണ്ണുകളോടെ, ആവേശംതുളുമ്പുന്ന മുഖഭാവത്തോ

കെ. വി. മണി എം. എ.

1972-ലെ
ആകർഷകമായ

മലയാളനാട്ട്
ഷീറ്റുകലണ്ടർ

വൈറ്റ് പ്രിന്റുപേപ്പർ,
ഡബിൾകളർ,

'71 നവംബർ
അവസാനവാരത്തിൽ
പ്രസിദ്ധീകരിക്കുന്നു

ഒറ്റപ്രതി 80 പൈസ

മാനേജർ, മലയാളനാട്ട്, കൊല്ലം

ടെ പതറാതെനില്ക്കുന്ന ഇരുപത്തിമൂന്നു വയസ്സുപ്രായമുള്ള സുമുഖനായ സുധീരനെന്ന ആ ചെറുപ്പക്കാരനെ, നമുക്കൊന്നു പരിചയപ്പെടാം.

1948 മേയ്മാസം 26-ാംതീയതി തൃശ്ശൂർജില്ലയിലെ അന്തിക്കാട്ടു പഞ്ചായത്തിൽ പടിയം ഗ്രാമത്തിൽ കനോലികനാലിനുതീരത്തു് വൈലോപ്പിള്ളി വീട്ടിൽ മാമുണ്ടയും ഗിരിജയുടേയും മകനായി സുധീരൻ ജനിച്ചു. അച്ഛൻ ഇന്നു് ഒരു റിട്ടയാർഡു് എൻ. ജി. ഒ.യാണു്. ഒരു സാധാരണകുടുംബം. അഞ്ചു മക്കളിൽ നാലാമനാണു സുധീരൻ.

അച്ഛനു പല സ്ഥലങ്ങളിലും മാറി മാറി ജോലിനോക്കേണ്ടിവന്നതുകൊണ്ടു് സുധീരന്റെ സ്കൂൾവിദ്യാഭ്യാസം പല സ്ഥലങ്ങളിലായിട്ടാണു് പൂർത്തീകരിച്ചതു്. മാങ്ങാട്ടുകര, തൃശ്ശൂർ, നെല്ലിയാമ്പതി, കൊട്ടാരക്കര, കണ്ടശ്ശാങ്കടവു് എന്നിസ്ഥലങ്ങളിലായി സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി.

1964-ൽ കണ്ടശ്ശാംകടവു് ഗവൺമെന്റു് ഹൈസ്കൂളിൽനിന്നു് ഫസ്റ്റു് ക്ലാസ്സോടെ എസ്സു്. എസ്സു്. എൽ. സി. പാസ്സായിട്ടു് പ്രീഡിഗ്രിക്കു് തൃശ്ശൂർ സെൻറു്തോമസ്സു് കോളേജിൽ ചേർന്നു. നന്നേ ചെറുപ്പത്തിൽ തന്നെ കെ. എസ്സു്. യു-വിന്റെ ഒരു സജീവപ്രവർത്തകനായിരുന്ന സുധീരൻ പ്രീഡിഗ്രിക്ലാസ്സിലെത്തിയപ്പോൾ തൃശ്ശൂർ ജില്ലായൂണിറ്റു് സെക്രട്ടറിയായി.

1966-ൽ എക്കണോമിക്സ് ബി. എ. യ്ക്കു് അതേ കോളേജിൽതന്നെ ചേർന്നു. അക്കൊല്ലം തൃശ്ശൂർ ജില്ലാപ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു.

മാർക്സിസ്റ്റു ഭരണകാലത്തെ ഭക്ഷ്യസമരത്തിലും, 1967-ൽ തേവരകോളേജിലെ വിദ്യാർത്ഥിയായിരുന്ന മുരളിയുടെ മരണത്തെത്തുടർന്നുണ്ടായ പ്രക്ഷോഭണത്തിലും സജീവമായി പങ്കെടുത്തുകൊണ്ടു് സുധീരൻ നാടെങ്ങും സഞ്ചരിച്ചു് പ്രസംഗിക്കുകയും പ്രവർത്തിക്കുകയുംചെയ്തു.

ബി. എ. വിദ്യാർത്ഥിയായിരിക്കുമ്പോൾ 1968 മുതൽ 1970 വരെ സുധീരൻ കെ. എസ്സു്. യു. ജനറൽ സെക്രട്ടറിയായിരുന്നു. 1970-ൽ സംസ്ഥാന വൈസ്പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു.

1971 ജനുവരി 30, 31 ഫെബ്രുവരി 1 എന്നീ തീയതികളിൽ തൃശ്ശൂർ തേക്കിൻകാട്ടുമൈതാനത്തു മുരളിനഗറിൽ നടന്ന കെ. എസ്സു്. യു. സംസ്ഥാനസമ്മേളനം സുധീരനെ പ്രസിഡൻറായി തെരഞ്ഞെടുത്തു.

സുധീരനിന്നു് ചുറുചുറുക്കോടെ നാടു നീളെ സഞ്ചരിച്ചു് സംഘടനാപ്രവർത്തനങ്ങൾക്കു് സമർത്ഥമായ നേതൃത്വം നൽകുന്നു. വിദ്യാർത്ഥിവർഗ്ഗത്തിന്റെ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭണം സംഘടിപ്പിക്കുന്നു.

കുറച്ചു ദിവസങ്ങൾക്കുമുമ്പു് യാദൃച്ഛികമായി കണ്ടുമുട്ടിയപ്പോൾ ഞങ്ങൾ കുറച്ചുസമയം പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി.

ഞാനൊരു സംശയമുന്നയിച്ചു:

"ഭരണകോൺഗ്രസ്സു് മന്ത്രിസഭയിൽ ചേർന്നുകൊണ്ടു് ഗവണ്മെൻറിനു് എതിരായി പ്രക്ഷോഭണം നടത്താൻ കെ. എസ്സു്. യു-വിനു കഴിയുമോ?"

സുധീരൻ തിരുത്തിപ്പറഞ്ഞു:

"തീച്ചയായും കഴിയും. ശ്രീമാൻ ആർ. ശങ്കർ ഭരിക്കുമ്പോൾ കെ. എസ്സു്. യു. സമരം നടത്തിയിട്ടുണ്ടു്. ആരു ഭരിച്ചാലും വിദ്യാർത്ഥിവർഗ്ഗത്തിന്റെ ന്യായമായ അവകാശങ്ങൾനേടിയെടുക്കാൻവേണ്ടി കെ. എസ്സു്. യു ശക്തമായ സമരം ചെയ്യും."

വിദ്യാർത്ഥിലോകത്തു് ഇന്നനുഭവപ്പെടുന്ന അച്ചടക്കമില്ലായ്മയെക്കുറിച്ചും അസ്വസ്ഥതയെക്കുറിച്ചും സുധീരന്റെ അഭിപ്രായം ചോദിച്ചപ്പോൾ ഇങ്ങനെ മറുപടികിട്ടി:

"അച്ചടക്കമില്ലായ്മ പലരും പൊലിപ്പിച്ചുപറയുന്നതരത്തിലൊന്നുമില്ല. വിദ്യാർത്ഥികളുടെ പ്രശ്നങ്ങളോടുള്ള സമീപനത്തിൽ ബന്ധപ്പെട്ടവർ മാറ്റം വരുത്താത്തതുകൊണ്ടുള്ള കുഴപ്പങ്ങളാണു പലയിടത്തുമുള്ളതു്. പിന്നെ അസ്വസ്ഥതയുടെ പ്രധാനകാരണം തൊഴിലില്ലായ്മയാണു്. തൊഴിൽദായകമായ ദേശീയവിദ്യാഭ്യാസപദ്ധതി നടപ്പിലാക്കിയാലേ ഇതിനു പരിഹാരമുണ്ടാവുകയുള്ളൂ."

ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ

പോരായ്മകളെക്കുറിച്ചു സുധീരൻ പറഞ്ഞു:

"ബ്രിട്ടീഷുകാർ ക്ലാർക്കന്മാരെ സൃഷ്ടിക്കാൻ ആവിഷ്കരിച്ചിരുന്ന നിഷ്പ്രയോജനമായ ഈ പഴഞ്ചൻവിദ്യാഭ്യാസരീതി മാറിയേ തീരൂ. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടമാടുന്ന അഴിമതികൾക്കെതിരെ ഞങ്ങൾ ഉറന്ന സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. പഠിപ്പിക്കാൻ ചെല്ലുന്ന അദ്ധ്യാപകനോട്ടം പഠിക്കാൻ ചെല്ലുന്ന വിദ്യാർത്ഥിയോട്ടം അവർ കോഴവാങ്ങുന്നു. ന്യൂനപക്ഷാവകാശസംരക്ഷണനിയമത്തിന്റെ മറവിൽ നടത്തുന്ന നിന്ദ്യമായ ഈ അഴിമതികൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ഭരണഘടന വേണമെന്നുണ്ടെങ്കിൽ തിരുത്തണം. 15 ലക്ഷം പേരൊപ്പിട്ട ഒരു ഭീമഹർജി ഞങ്ങൾ ഈ ആവശ്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ടു പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതാണു".""

"ഫീസുകൾ ഏകീകരിക്കണം. ഏകീകൃതയൂണിവേഴ്സിറ്റിനിയമങ്ങൾ നടപ്പാക്കണം. കോളേജ് മാനേജിങ്ങ് കൗൺസിലുകളിൽവിദ്യാർത്ഥികൾക്ക് അർഹമായ പ്രാതിനിധ്യം നൽകണം. തൊഴിൽദായകമായ വിദ്യാഭ്യാസപദ്ധതിയും വിദ്യാലയാരോഗ്യപദ്ധതികളും നടപ്പാക്കണം. വോട്ടവകാശത്തിനുള്ള പ്രായം 18 വയസ്സാക്കണം. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളെ ഗവണ്മെന്റു നേരിട്ടു നിയന്ത്രിക്കണം. ഇങ്ങനെ പോകുന്നു ഞങ്ങളുടെയാവശ്യങ്ങൾ" സുധീരൻ വ്യക്തമാക്കി.

ഒരിക്കൽ പരിചയപ്പെട്ടവർക്ക് പിന്നൊരിക്കലും മറക്കാനാവാത്ത അസാധാരണമായ വ്യക്തിത്വമുള്ള ധീരനായ ഈ വിദ്യാർത്ഥിനേതാവിനു് ഉജ്ജ്വലമായ ഒരു രാഷ്ട്രീയഭാവിയുണ്ടെന്നു തീച്ച.

നർമ്മരസം തുളുമ്പുന്ന സംഭാഷണശൈലിയും സൗമ്യമായ പെരുമാറ്റവും, തന്റേടവും ആത്മാർത്ഥതയുമുള്ള മനസ്സും, അദ്ധ്വാനശീലവും, സുധീരന്റെ എടുത്തുപറയേണ്ട ചില ഗുണങ്ങളാണ്. ഇതൊക്കെത്തന്നെയാണു സുധീരനെ കേരളത്തിലെ വിദ്യാർത്ഥിലോകത്തിന്റെ കണ്ണിലുണ്ണിയാക്കിയതും.

—o—

എന്റെ മനസ്സിനിണയെ സ്വപ്നങ്ങളാണു്. നിറവും മണവുമുള്ള സ്വപ്നങ്ങൾ. ആ സ്വപ്നങ്ങളെ മണത്തുകൊണ്ടു്, അതിന്റെ ലഹരിയിൽ, എന്റെ സ്വപ്നങ്ങൾ ഒരിക്കൽ യാഥാർത്ഥ്യമാവുമെന്ന ഉറച്ച വിശ്വാസത്തോടെ ഞാനെഴുന്നു—എന്റെ സങ്കല്പങ്ങളിൽ ജീവിക്കുന്ന ഭർത്താവിനെക്കുറിച്ചു്.

എന്റെ സ്വപ്നങ്ങളുടെ ലഹരി

ആദ്യം രൂപത്തെക്കുറിച്ചുതന്നെയാവട്ടെ. എന്റെ ഭർത്താവു് ഒരിക്കലും ഒരു 'സുന്ദരക്കുട്ടപ്പൻ' ആവരുതു്. ചുരുണ്ടമുടിയും വെളുത്തുചുവന്ന, കൊഴുത്ത ശരീരവും അദ്ദേഹത്തിനു് വേണ്ട. ഒട്ടും 'ഒടിയാത്ത' തലമുടിയും മെലിഞ്ഞു് പൊക്കംകുടിയ ശരീരവും അദ്ദേഹത്തിനുണ്ടാവണം. പിന്നെ പുഴുങ്ങിയെടുത്ത മുട്ടപോലെയാവരുതു്, അദ്ദേഹത്തിന്റെ മുഖം. നല്ല ഒരു സുന്ദരൻമീശയുടെ ഉടമയാവണം എന്നത്രം. കാണാൻ ഒട്ടും ഭംഗിയില്ലെങ്കിൽക്കൂടിയും ഞാനുദ്ദേശിക്കുന്ന മറ്റു ഗുണങ്ങൾ അദ്ദേഹത്തിനുണ്ടായാൽ മതി.

ഇനി സ്വഭാവം. മിക്കപെൺകുട്ടികളും ഒരു 'അനാഘ്രാതകുസുമ'ത്തെയായിരിക്കും ഭർത്താവായിട്ടു് സങ്കല്പിക്കുന്നതു്. പക്ഷേ, എന്റെ ഭർത്താവു് അങ്ങനെയല്ലെങ്കിൽക്കൂടിയും ഞാൻ ആത്മഹത്യചെയ്യാനാണും തുനിയുകയില്ല. തീർച്ച. അദ്ദേഹം എനിക്കു് നല്ല ഒരു ഭർത്താവായാൽ മാത്രംമതി.

പിന്നെ ധാരാളം സിഗറ്റു് വലിക്കുകയും വല്ലപ്പോഴുമൊക്കെ കുടിയ്ക്കുകയും ചെയ്യുന്ന (വിദേശമദ്യമേ ആകാവൂ എന്നു് നിർബന്ധമൊന്നുമില്ല) "ദുസ്വഭാവികളെ" എനിക്കിഷ്ടമാണു്. എന്നുവച്ചു് 'കടി' ഒരു ഒഴിച്ചുകൂടാനാവാത്ത പരിപാടി ആക്കി മാറിയാൽ വല്ലാതെ ബുദ്ധിമുട്ടിപ്പോകും. സിനിമയിലെപ്പോലെ കരഞ്ഞു കാലുപിടിച്ചു മാനസാന്തരപ്പെടുത്തിക്കളയാമെന്ന വ്യാമോഹമൊന്നുമെനിക്കില്ല അതുതന്നെ കാരണം.

ധാരാളം വായിയ്ക്കാത്ത സ്വഭാവക്കാരനായിരിയ്ക്കണം. ഒരു കലാകാരനല്ലെങ്കിൽക്കൂടിയും അദ്ദേഹം തികഞ്ഞ ഒരു സഹൃദയനാവണം.

മറ്റുള്ളവരുടെ മനസ്സിനെ നന്നായി മനസ്സിലാക്കാനുള്ള കഴിവു് അദ്ദേഹത്തിനു് ഉണ്ടായേ തീരൂ. തന്റെ ആദർശങ്ങളും ചിന്താഗതികളും ഭാര്യയിൽ കത്തിച്ചെലുത്താൻ ഒരിയ്ക്കലും അദ്ദേഹം തുനിയരുതു്. അദ്ദേഹത്തിനോടുള്ള ആരാധനയും സ്നേഹവും കൊണ്ടുവാനേ അതുപകരിയ്ക്കൂ എന്നാണെനിയ്ക്കു തോന്നുന്നതു്. ഭാര്യയുടെ മുമ്പിൽ ഒരിയ്ക്കലും അദ്ദേഹം 'പൊങ്ങച്ചം' പറയരുതു്.

പിന്നെ, അദ്ദേഹം ഭാര്യയെന്നു് വച്ചാൽ ജീവൻകളയുന്ന ഒരു വെറും 'മണങ്ങുസൻ' ആയിപ്പോവരുതു്. ആവശ്യത്തിനു് മാത്രം സ്നേഹമൊക്കെമതി.

അദ്ദേഹത്തിനു് സാമാന്യം കൊള്ളാവുന്ന ഒരു ജോലിയുണ്ടാവണം. ഭാര്യ ജോലിയ്ക്കുപോവുന്നതു് കുറച്ചിലാണെന്ന പക്ഷക്കാരനാവരുതു് അദ്ദേഹം.

അദ്ദേഹം ഒരു രാഷ്ട്രീയക്കാരനാവരുതു്. രാഷ്ട്രീയത്തെപ്പറ്റി സാമാന്യപരിജ്ഞാനമൊക്കെ മതി.

വളരെ ചെറിയ അംഗസംഖ്യയുള്ള കുടുംബത്തിലെ അംഗമായാൽ വളരെനല്ലതു്.

സിനിമ കാണുന്ന സ്വഭാവക്കാരനാവണം. ഭാര്യയെ കൂടെക്കൊണ്ടുപോവാനും സന്മനസ്സുണ്ടാവണം.

ചുരുക്കത്തിൽ, കുറച്ചൊക്കെ ഗൗരവക്കാരനായ, മിതമായി മാത്രം സംസാരിയ്ക്കുന്ന പുരുഷത്വത്തിന്റെ മൂർത്തീകരണമാണു് എന്റെ സങ്കല്പങ്ങളിലെ ഭർത്താവു്.

—o—

പി. സുശീല

ജനറൽ ചാത്തൻസ്

(39-ൽ നിന്നും തുടർച്ച)

ഭാസ്കരൻ?

സതേൺ കമാണ്ട്, ജനറൽ. കപൂറിനെമാതിരി ഞാനും ഇനി ഹെഡ്ക്വാട്ടേഴ്സിലായിരിക്കും.

നോ നോ—ജനറൽ കല്പിച്ചു—ബ്രിഗേഡിയർ, ഇവരെ അവരുടെ ക്ഷേത്രങ്ങളിലുതന്നെ തിരിച്ചു പോസ്റ്റ് ചെയ്യാൻ ഹെഡ്ക്വാട്ടേഴ്സിനോടു പറയൂ ആദ്യം കിട്ടുന്ന തീവണ്ടിക്കുതന്നെ ഇവർ പോകട്ടെ, വെറുതെ ദൽഹിയിൽ കള്ളുംകുടിച്ച് വെടിവെച്ചു നടന്നിട്ടു കാര്യമില്ല.

ബ്രിഗേഡിയർ ടെലിഫോണിന്നടുത്തേക്കു പോയി. ക്യാപ്റ്റൻ ഭാസ്കരൻ പറഞ്ഞു:

ഒന്നു ബോധിപ്പിക്കാനുണ്ടായിരുന്നു, ജനറൽ.

കമോൺ, ഷൂട്ട്.

കാപ്റ്റൻ കപൂർ ചോദിച്ചു.

എനിക്കു പിൻവാങ്ങാമോ ജനറൽ?

തന്ത്രപരമായി, ശത്രുവറിയാതെ പിൻവാങ്ങുക—ജനറൽ പറഞ്ഞു

സല്യൂട്ടുചെയ്ത് അയാൾ പോയി.

കാപ്റ്റൻ ഭാസ്കരൻ ബോധിപ്പിച്ചു:

എനിക്ക് അതിർത്തിയിലേക്ക് ഒരു പോസ്റ്റിങ്ങിന് കല്പനയുണ്ടാവണം, ജനറൽ.

എന്താണ് അതിർത്തിപ്രേമത്തിനു പിന്നിൽ?

എല്ലാവിധ കഷ്ടങ്ങളും സഹിച്ച് എനിക്ക് കരുത്തനായ ഒരു ഭടനാവണം, ജനറൽ.

ഒരു കമാണ്ടോകോഴ്സിനു പോകരുതോ?

അതു ഞാൻ കഴിച്ചിരിക്കുന്നു, ജനറൽ.

ഉഗ്രം. ഇനി അതിർത്തി, അല്ലേ?

അതെ, ജനറൽ.

എന്നാൽ പൂർണ്ണ കരുത്തായി, അല്ലേ?

പുറമെ, വിലപ്പെട്ട അനുഭവങ്ങളും, ജനറൽ.

അതിർത്തിയിൽ പോസ്റ്റിങ്ങ്—ജനറൽ ചാത്തൻസ് പറഞ്ഞു—അതുകിട്ടിയാൽ സൌജന്യറേഷനും കുന്നലവൻസും പ്രത്യേക ശമ്പളവുമായി ഇരട്ടി ശമ്പളം ലഭ്യം. ഒരു പൈ ചിലവുമില്ല. എല്ലാം മിച്ചം. അതല്ലേ അനുഭവങ്ങൾ?

അല്ല, ജനറൽ, തീർച്ചയായും അല്ല.

താങ്കളുടെ സേവനറിക്കാർഡ് ഞാൻ പരിശോധിക്കട്ടെ. അതനുശേഷം ആലോചിക്കാം.

താങ്ക്യു ജനറൽ.

അതിനിടയ്ക്ക് താങ്കൾ സ്വക്ഷേത്രത്തിലേക്കു മടങ്ങിപ്പോവുക.

ശരി, ജനറൽ.

വന്നവർ പോയപ്പോൾ ടെലിഫോൺ ചെയ്തുകഴിഞ്ഞ് തിരിച്ചെത്തിയ ബ്രിഗേഡിയർ ചെക്കൻ ജനറൽ ചാത്തൻസിനോട് പറഞ്ഞു:

താങ്കൾ പയ്യന്മാരെ ശരിക്കും വിരട്ടി, ജനറൽ.

തീയ്യിൽ വാടി വെയിലിൽ വളർന്നാലേ പട്ടാളം പട്ടാളമാവൂ, ബ്രിഗേഡിയർ. ആരും എവിടേയും സുഖംകണ്ടു പോവരുത്.

ശരിയാണ്, ജനറൽ.

ഇനി?

വിസിററിനു പോകാൻ സമയമായി—പ്രിൻസിപ്പൽ സ്റ്റാഫ്ഓഫീസർ പറഞ്ഞു.

എന്നാൽ പോകാം—ജനറൽചാത്തൻസ് എഴുന്നേററു വാട്ടിൻ ദ ഹെൻ—ബ്ലഡി—ഫിക്കി ഫിക്ക്—ഡാം—ഫിക്കിനോൾ—ഡാഷിററ്.

—o—

ഗൃഹപഠനം

S. S. L. C. മെട്രിക്, വിദ്വാൻ, പ്രീഡിഗ്രി, ബി. എ. എന്നീ പരീക്ഷകൾക്ക് സമർത്ഥമായ പോസ്റ്റൽ ട്യൂഷൻ.

A B C മുതൽ പഠിച്ചുതുടങ്ങാം.

വിവരങ്ങൾക്ക് പഠിച്ച ക്ലാസ്സും പ്രായവും കാണിച്ച് കത്തെഴുതുക.

P. T. COLLEGE

MANACAUD

TRIVANDRUM-9.

സാഹിത്യസമാജവും പുതുമയും

അറുപഴഞ്ചനായ, അറുബോറനായ, ഇഹത്തിലും പരത്തിലും ആർക്കുമൊരുപകാരമില്ലാത്തതായ സ്കൂൾസാഹിത്യസമാജപരിപാടികളിൽ ഇനിയെങ്കിലും നമുക്കൊരു മാററം വരുത്തിക്കൂടെ? രൂപത്തിലും ഭാവത്തിലും പുതുമയുള്ള ഒന്നുരണ്ടിനമെങ്കിലും ഓരോ യോഗത്തിലും അവതരിപ്പിക്കുവാൻ ശ്രമിച്ചുകൂടെ?

ചന്തമേ—റിയ പുവിലും ശബ—ളാഭമാം ശല—ഭത്തിലും എന്ന പ്രാർത്ഥന ചൊല്ലിക്കഴിഞ്ഞപ്പോൾ ഇരുനൂറ് കുട്ടികൾക്കിരിക്കാനുള്ള സ്ഥലത്ത് അറുനൂറ് കുട്ടികൾ ബദ്ധപ്പെട്ടു തിക്കിത്തിരക്കി ഇരിക്കാൻ വെമ്പുന്ന തിരക്കിനിടയിൽ പലവിധത്തിലുള്ള തിരക്കുകൾ നിർത്തിവെച്ചു നമ്മുടെ എളിയ ക്ഷണം സ്വീകരിച്ചു വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ച് ഇവിടെ എത്തിച്ചേർന്ന ബഹുമാനപ്പെട്ട അദ്ധ്യക്ഷനവർകൾക്കും എന്ന് മുക്കിമുളി വിക്കി വിക്കി തെററിച്ച് തെററിച്ച് സെക്രട്ടറിയുടെ സ്വാഗതപ്രസംഗം വായിക്കാൻ കഴിയുന്നു. (ഈ നീണ്ടവാചകവും അതോടെ കഴിയുന്നു) തദനന്തരം പതിവിൻപടി സെക്രട്ടറിയുടെതന്നെ റിപ്പോർട്ടുവായന നടക്കുന്നു തദനന്തരം സഭാവാസികളിൽ ഒരാൾ പാതി എഴുന്നേററുനിന്നു റിപ്പോർട്ടു പാസ്സാക്കാമെന്നു പറയലും മറെറാരാൾ മുഴുവൻ എഴുന്നേററുനിന്നു ഞാനതിനെ പിന്താങ്ങുന്നു എന്നു പറയലും. തദനന്തരം പതിവുവാചകങ്ങളിൽ അദ്ധ്യക്ഷപ്രസംഗം തദനന്തരം തണുത്ത പപ്പടംപോലെയുള്ള കൈയടി. തദനന്തരം റ്റ്വിങ്ക്ൾ റ്റ്വിങ്ക്ൾ എന്ന് ഇംഗ്ലീഷുപദ്യവും ആഴിമക—ളുമൊരുമി—ച്ചൊരു കുട്ടിന്മേല—ന്നേരമെന്നു മലയാളപദ്യവും പതിവിൻപടി വഴിവാട്ടു ചെയ്ത് അച്ചടക്കത്തെപ്പററിയുള്ള ഉപന്യാസം വായന തദനന്തരം ഏററവും പ്രധാനപ്പെട്ട പരിപാടിയായ സഭാവാസികളുടെ അഭിപ്രായപ്രകടനത്തിന് അദ്ധ്യക്ഷൻ എഴുന്നേററുനിന്നു സഭാവാസികളെ ക്ഷണിച്ചുകൊള്ളൽ തദനന്തരം കുറച്ചധികം സമയം സദസ്സ് ശാന്തം മൂകം. എന്നുവെച്ചാൽ ആർക്കുമൊരു മിണ്ടാട്ടമില്ലായ്മ, എങ്ങുമൊരനക്കമില്ലായ്മ. അതുകണ്ട് അദ്ധ്യക്ഷൻ പതിവിൻപടി പ്രസംഗപരിശീലനത്തിന്റെ ആവശ്യകതയെപ്പററി ഒരിടപ്രസംഗം. തദനന്തരം ആ ഗിരിപ്രസംഗം കേട്ടുണ്ടായ മാനസാന്തരംകൊണ്ടോ ആവേശംകൊണ്ടോ ഒന്നുമല്ല, മുൻകൂട്ടി ടീച്ചർ പേരെഴുതിയെടുത്തുകൊടുത്തതുകൊണ്ടുമാത്രം ഇടയ്ക്കും തലയ്ക്കും ഓരോരുത്തൻ (ത്തിപേരിനൊന്നുമാത്രം)മുക്കിമുളി എഴുന്നേററു തട്ടിത്തടഞ്ഞു വന്നു സ്റ്റേജിൽ കയറികണ്ണടച്ചും കണ്ണു തുറിച്ചും തുട വിറച്ചും തടി വിറച്ചും തൊണ്ട വററിയും ഇന്നത്തെ നമ്മുടെ വിഷയം അച്ചടക്കം എന്നുള്ളതാണല്ലോ—അതിനെക്കുറിച്ച് എനിക്കൊന്നു തന്നെഅറിയുകയില്ല—എങ്കിലും രണ്ടുവാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു എന്നു മുറിച്ചു മുറിച്ചു വീണ്ടും വീണ്ടും ഏച്ചുകൂട്ടിയും ആവർത്തിച്ചും പതിവുവാചകങ്ങൾ പറഞ്ഞൊപ്പിച്ചും പറഞ്ഞൊപ്പിക്കാൻ കഴിയാതെ വിഷമിച്ചും ഇറങ്ങിപ്പോയി സ്വസ്ഥാനം പ്രാപിച്ചു രക്ഷപ്പെടൽ. തദനന്തരം ഇനിയാരും അഭിപ്രായം പ്രകടിപ്പിക്കാൻ ഇല്ലെന്നു

കുഞ്ഞുണ്ണി

വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് എഴുന്നേററു സമയം വൈകിയതിനാലും അച്ചടക്കത്തെപ്പററിയുള്ള എല്ലാ കാര്യങ്ങളും ഇവിടെ എല്ലാവരും പറഞ്ഞുകഴിഞ്ഞതിനാലും ഉപസംഹാരമായി എനിക്കൊന്നും പറയാനില്ല എന്ന് അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗവും നന്ദിപറയാൻ അസിസ്റ്റന്റ് സെക്രട്ടറിയെ ക്ഷണിച്ചുകൊള്ളലും. തദനന്തരം അസിസ്ററന്റ് സെക്രട്ടറിപ്പെൺകുട്ടി കയറിച്ചെന്ന് വളരെയധികം വിഷമിച്ച് പതിവുവാചകങ്ങളിൽ നന്ദിവായിച്ച് ഓടിപ്പോരൽ. തദനന്തരം (ഇതോടെ തദനന്തരത്തിന് അന്തംവന്നു) ജനഗണമന അധിനായക ജയഹേ എന്ന് കുട്ടികളുടെ കൂട്ടനിലവിളിയും ഭാഡിലേക്കോട്ടവും.

ഒററയിരുപ്പിൽ, ഒററവീർപ്പിൽ, ഒററ ഖണ്ഡികയിൽ ഇത്രയും എഴുതിത്തീർക്കാൻ എനിക്കു കഴിഞ്ഞു. കാരണം (എന്റെ ഗംഭീരത്തമല്ലാ നീണ്ട മുപ്പത്തഞ്ചുകൊല്ലമായി) കണ്ടുംകേട്ടും പങ്കെടുത്തും നടത്തിയും നടത്തിച്ചും എനിക്കു കാണാപ്പാഠമായതാണ്. സ്വപ്നത്തിലും തോന്നുന്നതാണ് നമ്മുടെ ഈ സ്കൂൾസാഹിത്യസമാജപരിപാടികൾ. അറുപഴഞ്ചനായ അറുബോറനായ, ഇഹത്തിലും പരത്തിലും ആർക്കുമൊരുപകാരമില്ലാത്തതായ, ഈ പഴയ പരിപാടികൾ ഇനിയെങ്കിലും നമുക്കൊന്നു മാററിക്കൂടെ. രൂപത്തിലും ഭാവത്തിലും പുതുമയുള്ള ഒന്നുരണ്ടിനമെങ്കിലും ഓരോ യോഗത്തിലും അവതരിപ്പിക്കാൻ ശ്രമിച്ചുകൂടെ. സാഹിത്യസമാജമെന്ന ഈ പേരുതന്നെ മാററിയാലെന്താ. സമ്മേളനസമ്പ്രദായത്തിലും സദസ്സിന്റേയും സഭാമണ്ഡപത്തിന്റേയും സംവിധാനത്തിലും പരിപാടികൾ നടത്തുന്ന രീതിയിലും ക്രമത്തിലുംകൂടി ഇടയ്ക്കിടയ്ക്ക് പുതുമയുണ്ടാക്കാൻ നോക്കണം. എന്നേ ഈ പ്രസ്ഥാനം എന്നും സജീവമാകു, സരസമാകു.

—o—



ചെറുകഥ

കെ. പ്രകാശൻ

നീ ഒരു ചിതലുറുമ്പാകുന്നു

ചരിത്രം തുടങ്ങുന്നതു ജനനത്തിനും മുമ്പ് രേഖപ്പെടുത്തിയ സഞ്ചാരപഥങ്ങളിൽ നിന്റെ സമ്മതമില്ലാതെ നീ സഞ്ചരിക്കുന്നു. അതിൽനിന്നൊഴിഞ്ഞുമാറാൻ ഏതായാലും നിനക്കു വയ്യ നിന്റെ ജനനത്തിന് എത്രയോ മുമ്പുതന്നെ നിന്റെ ജാതകം കുറിക്കപ്പെട്ടിരിക്കുന്നു. അതെഴുതിയവൻ നിന്റെ ആചാര്യൻ. നിന്റെ സ്രഷ്ടാവ്. നിന്റെ ബ്രഹ്മാവ്.

ശ്മശാനവൃക്ഷം അവനോടു പറഞ്ഞു.

എന്റെ കഥ എനിക്കറിയില്ല. എന്തേ എനിക്കു സമൃദ്ധിയായി നല്ല ഇലകളില്ലാതായി? മുരടിച്ച മുള്ളുകൾ... കുരുടിച്ച ഇലകൾ... ജീർണ്ണിക്കുന്ന ശരീരം എന്റെ പൊററകളെപ്പററി എനിക്കൊന്നും അറിയില്ല. പക്ഷേ, ഒന്നുണ്ട്. എനിക്കറിയാവുന്നതായി ഒന്നുണ്ട്.

നിന്റെ കഥ!

എന്റെ കഥയോ? അവൻ അത്ഭുതം വിടർത്തിയ ചോദ്യഭാവവുമായി നിന്നു

അതെ നിന്റെ കഥ!

കേൾക്കൂ! രണ്ടു കാതും വിടർത്തി കേൾക്കൂ! നിന്റെ ദശപ്രാണനുകളുടെ സംഘ തചരിത്രം—നീ, നിന്റെ അമ്മയുടെ പാതയിൽ ഒരു ചിതലുറുമ്പായി ആദ്യം ഖന്നു. അന്ന് ഒരു നിലാവിന്റെ ധൂമവലയത്തിലൂടെ നീ ഒച്ചിനെപ്പോലെ അരിച്ചുകടന്നു. രണ്ടായാലും നിന്റെ അമ്മയ്ക്കു നീയൊരു ശല്യം മാത്രമായിരുന്നു. നിന്റെ അമ്മ, മാധവി. മാധവിയുടെ വസന്തം. മാധവിയുടെ ഋതുഗാത്രത്തിൽ ഒരു സ്പർശം. അവളറിയാതെ അവളുടെ

ചിന്തനം, സംഗീതം മുഴക്കാൻ ഉണ്ടായിരുന്ന ഒരു രാത്രി. ഒറ്റ രാത്രിയല്ല. പലപല രാത്രികൾ! രാത്രികൾക്കശേഷം രാത്രികളുടെ കഥകളൊട്ടുക്കാൻ നിന്റെ വരവുണ്ടായി. നീ വരുമ്പോഴും ഒരു സപ്തത്തിന്റെ സുതാര്യലയത്തിൽതന്നെയായിരുന്നു. എനിക്കപ്പോഴും പിടിതരാതെയാണു് നീ കടന്നുപോയതു്. പിന്നീടു രാത്രികളിൽ നിന്റെ അമ്മയുടെ കാഴ്ചപ്പാടുകളില്ലാതായി തുടങ്ങിയപ്പോഴാണു് ഞാൻ ചിന്തിച്ചതു്.

ഒരു നക്ഷത്രം ഗോതമ്പുമണിയെ പിളരുന്നതിൽ വിജയിയായിരിക്കുന്നു.

പിന്നെ നിന്റെ അമ്മയെ ഞാൻ വീണ്ടും കാണുന്നു. വീട്ടിൽ ഉറക്കാതെകിടക്കുന്ന ഒരു മുറിയുടെ ജനാലയുറക്കുമ്പോൾ നിന്റെ അമ്മ ഞെട്ടുന്നു. ജനലിന്റെ കീഴ്ഭാഗത്തും കട്ടിളയുടെ മേൽഭാഗത്തും ചിതലുറുമ്പുകൾ അരിക്കുന്നു. മാധവി, പാവം! അവൾ വിഷാദചക്രങ്ങളുരുട്ടുന്ന ഒരു തേരിൽ കയറുന്നു!

ഉണ്ണിക്കുഞ്ഞാ, നീ കേൾക്കുന്നില്ലേ? കേൾക്കുന്നു.

നിനക്കെന്തെങ്കിലും തോന്നുന്നുണ്ടോ?

അമ്മേ, നിന്റെ അമ്മ മാധവി ചിതലുറുമ്പുകളുക്കുണ്ടു് ഞെട്ടിയതെന്തിനാണെന്നറിയാമോ?

പറയാം. നിന്റെ വരവു് ശരിയായിരുന്നില്ല! നീ നിഷേധിക്കപ്പെട്ട ഒരു സാമ്രാജ്യത്തിൽനിന്നും ഓടിയിറങ്ങിയവനാണു്. നീ ഈ ലോകം കണ്ടിരുന്നില്ലെങ്കിലും, നീ ഇരുട്ടിൽ കിടക്കുന്നവനാണെങ്കിലും, ആ നിനക്കവേണ്ടി അജ്ഞാതനായ നിനക്കവേണ്ടി ഇവിടെ രേഖാപഥങ്ങൾ പടർത്തിയിട്ടുണ്ടു്. ഞാൻ പറയാതെതന്നെ അതിപ്പോൾ നിനക്കു തോന്നിത്തുടങ്ങിയിരിക്കണം.

ഇതിലൊരു തമാശകൂടിയുണ്ടു്. നിന്നെ ചിതലായി മയപ്പെട്ടതു് നിന്റെ അമ്മ.

—o—

ശ്രീകാളി ചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

ഓം ശക്തി.

അനേകം തലമുറകൾ നടത്തിയ കഷ്ടസിദ്ധി. ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായ അനുഭവം മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു് സമീപിക്കാം. തൃശ്ശൂർവണ്ണു് അന്തിക്കാട്ടു പോകുന്ന ബസ്സിൽക്കയറി അന്തിക്കാട്ടു് ഹൈസ്കൂളിനു മുൻവശം ഇറങ്ങി സല്പം തെക്കോട്ടു നടന്നാൽ ബോർഡു് കാണാവുന്നതും അവിടെനിന്നു പടിഞ്ഞാട്ടു് 2 ഫർലോങ്ങു് നടന്നാൽ മഠത്തിൽ എത്താവുന്നതാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു് സ്റ്റാമ്പുസഹിതം എഴുതുക.

ശ്രീ. എസ്. വേലായുധൻ S K. C S മഠം, P. O അന്തിക്കാട്ടു്, തൃശ്ശൂർ.

സാഹിത്യവാരഫലം

(27-ൽനിന്നും തുടർച്ച)

ട്ടു് എന്നു ഞാൻ പറഞ്ഞു. അവൾ മധുരമായി പാടി. ഞാൻ അവളുടെ തോളിൽ തലവച്ചിരുന്നു, അവളുടെ തലമുടിയുടെ സൗരഭ്യം ശ്വസിച്ചുകൊണ്ടു്. ക്രമേണ ആ ഗാനം അലിഞ്ഞലിഞ്ഞു് ഇല്ലാതെയായി. ഞങ്ങൾ രണ്ടുപേരും ഇല്ലാതെയായി. അവിടത്തെ ഊഷ്മളമായ അന്തരീക്ഷത്തിൽ ഒരു വികാര മാത്രം തങ്ങിനിന്നു...അങ്ങനെ പല ദിവസവും ഞങ്ങൾ അവിടെ ചെന്നിരുന്നു. ഒരു ദിവസം അവളെ ഞാൻ കണ്ടില്ല. ഞാൻ ഓറഞ്ചു് ആ കന്യകയറി. അവളില്ലെങ്കിലും അവിടെ ഇരിക്കുന്നു, അവളുടെ സ്പർശംകൊണ്ടു് ധന്യതയാർജ്ജിച്ച ആ സ്ഥലത്തു് ഇരിക്കുന്നു നല്ലതാണെന്നു തോന്നി. പക്ഷേ, ഞാനവിടെ ചെന്നപ്പോൾ അവൾ വേറൊരു യുവാവിന്റെ തോളിൽ വിരലോടിച്ചുകൊണ്ടു് എന്തോ ചോദിക്കുന്നു 'രമണനി'ലെ വരികൾ പാടട്ടോ എന്നായിരിക്കാം."

ഞാൻ സ്നേഹിതനോടു ചോദിച്ചു. "അതോടെ നിങ്ങൾ ആ ബന്ധം ഉപേക്ഷിച്ചോ?"

സ്നേഹിതൻ മറുപടിപറഞ്ഞു:—"ഉപേക്ഷിക്കണമെന്നുണ്ടായിരുന്നു എനിക്കു്. പക്ഷേ, അവളെ കാണുമ്പോൾ ആ നിശ്ചയം കാടിയാകലും. ഞാൻ പിന്നീടും പിന്നീടും അവളുടെ മാന്ത്രികശക്തിക്കു് വിധേയനായി. ചില യുവതികളുടെ സൗന്ദര്യം ആ വിധത്തിലുള്ളതാണു്."

ശരിയായിരിക്കാം എന്റെ കൂട്ടുകാരൻ പറഞ്ഞതു്. ഇപ്പോൾ ഒരു കഥാകാരനും അങ്ങനെതന്നെ എന്നോടു പറയുന്നു. ശ്രീ. കിരാതദാസു് 'ചന്ദ്രിക' വാരികയിൽ എഴുതിയ "തണുപ്പിന്റെ അവസാനം" എന്ന സുന്ദരമായ കഥ വായിച്ചുനോക്കുക. സുന്ദരിയായ തരുണി കൈകൾകൊണ്ടു് നിങ്ങളെ ചുറ്റിപ്പിടിക്കുമ്പോൾ നിങ്ങളെങ്ങനെ വികാരത്തിന്റെ ചുഴിയിൽ വീഴും എന്നതു് ആ കഥ വ്യക്തമാക്കിത്തരും.

X X X
X X X

മദ്യംകുടിച്ച സ്ത്രീകളെ കണ്ടിട്ടുണ്ടോ? ഞാൻ ഒരുത്തിയെ കണ്ടിട്ടുണ്ടു്. അവൾ ആവശ്യത്തിലധികം കുടിച്ചിരുന്നു. തെല്ലകലെയുള്ള ഒരു കസേരയിൽ ഇരിക്കുകയായിരുന്ന ഞാൻ. എന്നെ നോക്കി ആ യുവതി പറഞ്ഞു:—" Seems to be a teacher." ഞാൻ ഒന്നും മിണ്ടിയില്ല. അവൾ ഇരുന്നിടത്തു നിന്നെഴുന്നേറ്റു. എന്റെ അടുത്തെത്തി. മേശപ്പുറത്തു് കൈമുട്ടുകൾ ഊന്നി എന്നോടു ചോദിച്ചു:— "Where have I seen you?" അതിനും ഞാൻ മറുപടി നല്കിയില്ല. അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു് ഉന്മാദം വന്നവളെപ്പോലെ നടന്നുപോയി. നടന്നുപോയെന്നു പറഞ്ഞാൽ തികച്ചും ശരിയായിരിക്കയില്ല. നൃത്തമാടിക്കൊണ്ടുപോയി യെന്നതന്നെ പറയാം. ശ്രീ: ചാത്തനാത്തു് അച്യുതനുണ്ണി മലയാളനാട്ടുവാരികയിലെഴുതിയ "ശിവപാർവതി" എന്ന കവിത വായിച്ചപ്പോൾ ഞാൻ ആ യുവതിയെക്കുറിച്ചു വിചാരിച്ചുപോയി. മദ്യം കഴിച്ചിരുന്നെങ്കിലും ലയാത്മകമായി നൃത്തംവച്ച സുന്ദരി. സംഗീതത്തിന്റെ ലഹരിയിൽപ്പെട്ടു് നൃത്തമാടുന്ന അംഗനയാണു് അച്യുതനുണ്ണിയുടെ കാവ്യം.

കിന്നരവീണാകപാണയുമായ്
തുടിക്കും ഹിമഗിരിശൃംഗത്തിൽ ശിവ
ശങ്കര ഹേ ത്രിപുരാന്തക! നിദ്രത
തപസ്സിലിരിക്കുവതെന്തേ വീണ്ടും
മദ്യം കുടിയാലെന്തു"? തരുണിയല്ലേ?
സുന്ദരിയല്ലേ? സംഗീതം കുടിയാലെന്തു"?
കാവ്യമല്ലേ? മനോഹരയല്ലേ?
വെള്ളിമലർക്കുല ചിതറും ഗംഗാ
പൂരംവറ്റിയ ചെഞ്ചിടയിൽ നവ
സാന്ധ്യപ്രഭയിലുദിച്ചനിലാവിൻ
വീളറിയകാന്തി പൊഴിഞ്ഞും
പത്തിവിടർത്തിപ്പുളയും
സ്പ്പമണിഞ്ഞെകഴത്തിൽ
ചിന്തിയചിടയിൽ താമസ
കാളിമവീശും കാകോളദ്യുതി
രേഖയുതിർന്നു നിറഞ്ഞും...

പരമശിവൻ താണ്ഡവനൃത്തമാടുന്നതു കാണാൻ ഞാൻ കാത്തിരിക്കുന്നു. മലയാളനാട്ടിന്റെ തുടർന്നുള്ള ലക്കങ്ങളേയും ഈ കവിത പ്രഭാപൂർണ്ണമാക്കട്ടെ. ഭാഷയെ പെരുപ്പിച്ചുകാണിക്കാനുള്ള മഹാപ്രയത്നം കലാത്മകത്വത്തിന്റെ വികാസത്തെ തടയും എന്നും കൂടി കവിയെ ഓർമ്മിപ്പിക്കട്ടെ. അച്യുതനുണ്ണി ഭാഷയെ ഊതിവീർപ്പിക്കുന്നു. ശ്രീരേഖയും എഴാഞ്ചേരി രാമചന്ദ്രനും വികാരത്തെ സ്ഥൂലീകരിക്കുന്നു. (ദേശാഭിമാനിയിലെ രണ്ടു കവിതകൾ) എന്നാൽ മൂന്നുപേരും കവികളാണുതാനും. കവിത ധ്വന്യാത്മകമാകുമ്പോഴാണ്, അതിന്റെ ഭാഷയ്ക്കു സുനിശ്ചിതത്വം ഉണ്ടാകുമ്പോഴാണ് ശ്രേഷ്ഠത ആവഹിക്കുന്നതു്. ഉദാഹരണങ്ങൾ കുമാരനാശാന്റെയും വള്ളത്തോളിന്റെയും ശങ്കരക്കുറുപ്പിന്റെയും കാവ്യങ്ങൾ.

x x x x
x x x x

"നവയുഗം" വാരികയുടെ പ്രവർത്തകർ നൂറോളം വിദ്യാർത്ഥികളോടു ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി; ഇഷ്ടപ്പെട്ട സാഹിത്യകാരനാരു്?, ഇഷ്ടപ്പെട്ട ഗ്രന്ഥങ്ങളേവ? എന്നിങ്ങനെ പല ചോദ്യങ്ങൾ. അവയ്ക്കു വിദ്യാർത്ഥികൾ നല്കിയ ഉത്തരങ്ങൾ വാരികയുടെ വിശേഷാൽപ്രതിയിലും തുടർന്നുള്ള ലക്കങ്ങളിലും കാണാം. അവയിൽ ഒരുത്തരം എനിക്കു വളരെ ഇഷ്ടപ്പെട്ടു ഇഷ്ടപ്പെട്ട കവിയാരു്? എന്ന ചോദ്യത്തിന് തൃശ്ശൂർ വിമലാ കോളേജ് വിദ്യാർത്ഥിനിയായ കുമാരി വി രമണി (ഇംഗ്ലീഷ് എം. എ രണ്ടാംവർഷം) ഇങ്ങനെ ഉത്തരം നല്കുന്നു:- "ചങ്ങമ്പുഴ: അദ്ദേഹത്തെപ്പോലൊരു ഭാവഗായകൻ വേറെ ഉണ്ടായിട്ടില്ല ഉണ്ടാകാനുള്ള സാദ്ധ്യതയും വിരളമാണു." (നവയുഗം വിശേഷാൽപ്രതി-പുറം 80). സൂര്യരശ്മിയേററു് വിണ്ടുകീറിനില്ക്കുന്ന മധുരഫലം പോലെ ആശയാഘാതമേററു് കവിത ഇന്നു പൊട്ടിത്തകർന്നു നില്ക്കുന്നതു കാണുമ്പോൾ ചങ്ങമ്പുഴയെക്കുറിച്ചു് ഈ പെൺകുട്ടി പറഞ്ഞതു പ്രത്യക്ഷരം ശരിയാണെന്നു നമ്മളിൽ ചിലരെങ്കിലും സമ്മതിക്കാതിരിക്കില്ല.

x x x x
x x x x

കരിശിൽത്തറച്ച യേശുദേവന്റെ മുൻപിൽനിന്ന ജോണിനു തോന്നി ഒരാളല്ല അനേകമാളുകളാണ് അവിടെക്കിടന്നു പിടയ്ക്കുന്നതെന്നു്. ഞാനങ്ങനെ ഏതോ സുവിശേഷത്തിൽ വായിച്ചിട്ടുണ്ടു്. ജോണിനു തോന്നിയതു ശരി ലോകജനതയാകെ ഇന്നു പിടയ്ക്കുകയാണു്. അതിന്റെ ഒരു ചെറിയ ചിത്രം ശ്രീ എൻ. വി. കൃഷ്ണവാര്യരുടെ കാവ്യത്തിലുണ്ടു്. അതിലേക്കു വീണ്ടും കൈചൂണ്ടിക്കൊണ്ടു ഞാൻ ഈ ലേഖനം അവസാനിപ്പിക്കട്ടെ.

—o—

മലയാളനാട്ട് വാരിക

വരിസംഖ്യ

ഇൻഡ്യയിൽ ഒരുവർഷത്തേയ്ക്കു്	20 00
ആറുമാസത്തേയ്ക്കു്	10 00
ഒററപ്രതി	35 പൈസ

മാനേജർ
മലയാളനാട്ട്, കൊല്ലം

പുതിയതലമുറ

പി. ഐ ശങ്കരനാരായണൻ

അച്ഛനെന്നെപ്പഠിപ്പിക്കാൻ
ചൊല്ലിവിട്ട ത്രിമൂർത്തികൾ
മുദ്ര കാട്ടിപ്പഠിപ്പിച്ചു.
മന്ത്രം മൂന്നു്, മനോഹരം!
"സത്യം ചൊല്ലായ്ക,
കേൾക്കായ്ക
പ്രവർത്തിക്കാതിരിക്കുക"
എന്റെ മേശപ്പുറത്തായി-
ട്ടിരിപ്പു വാനരത്രയം!

—o—

ദുഃഖം



എസ്. പി. രാജൻ

ഒരു കൊച്ചു ദുഃഖ-
തരിമ്പായി പൂവായി.
പൂവിൽ നിറഞ്ഞ തേൻതുള്ളിയായി;
ഒരു രാവിലൊരു സ്വപ്ന-
ബിന്ദുവായ്-
മോഹമായ്
ആവണി സന്ധ്യതൻ രാഗമായി.

കുങ്കുമച്ചാർത്തിലലിഞ്ഞ മദ്ഭാവന-
യ്ക്കുള്ളിലുണർന്ന തേൻതുള്ളിയായി.
എൻഹൃദയത്തിൽ-
മനസ്സിന്നകതാരിൽ-
ഉദ്രസം മുങ്ങുക ഭാവനേ നീ!

—o—

കോംപ്രമൈസ്

(29-ൽനിന്നും തുടർച്ച)

സുഖാന്വേഷണത്തിൽ കൂടുതലൊന്നും എന്നിൽനിന്നുണ്ടായിട്ടില്ല"

റോഡു കടന്നു ഫുട്ട്പാത്തിലൂടെ നടന്നപ്പോൾ അവർ പറഞ്ഞ ഓരോന്നും ഓർത്തു മാര്യേജ് ഈസ് ഏ ഹാബിററു്. നാല്പത്തിരണ്ടു ഒരു പ്രായമല്ല. ഞങ്ങൾ മാനുഷിക എക്സല്ലൻസിന്റെ കൊണ്ണോയ്സേഴ സ് ആണ്. ഒരുത്തി ബീവർ ഫാൾസ്. അതു് ഏതു സ്റ്റേററിൽ? ഒരുത്തി സാൻഫ്രാൻസിസ്കോ. പക്ഷേ, ഞങ്ങൾ ഭൂമിയുടെ ഉടമസ്ഥരാണ്. വി ആർ നോട്ട് ക്യാബിൻഡ് ബൈ ബൗണ്ടറീസ് ഓഫ് ഏർത്തു് ആൻഡ് വാട്ടർ. നമ്മൾ മുഴുവനായും ജോലിയും, കടമയും, മാതാവും, പിതാവും, കുടുംബവും, രാജ്യവും ധനവും, സ്ഥാനവലിപ്പവും, പ്രതാപവും മാത്രമല്ല. മാംസവും രക്തവും വികാരങ്ങളും കൂടിയാണ്. സ്നേഹവും, കൂടിയാണ്, സ്നേഹം, പ്രൈമീവൽ ലൗ. ഈ ഭൂമിയിൽ എന്തുമുണ്ടായിക്കൊള്ളട്ടെ, യുദ്ധമുണ്ടാകരുതു്.

പൗലോച്ചൻ നാല്പലയ്ക്കൽ കുറച്ചു നേരം നിന്നു. വിറയൽ മാറിക്കിട്ടണം. ഒരു സോഡ കുടിയ്ക്കുന്നതുപോലും നല്ലതാണ്. വേണ്ട. അസാധാരണമായ് ഒന്നും സംഭവിച്ചിട്ടില്ല എന്ന മട്ടാണ് വേണ്ടതു്. ഫൊർഗെററു്. പൗലോച്ചൻ കർച്ചീഫെടുത്തു ഷർട്ടിന്റെ മുകളിലത്തെ ബട്ടൺ അഴിച്ചു ബനിയന്റെ അകത്തു് പുക്കിളിൽ കെട്ടിനിന്നിരുന്ന വിയർപ്പു തുടച്ചു...പൂർണ്ണമായ മേൽവിലാസം. ടെലഫോൺനമ്പർ. കാറിന്റേയും ജീപ്പിന്റേയും നമ്പർ. "ഞങ്ങൾ ഒരു അപകടവും അസൗകര്യവുമുണ്ടാക്കാതെ ട്രേസ് ഔട്ട് ചെയ്തുകൊള്ളാം. ഇന്നു് ഇത്ര സംയമനവും ശ്രദ്ധയും കാണിക്കാൻ കഴിഞ്ഞ ഞങ്ങൾക്കു ബാക്കിയും ചെയ്യാനറിഞ്ഞുകൂടെ? ഒരുമാസത്തിനകം ഏദൻ തോട്ടങ്ങൾ വേണമെങ്കിൽ സസ്യസമൃദ്ധമാക്കാം." പെഗ്ഗിയുടെ അത്ഭുതത്തിന്റെ ചുഴികൾ ആഴുത്തിൽ കറങ്ങി. "വി ആർ നോട്ട് കൺവേർട്ടി ഗ് യു അ

ററ് ആൾ. ഞങ്ങൾ പൗലോച്ചനുമായി അസോഷിയേററ്ചെയ്യുന്നേയുള്ളു. മാർക്ക് ഇററ്! അസോഷിയേററിംഗ്!!"

സൂപ്പർമാർക്കററിൽ ചെന്നപ്പോഴും ഓമന മുകളിലെവിടെയോ ആണ്. തിരക്കിപ്പോകാൻ ഗോവണി കയറിയപ്പോൾ ഇറങ്ങിവരുന്നു. പുറകെ വേലക്കാരന്റെ ചുമട്ട്.

"ഇത്രനേരം എന്തുചെയ്തു?" ഓമന ചോദിച്ചു. ചോദ്യത്തിൽ ചെറിയ കൊഞ്ചലിന്റെ ഭാവം. അതിനു ബോധപൂർവ്വം പ്രതികരിച്ചു.

"എന്തുചെയ്യാൻ? പോയി കാപ്പികുടിച്ചു. രണ്ടു അമേരിക്കൻ ടൂറിസ്റ്റ്പെണ്ണുങ്ങളെ കണ്ടു. അവർക്ക് കാപ്പിവാങ്ങിക്കൊടുത്തു. സൊള്ളി. എനിക്കെന്റെ ഭാര്യ മാർക്കററിൽ വിലസുമ്പോൾ വിലസാനൊരു സ്ഥലവും കൂടെ ആളും വേണ്ടേ""

തുണിക്കടയിലെയും ഷോപ്പിംഗ് കഴിഞ്ഞു്, പള്ളിയിൽ കയറി അഞ്ചുമിനിററ് പ്രാർത്ഥനയും കഴിഞ്ഞാണ് പുറപ്പെട്ടതു്. ചെറിയ കാററ്. പട്ടണം കടന്ന് അങ്ങിങ്ങ് വഴിവിളക്കുകൾ പ്രകാശിക്കുന്ന റോഡിൽ എത്തിയപ്പോൾ സ്പീഡോമീററർ കതിച്ചുകയറി. എൺപത്തഞ്ചു കിലോമീററർ...തൊണ്ണൂറ്. എതിരെവരുന്ന വണ്ടികൾക്ക് ഡിം ചെയ്തുകൊടുത്തില്ല. ഓമന ദേഷ്യപ്പെട്ടു. "ഞാൻ താമസിച്ചതിനുള്ള വഴക്കാണെങ്കിൽ ഇങ്ങനെ റാഷ് ആകണമെന്നുണ്ടോ? ദൈവത്തെ ഓർത്തു പതുക്കെ വിട്ട്. അങ്ങുചെന്നിട്ട് അത്യാവശ്യമൊന്നുമില്ലല്ലൊ.

"നാം കടമയും, കടുംബവും, രാജ്യവും, ജോലിയും, ഭരണവും, രാഷ്ട്രീയവും, വോട്ടും കളിയും, ഊണും, കാപ്പികുടിയും, ഷേവിംഗും കേൾക്കുന്നുണ്ടോ, ഷേവിംഗും കന്നുകാലിവളർത്തലും, അടുക്കളത്തോട്ടമുണ്ടാക്കലും, കേൾക്ക് ഓമനേ, അടുക്കളത്തോട്ടമുണ്ടാക്കലും, പിള്ളേരെ വളർത്തലും ട്രങ്ക്കോളു് വിളിക്കലും,...മാത്രമല്ല. ഇനിയെന്തെല്ലാം കിടക്കുന്നു...ശരി. ഇനിയെന്തെല്ലാം. സൂപ്പർമാർക്കററിംഗ്, തുണിവാങ്ങൽ." പൗലോച്ചൻ വളരെ ശ്രമിച്ച് ഓമനയുടെ അടുക്കളത്തോട്ടം ഉണ്ടാക്കൽ പോലുള്ള ഒരു ഹോളിക്കൂടെ ഓർക്കാൻ പാടുപെട്ടു. കിട്ടിയില്ല. "നിനക്ക് അടുക്കളത്തോട്ടമൊഴികെ ഹോബിയൊന്നുമില്ലേ? ഉണ്ട്. ഉച്ചകഴിഞ്ഞുറക്കം. വേലക്കാരെ ശകാരിക്കൽ...ആ, ഉറക്കവും, വേലക്കാരെ വഴക്കുപറച്ചിലും മാത്രമല്ല..." രക്തവും മാംസവും വികാരവും പ്യൂർസെക്സും കൂടെയാണെന്ന് പൗലോച്ചൻ പറഞ്ഞില്ല പകരം പറഞ്ഞു." "ജീവിതം...അല്ല, നാം എന്നല്ലെ ഞാൻ പറഞ്ഞുതുടങ്ങിയതു്...നാം, നാം" ഓമനയുടെ ക്ഷമ നശിച്ചു.

"ഇതെന്തു?"

"ഏതു്?"

"പതുക്കെ ഓടിക്ക്."

അങ്ങുചെന്ന് ഒരു ട്രങ്ക്കോൾ വിളിക്കാനുണ്ടെന്ന് പൗലോച്ചൻ പറഞ്ഞു.

"അതിന് അങ്ങു ചെല്ലണ്ടെ? വഴിക്ക് ചത്താൽ, എന്നെ കൊന്നാൽ വിളിക്കാനൊക്കുമോ?

പിന്നെ വേഗത കുറച്ചു. പതുക്കെ പതുക്കെ പാടി ഉറക്കെയായി. ആവർത്തിച്ചാവർത്തിച്ച്. 'ജനനങ്ങളെ, മരണങ്ങളെ, തുഴപോയ തോണികളെ, ഇതിലേ വരൂ. ഇതിലേ വരൂ, ചിറകററ പറവകളേ..."

ഓമനയ്ക്ക് തമാശതോന്നി. "പാട്ടുപാടാനറിഞ്ഞുകൂടാ. പാട്ടുമറിഞ്ഞുകൂടാ. വഴിക്ക് തൊഴുത്തുകൾ ഉണ്ട്. സൂക്ഷിച്ചാൽ വേണ്ടില്ല"

പൗലോച്ചൻ സ്വരം പിന്നെയും പൊക്കി. ഓമനയ്ക്ക് ശുണ്ഠിവന്നു.

"ദി സേർവൻറ് ഈസ് ദെയർ ബിഹൈൻഡ് റിമംബർ ദാററ്."

പൗലോച്ചൻ വളരെ ശാന്തനായി, തണുപ്പോടെ പറഞ്ഞു: 'ലെററ് ഹിംഗോ ആൻഡ് ഫക്ക് ഹിംസൽഫ്. ഓർ ഈവൻ—"

"മീ?"

പൗലോച്ചൻ ഉറക്കെച്ചിരിച്ചു. ഓമന പിന്നെ മിണ്ടിയില്ല. വീട്ടിൽ ചെല്ലുന്നതുവരെ മുഖം കനപ്പിച്ചിരുന്നു. അത്താഴമുണ്ണുന്നതിനിടയിൽ കുട്ടികളെ ചെറുതായി വഴക്കുപറഞ്ഞു. വേഗം പോയിക്കിടന്നുറങ്ങുകയും ചെയ്തു. (തുടരും)

—o—

ചെറുകഥ

വേരുകളിറങ്ങുമ്പോൾ

ബെല്ലടിച്ചപ്പോൾ റിക്കാർഡ് അവസാനമായി ഒന്നുകൂടി മറിച്ചുനോക്കി. ഉള്ളിൽ ആകെ പരിഭ്രമം അവസാനദിവസത്തെ പരീക്ഷയാണ്. സുവോളജി പ്രാക്ടിക്കൽ. കഴിഞ്ഞതെല്ലാം വളരെ നന്നായിച്ചെയ്തു. ഇതിൽകൂടി വിജയിച്ചാൽ—

മെഡിസിനു പോകാം. അച്ഛന്റെ ആഗ്രഹം, വീട്ടുകാരുടെ ആഗ്രഹം, അവളുടെ ആഗ്രഹം.

വെല്ലൂരാസ്പത്രിയിൽ ഓപ്പറേഷനു കാത്തുകിടക്കുന്ന അച്ഛൻ അടുത്തുവളരുന്ന ആലു് വേരുകൾ ഇറക്കിയ അമ്പലമുററത്തെ കിണറുപോലെ, ക്യാൻസറിന്റെ സെല്ലുകൾ വേരുകളിറക്കിയ അച്ഛന്റെ ലങ്ങ്സ്—

ഇന്നുരാവിലെയാണ് ഓപ്പറേഷൻ എന്ന് എഴുതിയ ചേട്ടന്റെ കത്തു് മിനിഞ്ഞാന്നാണ് കിട്ടിയതു്

എല്ലാവരും കയറിയപ്പോൾ ഒരിൽ കയറി. നമ്പർ കണ്ടുപിടിച്ച് സ്റ്റൂളിൽ ഇരുന്നു. ട്രേയിലെ വെള്ളത്തിൽ മലർന്നു കിടക്കുന്ന തവള. ആർട്ടീരിയൽ സിസ്റ്റമോ, വീനസ് സിസ്റ്റമോ ആയിരിക്കും ചോദിക്കുക. അലിമൻഡറി കനാലോ, ക്രേനിയൽ നേർവോ ചോദിക്കാം. വിസറ ചോദിച്ചാൽ എളുപ്പമായി. തവളയെ മലർത്തി പിന്നുകുത്തി പൊളിച്ചുവച്ചാൽമതി!

വീണ്ടും ബെല്ലടിച്ചപ്പോൾ എക്സാമിനർ ചോദ്യം വായിച്ചു:

"ഡിസക്ട് ആൻറ് ഡിസ്പ്ലേ ദി ആർട്ടീരിയൽ സിസ്റ്റം ഓഫ് ഫ്രോഗ് അപ് ടു ദി ഡോർസൽ അയോർട്ട."

തവളയെ എടുത്തു് ബോർഡിൽ മലർത്തിയിട്ട് കാലിൽ മുട്ടുസൂചി തറച്ചു. കത്രികകൊണ്ട് തൊലി പൊളിച്ച് അകത്തി പിൻചെയ്തു. എന്നിട്ടും ചത്തിട്ടില്ലാത്ത അതിന്റെ ഹൃദയമിഡിപ്പ് വെള്ളത്തിൽ ചെറിയ ചലനങ്ങൾ ഉണ്ടാക്കി.

വെല്ലൂരാസ്പത്രിയിലെ ഓപ്പറേഷൻ തീയേററിൽ മലർന്നുകിടക്കുന്ന അച്ഛൻ. മൂക്കും വായും മൂടിക്കെട്ടിയ നെഴ്സുമാർ. കൈകളിൽ വെട്ടിത്തിളങ്ങുന്ന കത്തിയും കത്രികയും. എല്ലാററിനും മേലാധികാരം എറെറടുത്തിരിക്കുന്ന ഒരു ഡോക്ടർ, അല്ലെങ്കിൽ രണ്ടോ മൂന്നോ ഡോക്ടർമാർ.

എവിടെയാണു തുടങ്ങേണ്ടതു്? ഹർ

എ. കെ. സുകുമാരൻ

ട്ടിന്റെ പെരികാർഡിയം മാററിയാൽ മുകളിലേയ്ക്കു പോകുന്ന കരോട്ടിഡ് ട്രങ്കു സിസ്റ്റമിക്ക് ട്രങ്കും. തുടർന്നുള്ള ലിംഗൽ ആർട്ടറിയും, പാലട്ടയിൽ ആർട്ടറിയും പടർന്നിറങ്ങുന്ന വേരുകൾപോലെ—

പെരികാർഡിയം ഫോർസെപ്സു കൊണ്ടു പിടിച്ച് കത്രികകൊണ്ടു മുറിക്കുമ്പോൾ, ക്യാൻസർ സെല്ലുകൾ വേരുളിറക്കിയ അച്ഛന്റെ ലങ്ങ്സിൽ കത്തു വയ്ക്കുന്ന ഡോക്ടർ, മുന്നിൽ

പെട്ടെന്ന് അവളുടെ കൈ വിറച്ചു കത്രിക ഹൃദയത്തിൽ ഉണ്ടാക്കിയ മുറിവിലൂടെ നൂലുപോലെ വെള്ളത്തിൽ ഒലച്ചിരങ്ങുന്ന രക്തം. കണ്ണുകളിൽ ഇരുട്ട് മുന്നിലെ ട്രേയിൽ മുഖംകുത്തി വീണ്ടപ്പോൾ എല്ലാവരുടേയും ശ്രദ്ധ അ ളിൽ

കണ്ണു തുറക്കുമ്പോൾ ഒഴിഞ്ഞ ക്ലാസ്സുറമിലെ ചേർത്തിട്ട ബഞ്ചിൽ, ചുററും ടീച്ചേഴ്സ്. വിമലടീച്ചർ മുഖംകനിച്ച് ചോദിച്ചു:

"എന്തുപററി കുട്ടീ? പേടിച്ചുപോയോ? ക്ലാസ്സിലു് ഏററവും നന്നായി പ്രാക്ടിക്കലുചെയ്തിരുന്നതാണല്ലോ? ഏതായാലും ഇന്നിനി എഴുതണ്ട."

ഇന്നിനി എഴുതണ്ട....

ഇന്നിനി...

—ഇതിൽക്കൂടി ജയിച്ചാൽ മെഡിസിനു പോകാം അച്ഛന്റെ ആഗ്രഹം ക്യാൻസർരോഗിയായ അച്ഛന്റെ ആഗ്രഹം.

പെട്ടെന്നവൾ പൊട്ടിക്കരഞ്ഞു. ടീച്ചർമാർ സാന്ത്വനപ്പെടുത്തി.

വൈകിട്ട് വീട്ടിൽ ചെന്നപാടെ അവൾ കട്ടിലിൽ കയറിക്കിടന്നു. അമ്മ ചോദിച്ചു

"നിനക്കിന്നെന്തു പററി?"

ഒന്നും മിണ്ടാതെ അവൾ കണ്ണടച്ചു

"വെല്ലൂരീന്ന് കമ്പി വന്നിട്ടുണ്ട്. ഓപ്പറേഷൻ വിജയമായിരുന്നുന്ന്. ഗുരുവായൂരപ്പൻ രക്ഷിച്ചു..."

പൊടുന്നനെ തലയിണയിൽ മുഖം അമത്തി കമഴ്ന്നുകിടന്നവൾ പൊട്ടിക്കരഞ്ഞു

—o—

2

കഴിഞ്ഞ ലേഖനത്തിൽ സംസ്കൃതവൃത്തത്തിലുള്ള ഒരു പദ്യം ചേർത്തിരുന്നതു് ഓർക്കുന്നില്ലേ? അതു് ഇവിടെ സംസ്കൃതവൃത്തശാസ്ത്രനിയമമനുസരിച്ച് ഗണം തിരിച്ചു കാണിക്കാം. (കുത്തനേയുള്ള വരകൾ കൊണ്ടാണ് ഗണങ്ങളെ വേർതിരിക്കുന്നതിവു്.)

ചെറുപ്പ | കാലങ്ങ | ളിലുള്ള | ശീലം
മറക്ക | മോമാനു | ഷനുള്ള | കാലം

മൂന്നക്ഷരം ചേർന്നതു് ഒരു ഗണം എന്നതാണ് സംസ്കൃതത്തിൽ മിക്ക വൃത്തങ്ങളിലും നിയമം. മേൽക്കാണിച്ച പദ്യത്തിൽ പാദത്തിനു മൂന്നു ഗണവും രണ്ടക്ഷരവും എന്തേ ഇങ്ങനെ ഒരു ഗണനിയമം വയ്ക്കാൻ? വൃത്തപരമായി ശരിയായ ഒരു കാരണവും പറയാനില്ല ഓ—ഒന്നു പറയാം, വൃത്തനിയമം കാണിക്കാനുള്ള സൗകര്യത്തിനുവേണ്ടി എന്ന്. ഗണം എന്ന ഒരു സമ്പ്രദായമേയില്ലാത്ത സംസ്കൃതവൃത്തശാസ്ത്രവുമുണ്ട് പാദത്തിൽ ഇത്രയക്ഷരം, അതിൽ ഇന്നയിന്നതിനു് ഇത്രയിത്ര മാത്ര, ഇങ്ങനെ വന്നാൽ ഇന്ന വൃത്തം; ഈ വിധത്തിലാണു അതിൽ വൃത്തത്തിന്റെ രൂപവും (ലക്ഷണം) പേരും കല്പിച്ചിരിക്കുന്നതു്. സംസ്കൃതവൃത്തങ്ങളെ സംബന്ധിച്ച്. മിക്കവാറും അതേ വേണ്ടുതാനും. വൃത്തസ്വഭാവം (ലക്ഷണം) പറയാൻ ഗണങ്ങളായിത്തിരിക്കുന്നതാണ് സൗകര്യം എന്നു തോന്നിയപ്പോൾ, മൂന്നക്ഷരം ഒരു ഗണം എന്നു വയ്ക്കുന്നതാണ് കൂടുതൽ സൗകര്യം എന്നു തോന്നി അതിനാൽ അങ്ങനെയൊരു വ്യവസ്ഥയും വച്ചു എന്നു മാത്രം. സൗകര്യത്തിൽക്കവിഞ്ഞ യാതൊരു കാര്യവും അവിടെ ഗണവ്യവസ്ഥയ്ക്കില്ല. എന്നാൽ അതല്ല ഭാഷാവൃത്തങ്ങളിലെ ഗണങ്ങളുടെ നില.

ഒന്നാമതു് ഗണവ്യവസ്ഥ കൂടാതെ ഭാഷാവൃത്തങ്ങളുടെ ലക്ഷണം കാണിക്കാനേ കഴികയില്ല. വിവരണസൗകര്യത്തിനുവേണ്ടി വച്ചിരിക്കുന്ന ഒരു ഏർപ്പാടല്ല ഗണം; വൃത്തപരമായ അടിസ്ഥാനം തന്നെയുള്ള വ്യവസ്ഥയാണ്. രണ്ടാമതു് ഇത്രയക്ഷരം = ഒരു ഗണം എന്ന ഒരു പൊതുനിയമം ഭാഷാവൃത്തത്തിലില്ല; ഉണ്ടാകാൻ വയ്യതാനും. പല വൃത്തത്തിനും പലവിധമാണ് ഗണങ്ങളുടെ അളവു്. മൂന്നാമതു്, ഗണത്തിന്റെ അളവിൽ അക്ഷരസംഖ്യക്കണക്ക് ഒട്ടേറെ വൃത്തങ്ങൾക്കുമില്ല. അക്ഷരസംഖ്യയ്ക്കല്ല ഗണക്കാര്യത്തിൽ പ്രാധാന്യം. ഇതിൽ രണ്ടാമതായും മൂന്നാമതായും പറഞ്ഞ സംഗതികളാണ് താഴെ വിവരിക്കുന്നതു്. മറേറതു് മറെറാരു ലേഖനത്തിലേയ്ക്കു മാററാം.

കുട്ടികൾക്ക് ഒരു വൃത്തശാസ്ത്രം

കെ. കെ. വാദ്ധ്യാർ



ചില ശീലുകളിൽ ഗണത്തിനു രണ്ടക്ഷരം വീതവും മററു ചിലതിൽ മൂന്നക്ഷരംവീതവും വരുന്നതു് ആദ്യത്തെ ലേഖനത്തിൽത്തന്നെ കാര്യവശാൽ കാണിക്കുകയുണ്ടായി. ഓർക്കുന്നില്ലേ—'കാക്കേ കാക്കേ കൂടെവിടെ' 'കൊച്ചു കുഞ്ഞിൻറച്ഛനൊരു പട്ടു വാങ്ങാൻ പോയി' ഇങ്ങനെ രണ്ടു ശീലുകൾ കാണിച്ചു, ഗണത്തിൽ ഈരണ്ടക്ഷരം വരുന്നതായിട്ട്; (അവിടെത്തന്നെ കാണിച്ചു പാദത്തിൽ ഒടുവിലത്തെ ഗണങ്ങൾക്കു ഒററയക്ഷരം മാത്രം വരുന്നതായിട്ടും) 'മുട്ടോളം കേറീലോ ചോണനുറുമ്പ്', 'ആണ ളെ ത്തീണ്ട്യാക്കളിക്കാത്ത തമ്പ്രാൻ' ഇങ്ങനെ ചില ശീലുകളിൽ ഗണത്തിനു മുമ്മൂന്നക്ഷരവും അവിടെക്കണ്ടു. (അതിൽത്തന്നെ പാദത്തിലെ അന്ത്യഗണത്തിനു് അക്ഷരം രണ്ടുമാത്രമെന്നും.) ഗണത്തിനു് അക്ഷരസംഖ്യ ഇതിലും കവിഞ്ഞുവരുന്ന വൃത്തങ്ങളുമുണ്ട്.

പകലിന്റെ കുടർമാല ച്ചുട്ടചോര
ത്തെളികുടി
ച്ചമരുന്നി തകലത്തി ലന്തിമാർക്കൻ

ഇവിടെ മിക്ക ഗണത്തിനും അക്ഷരം നന്നാലാണ്. എന്നാൽ മൂന്നക്ഷരത്തിലും ഒററയക്ഷരത്തിലുമുള്ള ഓരോ ഗണവും കാണാം

പകലിരവു മുഴുവനതു ഭുജഗപതി-
ചൊൽകിലും
ഭാരതാ യോധനം പാതിയും-
ചൊല്ലുമോ

ഇവിടെ ഒന്നാംപാദത്തിൽ ഐയഞ്ചക്ഷരത്തിലാണ് മൂന്നു ഗണം; ശേഷമൊക്കെ മുമ്മൂന്നക്ഷരത്തിലും. നിങ്ങൾക്കു കേട്ടറിവുള്ള ഒരു നാടൻപാട്ടുകൂടി കാണിക്കാം.

വൈ-ക്കം | കായലി | -
ലോ-ളം | തുള്ളുമ്പോ-
ളോ-ക്കം | ഞാനെന്റെ | മാര | നെ-
മാര | നെ-- | വീര | നെ--
അമ്പു | ററമണി | മാര | നെ--

ഒന്നും രണ്ടും മൂന്നുമക്ഷരം കാണാം ഗണത്തിൽ.

പാദത്തിൽ എത്ര ഗണം എന്നുണ്ടോ? ഇല്ല എത്രയുമാകാം—രണ്ടോ നാലോ ആറോ എട്ടോ. ഇരട്ടസ്സംഖ്യമാത്രമേ ആകാവു എന്നുണ്ടോ? പാദത്തിൽ മൂന്നോ അഞ്ചോ ഏഴോ ഗണം ആയിക്കൂടേ? അങ്ങനെയുമാകാം—പക്ഷേ, അത്തരത്തിലുള്ള വ അത്യന്തം ചുരുക്കമായിരിക്കും.

ഒരു വൃത്തത്തിലുള്ള ശീലിൽ എല്ലാ പാദത്തിലും ഗണത്തിന്റെ എണ്ണം തുല്യ

മായിരിക്കണമോ? അതെ, അങ്ങനെയാണ് മിക്കവാറും വൃത്തങ്ങളിൽ. എന്നാൽ ചുരുക്കം ചിലതിൽ വ്യത്യാസം കാണും. മുകളിൽ ഏഴടിശ്ലിലായിക്കാണിച്ച കമിതന്നെ നോക്കൂ.

വീരാവി | രാടക | മാരവി | ളോ—
ചാരുത | രഹണ | സാഗര | ളേ—

ഇങ്ങനെ പാദത്തിൽ നാലുഗണം കാണുന്നു. എന്നാൽ മൂന്നും നാലും പാദങ്ങളിലോ?

മാരലാ | വണ്യാനാ | രീമനോ
ഹാരിതാ | രുണ്യാവ | ന്നീടുക

മുമൂന്നു ഗണമല്ലേയുള്ളൂ? ഇനി അടുത്ത പാദവും നോക്കുക—

ചാരുത്തിഹ | പാരിൽത്തവ |
നേരൊത്തവ | രാരുത്തര

ഈ നാലു ഗണവും കൂടി ഒരു പാദം. ഏയ്, അങ്ങനെയല്ല; അവിടെ രണ്ടു ഗണം കൂടിയതാണു പാദം എന്നു വാദിച്ചുകൂടേ? പാദത്തിൽ നാലു ഗണവും മൂന്നു ഗണവും കണ്ട നിലയ്ക്ക് ചിലതിൽ രണ്ടു ഗണം എന്നു കരുതിയാലെന്തു? അങ്ങനെയും കരുതിക്കൂടായ്കയില്ല—അങ്ങനെയാകുമ്പോൾ ആ കമ്മിശ്ലിലു് ഏഴടിശ്ലിലല്ല എട്ടടിശ്ലിലാണു് എന്നു മാത്രം.

പാദത്തിൽ ഗണത്തിന്റെ എണ്ണത്തിനോ ഗണത്തിൽ അക്ഷരത്തിന്റെ എണ്ണത്തിനോ, എല്ലാ വൃത്തത്തിലും ഒരുപോലെ, "കിറുകൃത്യ"തയൊന്നും ഇല്ലെന്നാണല്ലോ നമ്മൾ ഇതുവരെ കണ്ടതു്. എന്നാൽ ഒരു കാര്യത്തിൽ തികച്ചും കണിശമായ നിയമനിർബ്ബന്ധമുണ്ടു്—എല്ലാ ഗണത്തിന്റെയും 'മാത്ര' ഒരേവിധമായിരിക്കണം എന്ന കാര്യത്തിൽ. മുമ്പുപറഞ്ഞിട്ടില്ലേ—വൃത്തപരമായ അടിസ്ഥാനം തന്നെയുള്ള ഒരു വ്യവസ്ഥയാണു് ഭാഷാവൃത്തത്തിൽ ഗണം എന്നു്. മാത്ര എന്നതാണു് ആ അടിസ്ഥാനഘടകം. മാത്രാവൃത്തങ്ങളാണു് ഭാഷാവൃത്തങ്ങൾ. മാത്രയും ഗണവുമായുള്ള ബന്ധത്തെക്കുറിച്ചും അക്ഷരങ്ങളുടെ മാത്രയെക്കുറിച്ചും വിസ്തരമായി അടുത്ത ലേഖനങ്ങളിൽ.

—o—

സ്ത്രീകൾ സ്ത്രീകളെപ്പറ്റി

ലേഖിക

പുണിത്തുറയിലെ "ബീഹാർബാം ഗ്ലൂ" എന്ന ഭവനത്തിലെ, സഹികരണമുറിയിലെ ഗ്രന്ഥശേഖരത്തിനുമുന്നിൽ, സ്വതന്ത്രം കാണുകയാണെന്നു് എന്തോ വായിച്ചുകൊണ്ടിരുന്ന ആ സാധുവിനെ കാൽപെരുമാറ്റം കേട്ടപ്പോൾ തിരിഞ്ഞുനോക്കി. അവരെ കണ്ടിട്ടു് കുറേനാളായി. മനഃപ്രയാസങ്ങൾ പെരുകുമ്പോഴെല്ലാം അവരോടെല്ലാം സംസാരിച്ചിരുന്നാൽ അറിയാതെ ശാന്തി കിട്ടുന്നതായി എനിക്കു് അനുഭവപ്പെടാറുണ്ടു്, കൊറേറ കൂടിക്കാഴ്ചകൊണ്ടു് ഒട്ടനവധി പുസ്തകങ്ങൾ വായിച്ചു അനുമതി എനിക്കു ലഭിക്കുന്നു. പ്രശസ്തഗ്രന്ഥകർത്തിയും ഗാന്ധിയൻ നിർമ്മാണപ്രവർത്തനങ്ങളിൽ ഏറെക്കാലം മുഴുകിയ ഒരു സാമൂഹ്യപ്രവർത്തകയുമായ ശ്രീമതി തോട്ടുങ്ങാട്ടു് മാരതിയമ്മയാണു്. മിസ്സിസ് മാരതി വിദ്യാർത്ഥി എന്ന പേരിലാണു്, സാഹിത്യവിദ്യാർത്ഥികൾക്കിടയിൽ അവർ അറിയപ്പെടുന്നതു്.

കേരളത്തിലെ പേരുകേട്ട ഒരു പുരാതന തറവാടായ തോട്ടക്കാട്ടുവീട്ടിൽ 1902 നവംബർ 22-ാം തീയതിയാണു് ശ്രീമതി മാരതിയമ്മ ജനിച്ചതു്. മഹാരാജാസ് കോളേജിലെ മലയാളം പണ്ഡിറ്റായിരുന്ന ഡി. ഗോവിന്ദൻനമ്പൂതിരിയുടേയും പടിഞ്ഞാറേ തോട്ടുങ്ങാട്ടു പാറുക്കുട്ടിയമ്മയുടേയും ആറാമത്തെ സന്താനമായി സ്ഥാനീയഗേൾസ് ഹൈസ്കൂളിലും, കോൺവെന്ററിലും മഹാരാജാസ് കോളേജിലും, മദിരാശിയിലെ ക്രിസ്റ്റിയൻ കോളേജിലുമായി അവർ വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീടു് തൃപ്പുണിത്തുറ ഗേൾസ് ഹൈസ്കൂളിൽ അദ്ധ്യാപികയായി ചേർന്നു. സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ട കാലമായിരുന്നു അക്കാലത്തു് 'ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ'യുടെ പ്രവർത്തകനായി ഗാന്ധിജിയാൽ നിർദ്ദേശിക്കപ്പെട്ട നിലയിൽ, ബീഹാർ സ്വദേശിയായ പണ്ഡിറ്റ് ദേവധൂ വിദ്യാർത്ഥി കേരളത്തിലെത്തി. സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിലും രാഷ്ട്രഭാഷയായ ഹിന്ദിപ്രചരണവിദ്യാഭ്യാസത്തിലും ആകൃഷ്ടയായ ശ്രീമതി മാരതിയമ്മ, വിദ്യാർത്ഥിയുമായി പരിചയപ്പെട്ടു. പരിചയം ക്രമത്തിൽ വിവാഹബന്ധത്തിലെത്തിച്ചു. 28-ാമത്തെ വയസ്സിലാണു്. വിവാഹാനന്തരം ഭർത്താവിനോടൊത്തു ബീഹാറിലേയ്ക്കു പോവുകയും അവിടെ സാമൂഹ്യസേവനരംഗങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. കസ്തൂർബാ ഗ്രാമസേവികാവിദ്യാലയത്തിന്റെ ഭാരം ഏറെറടുത്തു് അഞ്ചുകൊല്ലക്കാലം ബീഹാറിലെ മുധുബനി, റാഞ്ചി, ദർഭംഗാജില്ല, എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. അതിനുശേഷം അഖിലഭാരത ഹിന്ദിപരിഷത്തിന്റെ കാര്യദർശിയായി പണ്ഡിറ്റ് വിദ്യാർത്ഥി ദൽഹിയിലേയ്ക്കു പോയപ്പോൾ ഒപ്പം പോയി. രണ്ടു കൊല്ലക്കാലം സ്വദൽഹിയിൽ സാഹിത്യപ്രവർത്തകരുടെ ഇടയിൽ താമസിച്ചു.

ഒരു ജ്ഞാനതപസ്വിനിയെപ്പറ്റി

ശ്രീമതി മാരതിവിദ്യാർത്ഥി

ശ്രീമതി കമലാവത്തു

അക്കാലത്താണ് പണ്ഡിററ് വിദ്യാർത്ഥിയുടെ സഹപ്രവർത്തകരായ ശ്രീ: വ്രജനന്ദൻശർമ്മാദമ്പതികൾ മുംഗേറി എന്ന സ്ഥലത്ത് ഒരു ബാലികാവിദ്യാപീഠം ആരംഭിച്ചത്. വിദ്യാപീഠത്തിലെ പ്രധാനാദ്ധ്യാപികയായി ശ്രീമതി ഭാരതിയമ്മ നിയമിക്കപ്പെട്ടു. 1951-ൽ വിദ്യാപീഠം കൂടുതൽ വികസിച്ചു. അവിടെ മഹിളാബേസിക് ട്രെയിനിംഗുസ്കൂൾ ആരംഭിച്ചു. ശ്രീമതി ഭാരതിയമ്മയുടെ കഴിവുകൾ മനസ്സിലാക്കിയ തൽഭാരവാഹികൾ എല്ലാററിന്റെയും മേൽനോട്ടം അവരെ ഏല്പിച്ചു. ഏതാണ്ട് എട്ടുകൊല്ലത്തോളം സ്തുത്യർഹമായ രീതിയിൽ ആ കൃത്യം അവർ നിർവ്വഹിച്ചുപോന്നു

1961-ൽ ഗാന്ധിയൻ തത്വശാസ്ത്രത്തിൽ മുഗ്ദ്ധരായ തെക്കെ അമേരിക്കയിലെ ബ്രിട്ടീഷ് ഗയാനാഗവർമ്മെണ്ട് വിദ്യാർത്ഥിദമ്പതികളെ, അവിടേയ്ക്കു ക്ഷണിച്ചു. സ്നേഹപൂർണ്ണമായ ആ ക്ഷണം സ്വീകരിച്ചുകൊണ്ട് രണ്ടുപേരും തെക്കെ അമേരിക്കയിലേയ്ക്കു പോയി. അവിടുത്തെ ഭാരതീയരുടെ ഇടയിൽ ഗാന്ധിയൻ ആശയസംഹിതകളെപ്പററി പ്രചരണം നടത്തിയും ചില കലാശാലകളിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ചും മൂന്നു കൊല്ലം സഞ്ചരിച്ചു. 1964-ൽ ന്യൂയോർക്ക്, ലണ്ടൻ മുതലായ നഗരങ്ങൾ സന്ദർശിച്ചു പ്രഭാഷണങ്ങൾ നടത്തി. നാട്ടിൽ മടങ്ങിയെത്തിയതില്ലിന്നെ രണ്ടുപേരും സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്.

വിപുലമായ മലയാളസാഹിത്യത്തെ രാഷ്ട്രഭാഷയായ ഹിന്ദിയുമായി ഇണക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങളിലാണ് ഈ ദമ്പതികൾ പിന്നീട് ശ്രദ്ധിച്ചത്. ആ ശ്രമങ്ങൾക്ക് എടുത്തു പറയത്തക്ക വിജയങ്ങളുമുണ്ടായി. മലയാളത്തിന്റെ മൌലിക പ്രതിഭകളെപ്പററി മറ്റ് ഇന്ത്യൻ ഭാഷകൾക്കു വലിയ പിടിപാടില്ലെന്നാണ് ശ്രീമതി ഭാരതിയമ്മയുടെ അഭിപ്രായം. പരിഭാഷകൾ വേണ്ടത്രതോതിലുണ്ടായില്ല. ഉള്ളവ തികച്ചും അപര്യാപ്തം. ഈ നില തുടർന്നാൽ ഇന്ത്യൻഭാഷകൾ തമ്മിൽ അപരിചിതത്വം വർദ്ധിക്കുകയും അതുവഴി ഭാഷാപരമായ ശത്രുത മുരച്ചിക്കുകയുമേയുള്ളൂ.

> മലയാളികളായ നമ്മുടെ ഭക്ഷണം ലളിതമാണ്, വസ്ത്രധാരണം അതിനേക്കാൾ ലളിതമാണ്. പ്രവൃത്തിയും കഴിയുന്നത്ര കുറച്ചെടുക്കണമെന്ന ആഗ്രഹക്കാരാണ് നമ്മൾ. എന്നിട്ടും എന്തേ മലയാളം എഴുതുമ്പോൾ നാമിത്രയധികം ധൂർത്തുകാണിക്കുന്നു! വർഗം, വർണം, ധർമം, മർമം എന്നെഴുതിയാൽ മതി എന്നിരിക്കെ എന്തിനാണ് വർഗ്ഗം, വർണ്ണം, ധർമ്മം, മർമ്മം എന്ന് അനാവശ്യമായി ഒരക്ഷരമിരട്ടിച്ചെഴുതുന്നത്.
>
> —മലയാളം മാഷ്
>
> നീ, നിയ്യ്, നിങ്ങൾ, താങ്കൾ, അങ്ങ്, അവിടുന്ന്—ഞാൻഎന്റെ മലയാളത്തെച്ചൊല്ലി അഭിമാനിക്കണമോ നാണിക്കണമോ.
>
> —കഞ്ഞുണ്ണി

പ്രതിഭാപാടവത്തിനും കലാപരമായ കൌശലങ്ങൾക്കും ഭാഷ ഒരു പ്രതിബന്ധമാകരുത്. പരിഭാഷകളും തജ്ജമകളും അടിക്കടി വന്നുകൊണ്ടേയിരിക്കണം. സാംസ്കാരികനവോത്ഥാനത്തിന്നും, ഇന്നു പലരും ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ദേശീയോദ്ഗ്രഥനത്തിന്നും അതല്ലാതെ മററു മാർഗ്ഗങ്ങളൊന്നുമില്ല ആ ലക്ഷ്യം മുന്നിൽവെച്ചാണ് എളിയ നിലയിലാണെങ്കിലും ചില പരിഭാഷകൾക്കു അവർ തുനിഞ്ഞത്. തകഴിയുടെ തോട്ടിയുടെ മകൻ', 'ചെമ്മീൻ', 'രണ്ടിടങ്ങഴി' എന്നീ ഗ്രന്ഥങ്ങൾ 'ചുനൌതി' 'മച്ചുപാരെ' 'ദോ സേർധ്വാൻ' എന്നീ പേരുകളിലും; കേശവദേവിന്റെ 'ഓടയിൽ നിന്നു', 'പപ്പു' എന്ന പേരിലും; കാരൂരിന്റെ കഥകൾ 'മലയാനിൽ' എന്നപേരിലും അവർ പരിഭാഷചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്രസാഹിത്യഅക്കാദമിയും, ആത്മാരാം ആൻറ് സൺസ് പബ്ളിഷിങ്ങ് ഹൌസുകാരുമാണ് അവരുടെ പ്രധാനപ്പെട്ട പ്രസാധകർ.

ശിവപാർവ്വതി

3

ഇവളേകാന്തതപസ്സാൽ നിന്നുടൽ
പാതിയെടുത്തവളല്ലോ! വിരഹ-
വ്യഥയിൽ പുത്തുതളിർത്തവളല്ലോ!
ഇവൾ നിന്നുജ്ജ്വലശക്തിമഹസ്സിൻ
ജ്വാലാരൂപിണിയല്ലോ!
നിത്യ വിശുദ്ധ സ്മൃതിയല്ലോ!
ഇനിയും ഹുങ്കാരത്താലാഞ്ഞു
തറയ്ക്കരുതേ പുവമ്പിന്നിവളുടെ
പേലവമാം കരളിൽ!
തിരുമിഴികൾ തുറക്കുക മൂന്നും,
ചന്ദ്രോദയമായ്,
തിരതല്ലുകയിനി കാരുണ്യക്കടലേ!
കടലേ! ഹിമവാഹിനിയിത നിൻ
വിരിമാറിൽച്ചായാനൊഴുകിയണഞ്ഞു
വിതുമ്പുന്നു!
പുമഴചൊരിയാൻ കല്പകഹൃദയസുമങ്ങ-
ളൊരുക്കട്ടേ ഞങ്ങൾ.
പാടാൻ വീണ മുറുക്കട്ടെ
തേന്തൂറും രാഗമിണക്കട്ടേ!

മതി മതി ഹേ! മൃത്യുജെയ!
നിശ്ചലമീ ധ്യാനം!
ചിരപുണ്യസ്മരണ വെളുത്തു ചിരിക്കും
കൈലാസത്തിൻമടിയിൽ സന്ധ്യാ
കങ്കമധുളിയുതിർന്നീടുന്നു!
നീലനഭസ്സിൻ വെള്ളിപ്പു വിരിയുന്ന
വിതാനമൊരുങ്ങീടുന്നു!
ശോണിതകണമുതിരുന്ന തമസ്സി-
ന്നാനത്തോലും,
ശ്യാമദിഗന്തം ചിതറും ചിടയും
പുളയും പുത്തൻവളയു-
മണിഞ്ഞെഴുനെള്ളുക ശംഭോ!
പരിണയസമയമിതാ വരവായീ!
നവസംഗമഗംഗാലഹരിയിൽ നിന്നു-
മുയർന്നണയും തേജസ്സിലുഷസ്സായ്
വിരിയട്ടേ ഗഗനം!

(അവസാനിച്ചു)

ചാത്തനാത്ത് അച്യുതനുണ്ണി

ഇതിന്നുപുറമെ ഭർത്താവായ പണ്ഡിററ് ദേവധുതുവിദ്യാർത്ഥിയുമൊത്തു 'ഹാർയാജീത്തു'; 'പാംച് ബേംതു' എന്നീ മൌലികഗ്രന്ഥങ്ങളും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശാരീരികാസ്വാസ്ഥ്യങ്ങൾ പലതുമുണ്ടെങ്കിലും മലയാളസാഹിത്യത്തിലെ പല അമൂല്യഗ്രന്ഥങ്ങളും ഹിന്ദിയിലേയ്ക്കു വിവർത്തനം ചെയ്യാൻ അവർ ശ്രമിച്ചുവരികയാണ്. തന്റെ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സങ്കീർണ്ണമായ ഒരാത്മകഥയും അവർ എഴുതിവെച്ചിട്ടുണ്ട്.

ഈ ജ്ഞാനതപസ്വിനിയുടെ തളരാത്ത കർമ്മാവേശത്തിന്നു മുമ്പിൽ ഒരെളിയ ആരാധികയുടെ കൂപ്പുകൈ! അവരുടെ ശ്രമങ്ങൾ നമ്മുടെ സാംസ്കാരികചക്രവാളം വികസ്വരമാക്കട്ടെ!

— 0 —

ആത്മദുഃഖം വിഴുങ്ങുന്നവർ

നല്ലകാലത്തു് മനുഷ്യനു മധുരം നുള്ളിക്കൊടുത്ത മാവുകൾ. വാർദ്ധക്യത്തിൽ ആത്മദുഃഖം വിഴുങ്ങിനില്ക്കുന്നു. വെട്ടും കിളയുമേൽക്കാത്ത കന്യകയായ പുരയിടം, ഋതുകാലം കഴിഞ്ഞിട്ടും വരനെ കാത്തുകിടക്കുന്നു. കല്പടവുകൾ ഇറങ്ങിച്ചെന്നു മുററത്തു് പരന്നുകിടക്കുന്ന വെയിൽ. ഉച്ചകഴിഞ്ഞിട്ടും ഉഗ്രമായ ചൂടു വിതറുന്ന വാതംപിടിച്ചാടുന്ന കട്ടിലിൽ കട്ടിച്ചെല്ലവും തുറന്നുവച്ചു ഭംഗിയിലൊന്നു മുറുക്കാൻ വട്ടംകൂട്ടു ഞങ്ങളുടെ ആതിഥ്യനെക്കണ്ടു. കറപിടിച്ചു വരിതെററി നില്ക്കുന്ന പല്ലുകൾ വെളിക്കു വന്നു. 'കണ്ണിന്റെ ക്ലച്ചു' പിടിക്കാത്ത ഭാവം മുഖത്തു്. മുഖത്തുനിന്നു ചുളിവുകൾ നിറുകവരെ വിസ്തൃതിക്കുന്നതു കണ്ടു. ഞങ്ങൾ ഇറയത്തേക്കു കയറി. 'അഹാ' ഞങ്ങളെ തിരിച്ചറിഞ്ഞ ലക്ഷണം. ഇരിക്കാൻ പറഞ്ഞു ഇരുന്നു. സാക്ഷാൽ പരിയാനംപററ കുഞ്ചുണ്ണി നമ്പൂതിരിയുടെ മുമ്പിൽ എന്റെ മനസ്സിലൂടെ നിരവധി ചിത്രങ്ങൾ വന്നു. വലിയൊരു വാപ ളവകാരി. രസികനായ ജാലവിദ്യക്കാരൻ. പ്രഗത്ഭനായ സിനിമാനടൻ. മെയ്ക്കബ്ബുവിദഗ്ദ്ധൻ, പേരുകേട്ട നാടകനടൻ.

പരിയാനംപററ

ഈ. എം. എസ് പാട്ടുകാരൻ

ഏലാംകുളത്തു മനയ്ക്കലായിരുന്നു പരിയാനംപററയുടെ കുട്ടിക്കാലം കഴിഞ്ഞതു്. രാഷ്ട്രീയഭീഷ്മാചാര്യനായ ഈ. എം. എസ്. ആയിരുന്നു പ്രധാന കളിത്തോഴൻ. അമ്മാമനും മരുമകനും കുട്ടിക്കാലം മുതൽ വേദാദ്ധ്യയനം തുടങ്ങി. തരം കിട്ടുമ്പോഴൊക്കെ ഗുരുവിന്റെ കണ്ണുതെറ്റിച്ചു് കുട്ടികളുമായി കൂട്ടുകൂടി 'രാജാ'പ്പാർട്ടു കെട്ടി അഭിനയിക്കുകയായിരുന്നു ഇദ്ദേഹത്തിന്റെ മുഖ്യവിനോദം. ശിവരാത്രി, തിരുവാതിര തുടങ്ങിയ വിശേഷദിവസങ്ങളിൽ വിശേഷവിധിയായി 'പരിയാന പററ ആന്റു പാർട്ടിയുടെ പ്രകടനങ്ങൾ ഉണ്ടാകും. മിക്കവാറും കഥകളി ഇമിറ്റേറ്റു ചെയ്യുകയാണു പതിവു്. പാട്ടുകാരൻ ഈ. എം. എസ് എങ്ങനെയെങ്കിലും ഉറക്കമിളയ്ക്കണമെന്നു നിർബ്ബന്ധമുള്ള സ്ത്രീകളും, കുട്ടികളും കാണികൾ. കാലം മുന്നോട്ടുനീങ്ങി. കുട്ടികൾ വളർന്നു.

വാസുദേവൻ അണ്ണല്ലൂർ

നാടകം

അവർ വളർന്നു. പരിയാനംപററ നാടകക്കമ്പക്കാരനായി. നമ്പൂതിരിസമുദായത്തിലെ ശുദ്ധികർമ്മം നടക്കുന്ന കാലം. പ്രേംജി, എം. എസ്. നമ്പൂതിരി, കുത്തുള്ളി, പരിയാനംപററ തുടങ്ങിയവർ ചേർന്നു നാടകം അഭിനയിച്ചുപോന്നു. 'അടുക്കളയിൽ നിന്നരങ്ങത്തേക്കെ'ന്നതിലെ മുത്തശ്ശിയായും, കർക്കിടാംകുന്നത്തുനമ്പൂതിരിയായും, 'ഋതുമതി'യിലെ പൊറോത്തഫനായും മററും പരിയാനംപററ ജീവിച്ചു. യാഥാസ്ഥിതികരുടെ രോഷം അവരാരും വകവച്ചില്ല.

അവരുടെ ലക്ഷ്യം വികസിച്ചു. സമൂഹത്തിലെ ഉൾത്തുടിപ്പുകൾ ഉൾക്കൊള്ളുന്ന നാടകങ്ങളായി ലക്ഷ്യം. അതോടെ പരിയാനംപററയും കൂട്ടരും കൂടുതൽ പ്രശസ്തരായി. പാട്ടബാക്കി, തറവാടിത്തം, നമ്മളൊന്നു്, എന്നീ സാമൂഹ്യനാടകങ്ങളിലെ നിരവധി കഥാപാത്രങ്ങൾക്കദ്ദേഹം ജീവൻ നൽകി.

പരിയാനംപററ
കമ്പാരവേഷത്തിൽ

നിമിഷത്തിനുള്ളിൽ ഒരു കമ്പാരത്തി

ഏകാംഗബഹുപാത്രപ്രകടനം.

പരിയാനംപററയുടെ അഭിനയപാടവവും മെയ്ക്കപ്പുവൈദഗ്ദ്ധ്യവുംകൂടി ചേർന്നപ്പോൾ രൂപംപൂണ്ട ഒരപൂർവ്വ കലാരൂപമാണു് ഏകാംഗബഹുപാത്രപ്രകടനം. ഏകാഭിനയത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഈ കലാരൂപത്തിന്റെ പെററമ്മയും പോററമ്മയും പരിയാനംപററ തന്നെ കമ്പാരനായിവന്നു കാണികളെ പൊട്ടിച്ചിരിപ്പിക്കുന്ന പരിയാനംപററ നിമിഷത്തിനുള്ളിൽ കമ്പാരത്തിയായി പുനർജന്മം നേടുന്നതു കാണുമ്പോൾ കാണികൾ അത്ഭുതസ്തബ്ധരാകും. കമ്പാ

രനും കമ്പാരത്തിയും, മദ്യപാനിയും പിച്ചക്കാരിയും, അദ്ധ്യക്ഷരും പ്രാസംഗികരും, തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന പ്രകടനങ്ങൾ പരിയാനംപററയുടെ കഴിവിന്നുദാഹരണമാണ്

മൂന്നു സിനിമയിലൂടെ പ്രശസ്തി നേടിയ നടൻ

ശ്യാമളച്ചേച്ചിയിലെ സംബന്ധക്കാരൻനമ്പൂതിരി നഗരമേനന്ദിയിലെ തുണിക്കച്ചവടക്കാരൻ, ഓളവും തീരത്തിലെ മമ്മതിക്കാ; കഴിഞ്ഞു. മൂന്നേമൂന്നു കഥാപാത്രത്തിന്നു സൃഷ്ടി നൽകിയ പരിയാനംപററ സിനിമാലോകത്തിൽ അനശ്വരനായിക്കഴിഞ്ഞു. അദ്ദേഹം വർത്തമാനപ്പത്രത്തിൽനിന്നാണറിഞ്ഞതെങ്കിലും ഒരവാർഡിനും അർഹനായിട്ടുണ്ട്.

ജാലവിദ്യ

ജാലവിദ്യയിൽ അഗ്രഗണ്യനായ പ്രഫസർ വാഴക്കുന്നത്തിന്റെ ശിഷ്യനാണ് പരിയാനംപററ. ഒരേ സമയത്ത് ഹാസ്യവും അത്ഭുതവും വാരിവിതറുന്ന ഈ ജാലവിദ്യക്കാരൻ ഗുരുവിന്നുപോലും ഒരത്ഭുതമാണ്. പരിയാനംപററയുടെ ജീവിതംതന്നെ ഫലിതവും അത്ഭുതവും നിറഞ്ഞതല്ലേ? മാടോട്ടിൻതുണ്ടും, കരിക്കട്ടയും, അരിപ്പൊടിയും കിട്ടിയാൽ പതിനാറുകാരിയെ അറുപതുകാരനാക്കുന്ന ജാലവിദ്യക്കാരൻ. അറുപതുകാരനെ മധുരപ്പതിനാറുകാരിയാക്കുന്ന ജാലവിദ്യക്കാരൻ. വിഡ്ഢിയായും, വില്ലനായും, പ്രാസംഗികരായും, അദ്ധ്യക്ഷരായും, മന്ത്രിയായും, രാജാവായും, മമ്മത്ക്കായായും ഒരേ സമയംതന്നെ വേഷവും ഭാവവും പകർന്ന് സദസ്യരെ ആനന്ദിപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്യുന്ന ജാലവിദ്യക്കാരൻ. യാഥാസ്ഥിതികവർഗ്ഗത്തിൽപ്പിറന്ന് വിപ്ലവക്കടുക്കയായി മാറിയ ജാലവിദ്യക്കാരൻ അതെ, പരിയാനംപററ തന്നെയൊരത്ഭുതമാണ്.

അറുപതോളം വർഷം തന്റെ ചോരയും നീരും കലയാക്കി മാററി, സഹൃദയരെ മധുരിപ്പിച്ച പരിയാനംപററ, സ്വന്തം പറമ്പിലെ വലിയ മാവുകളെപ്പോലെ ആത്മദുഃഖം വിഴുങ്ങിക്കഴിയുകയല്ലേയെന്നു ഞാൻ സംശയിച്ചു. ഒരു വ്യത്യാസം മാത്രം. എന്നിട്ടും അദ്ദേഹം ചിരിക്കുന്നു. ചിരിപ്പിക്കുന്നു.

അദ്ദേഹം വാരിത്തന്ന ചിരിക്കട്ടക്കകൾ നുണഞ്ഞിറക്കിക്കൊണ്ട് ഞങ്ങൾ മടങ്ങി.

—o—

മുഖങ്ങൾ

എസ്. പി. രാജൻ

ഭൂമിയിലകാന്ത ദുഃഖങ്ങൾ തൻമാറി,-
ലേതൊരവ്യക്ത-

ശലാഖിതൻ ബിന്ദുവിൽ
ഉഷ്ണക്കൊടുങ്കാററിൽ

വാസന്ത ചന്ദ്രിക-
മന്ദസ്മിതധാര വർഷമായെത്തവെ!

ഓർത്തുപോയ്-
ഭൂമിയിൽ രണ്ടേ വികാരങ്ങൾ

"ഓർമ്മയും"
ഓർമ്മയിൽ തിങ്ങും കിനാക്കളും.

*

അന്ത്യം

ചെറുകഥ

ടി. കെ. കൊച്ചുബാവ

രാത്രി ഇരുട്ടിനെ ആവാഹിച്ചെടുത്ത്, വീതിയേറിയ ചുമലിൽ ആ ഭാരവും പേറി വളരാനാരംഭിച്ചു. കാണക്കാണെ ഭൂമിയുടെ ഭ്രമണപഥത്തെ ചുററിച്ചുററി ആകാശത്തേക്ക് നീറിപ്പടർന്നുവളർന്നു...

വെളിച്ചത്തിന്റെ ഗോളം (സൂര്യൻ!) ഏതോ വനപ്രാന്തങ്ങളിൽ ഭയത്തോടെ, നിർജ്ജീവമായ കണ്ണുകൾകൊണ്ട് പ്രപഞ്ചത്തെ നക്കി, നഗ്നയായ ഇരുട്ടിന്റെ തഴുകലേററ് ചുളിഞ്ഞു്, വൃക്ഷത്തലപ്പുകൾക്കിടയിൽനിന്നൂർന്നിറങ്ങിയ മഞ്ഞേറ്റു വിറച്ചു്, ഒന്നു്, രണ്ടു്, മൂന്നു് എന്നീ ക്രമത്തിൽ നിമിഷങ്ങളിഴഞ്ഞുനീങ്ങി മിനിററുകളായി, മിനിററുകൾ വികാസം പൂണ്ട് മണിക്കൂറുകളായി പിന്നിട്ടുമ്പോൾ ഒരു യോദ്ധാവിനെപ്പോലെ താൻ സടകുടഞ്ഞെഴുന്നേൽക്കുമെന്ന് ഓർത്തു്, ചൂട്ട് ഉഗ്രമായി പ്രസരിക്കുന്ന വെളുത്ത കാലുകൾ നീട്ടി, നഖങ്ങൾ തൊലിയ്ക്കുള്ളിലേക്കു വലിച്ചു്, വെളുത്തപശ നാവിൽനിന്നു് ഇററുവീഴ്ത്തി ഉണങ്ങിക്കിടക്കുന്ന മണൽത്തരികൾക്കിടയിലേക്ക് പുളച്ചിറക്കി, ഇല്ലാത്ത കരുത്തു് ഉണ്ടാക്കുവാൻ ശ്രമിച്ചു്, ചുടുരക്തം തിളച്ചൊഴുകുന്ന ചെറുപ്പക്കാരന്റെ യുവത്വത്തിന്റെ ശക്തി തനിക്കുണ്ടെന്നു് സ്വയം ബോധിപ്പിച്ചുകൊണ്ട് പതഞ്ഞുകിടന്നു.

പക്ഷികൾ ചിലച്ചു് കൂടുവിട്ടു പുറത്തേക്കു പറക്കാൻ തുടങ്ങിയപ്പോൾ ഇരുട്ട് വെളിച്ചത്തിന്റെ ചുററുവട്ടത്തുനിന്നു് ഇനിയുള്ള ആക്രമണം സഹിക്കാൻ പററാത്ത കരുത്തില്ലായ്മയിൽനിന്നു് ഉയിരെടുത്ത വെപ്രാളവുമായി ഞരങ്ങിനീങ്ങി. വെളിച്ചം ചിരിച്ചു. ചിരിച്ചുകൊണ്ട് കൈകാൽ നിവർത്തിക്കടഞ്ഞു്, കോട്ടുവാ വിട്ടു് കെട്ടുറപ്പില്ലാത്ത, പേക്കിനാവുകൾ മാത്രം കണ്ടുറങ്ങിയ ഒരു രാത്രിയുടെ വരിയലിൽനിന്നു് മോചനം നേടിയ ആഹ്ലാദത്തോടെ എഴുന്നേററു പിന്നെ ചതുരാകൃതിയിൽ നിരത്തിവെട്ടിയ പർവ്വതത്തിന്റെ പടവുകൾ സാവധാനത്തിൽ ചവുട്ടിക്കയറി ഉച്ചിയിലെത്തി. അവിടെനിന്നു് ഭൂമിയെ ഉററുനോക്കി മനസ്സിൽ ഉരുവിട്ടു:

—ഇനി എന്റെ ആധിപത്യം.

അനന്തരം കിഴക്കിനെ പൊള്ളിച്ചുകൊണ്ട് ഉദിച്ചു. ഇളംവെയിൽ കുത്തിയൊഴുക്കി മണ്ണിനെ കുളിപ്പിച്ചു. കെട്ടിക്കിടന്നിരുന്ന മലിനവസ്തുക്കളെ ഉരുക്കിക്കളഞ്ഞു് പരിശുദ്ധയാക്കി.

ഈ ഇളംവെയിലേററു്, മുറുക്കാനിടിച്ചു് വാരി വായിലിട്ടുചവച്ചു്, വലിയ തുളകളുള്ള കാതുകൾ കുലുക്കി, യുവതികളെ സൂക്ഷിച്ചുനോക്കി വൃദ്ധകൾ മുരണ്ടു.

"വല്ലാത്ത ഉഷ്ണം. നശിച്ചോൻ ഇന്നും വന്നിട്ടൊണ്ട്. ഇനീം എന്നാണൊര് മഴ—"

യുവതികളുടെ മുന്നിൽ പിടിച്ചുനിറുത്തി വൃദ്ധകൾ തന്നെ കളിയാക്കിയിരിക്കുന്നുവെന്നു് മനസ്സിലാക്കിയപ്പോൾ സൂര്യൻ വലിയ ഒച്ചയോടെ പൊട്ടിത്തെറിച്ചു് ചെറിയ തരികളായി മഴപോലെ, വൃദ്ധകളെ നനച്ചു്, മരവിപ്പിച്ചു് ഭൂമിയിലേക്കു പതിച്ചു.

—o—

ശാലീന സുന്ദരമായൊരു കവിത

എസ്. കെ. ശാന്തകുമാരി

പിഞ്ചുകുഞ്ഞിനു മുതൽ വയോവൃദ്ധന്മാർക്കുവരെ ഇന്നു് സുപരിചിതയായ 'ആ തൊട്ടിലാട്ടും ജനനി'യെക്കുറിച്ചു് ഇത്രവളരെയെന്തെഴുതാൻ? പലരും ചോദിച്ചേക്കാം പക്ഷേ, കേഴ്‌വി പലപ്പോഴും അതിശയോക്തിയുടെ മൂടുപടമേന്തിയാണു വരാറുള്ളതു്. തികച്ചും വ്യത്യസ്തമായൊരനുഭവമാണു് എന്നാലെനിക്കു് ബാലാമണിയമ്മയെക്കുറിച്ചു പറയാനുള്ളതു്. സ്വപ്നം യാഥാർത്ഥ്യമായപ്പോൾ, ഒരിക്കൽ കണ്ടു, ഒരിക്കൽ മാത്രം. കണ്ണുകൾക്കു് വിശ്വസിക്കാൻ കഴിയാത്ത, മനസ്സിനു് ഉൾക്കൊള്ളാൻ കഴിയാത്ത ഒരനുഭൂതിയാണെനിക്കുന്നുളവായതു്.

കേരളജനതയെ സ്വന്തം താരാട്ടിലൂടെ താലോലിച്ച അമ്മയെ കണ്ടതു് കഴിഞ്ഞ ഓഗസ്റ്റ് ഇരുപത്താറാംതീയതിയാണു്. ചൂളം വിളിക്കുന്ന കാററുള്ള, പക്ഷികൾ പാടി യാമിനി ഉണരാൻ തുടങ്ങുന്ന ഒരു തെളിഞ്ഞ സായ സന്ധ്യയിൽ ഞങ്ങളവിടെയെത്തി. പൂമുഖത്തേകയായിരിക്കുന്ന ആ സ്ത്രീയാണു് കേരളജനതയുടെ പ്രിയപ്പെട്ട ബാലാമണിയമ്മയെന്നു മനസ്സിലാക്കാൻ വിഷമമായിരിക്കും. എന്നിൽ തിരതല്ലുന്ന ആഹ്ലാദോളങ്ങൾ!!! എന്തു ചെയ്യണമെന്നറിയാതെയുള്ള ഹൃദയത്തിന്റെ ഉച്ചത്തിലുള്ള സ്പന്ദനങ്ങൾ!! തൊഴുകൈ മാററാതെ നിന്ന ഞാൻ മുമ്പിൽ കണ്ടതു് അപരിചിതത്വവും അതേസമയം സ്നേഹാർദ്രങ്ങളുമായ രണ്ടു കണ്ണുകളായിരുന്നു. കടലാസ്സിൽ പേന കുറിച്ചുവച്ച പരിചയമല്ലേയുള്ളു. "വിമൻസ്ഹോസ്റ്റലിൽനിന്നാണു്" — "ഓ, ശാന്തകുമാരിയാണല്ലേ? വരൂ"— നിർവൃതിയിൽ നിമിഷങ്ങൾ അലിഞ്ഞപ്പോൾ ഞങ്ങൾ കസേരകളിൽ അടുത്തടുത്തു് ഇരിക്കയാണു്,

അഭിമുഖമായി ഇരിക്കുന്നുവെന്നു മാത്രമേയുള്ളു. സ്വപ്നമോ യാഥാർത്ഥ്യമോയെന്ന സംശയത്താൽ സന്തോഷഭരിതയായി ഞാൻ മിണ്ടാൻവയ്യാതെയിരിക്കയാണു്. ഞാനൊരു പെൺകുട്ടിമാത്രം എന്നിൽ നിസ്സാരത്വം മാത്രം! പക്ഷേ, കാണാനാശ പ്രകടിപ്പിച്ചപ്പോൾ പ്രതീക്ഷകളെ തട്ടിമാററിക്കൊണ്ടു്, എന്റെ ഭാവനയെ യാഥാർത്ഥ്യമാക്കി. വളരെ നാളായുള്ള കാണാൻകഴിഞ്ഞെങ്കിൽ, കാണാൻ കഴിഞ്ഞെങ്കിലെന്നുള്ള ഹൃദയത്തിന്റെ തേങ്ങലവസാനിച്ചു. വിജനമായ ഹൃദയത്തിന്റെ തരിശുഭൂമി ഇന്നു് വിലപ്പെട്ട ഓർമ്മകളാൽ നിറഞ്ഞതാണു്.

പറഞ്ഞുകേട്ടിട്ടുള്ളതിൽനിന്നും വായിച്ചുകേട്ടിട്ടുള്ളതിൽനിന്നുമൊട്ടും വ്യത്യസ്തമല്ല ആ രൂപഭാവങ്ങൾ! തുമന്ദഹാസത്താൽ പാലൊളിച്ചന്ദ്രിക പരത്തുന്ന ശാലീനത തുടങ്ങുന്ന മുഖം. വാർദ്ധക്യം ആ കവിതയുടെ മുഖത്തു വരച്ചുവച്ച ചുളിവുകൾ. കറുത്ത, ലളിതമായ കണ്ണടയിലൂടെ തെളിഞ്ഞുകാണുന്ന കണ്ണിണകൾ; നീല കാശത്തിലവിടവിടെയായി പ്രശോഭിക്കുന്ന വെള്ളിമേഘക്കീറുകൾപോലെയുള്ള നരബാധിച്ച തലമുടി; വെള്ള ഖദറാൽ ആച്ഛാദനം ചെയ്യപ്പെട്ട ദേഹം —ഇതാണു് ബാലാമണിയമ്മ!! തുലോം ലളിതം! പക്ഷേ, മനസ്സിലാക്കൂ, ഈ ലാളിത്യത്തിൽ നിന്നാണു്, ആ രക്തമൂററിക്കുടിച്ചാണു് നവജീവനുള്ള ഒട്ടനേകം കവിതകൾ ഇന്നു് കൈരളിക്കു ലഭിച്ചിട്ടുള്ളതു്.

വിനയവും, ലാളിത്യവും സ്നേഹവാത്സല്യാദികൾ തന്നെയും എന്താണെന്നു മനസ്സിലാക്കാൻ കിഴഞ്ഞ ഒരനർഘനിമിഷം! അമ്മയും കുഞ്ഞും വിശുദ്ധിയേറിയ ആ സന്ദേശം തന്റെ കവിതയിലൂടെ പ്രകാശിപ്പിച്ച ബാലാമണിയമ്മ സ്നേഹവാത്സല്യങ്ങളുടെ സാക്ഷാത്കാരമായതിൽ അതിശയോക്തിയില്ല. പുതിയ നമ്മുടെ തലമുറയെ ലജ്ജിപ്പിച്ചു തലതാഴ്ത്തുന്ന വിനയവും ലാളിത്യവും!! മനുഷ്യമനസ്സിനെ സന്തോഷത്തിന്റെ പുതിയൊരനുഭൂതിയിലേക്കു് നയിക്കാൻ കഴിയുന്ന അത്യത്ഭുതകരമായ ശക്തിവിശേഷമാണു് ആ കൊച്ചുരൂപത്തിൽ കുടികൊള്ളുന്നതു്. രണ്ടു പെൺകുട്ടികളും രണ്ടാൺകുട്ടികളുമാണു് അവർക്കുള്ളതു്. കോളിളക്കം സൃഷ്ടിച്ചുകൊണ്ടു് ഒരു വലിയ ജനാവലിയുടെ ശ്രദ്ധയെ പിടിച്ചുപററിക്കൊണ്ടു് സ്വന്തം കഥയെഴുതുന്ന ആ ജീനിയസ്—മാധവിക്കുട്ടി—അമ്മയുടെ മൂത്ത പെൺകുട്ടിയാണു്. സാഹിത്യവാസനാസമ്പന്നമായ ഒരു കുടുംബം! സൗഹൃദപരമായ ഞങ്ങളുടെ സംഭാഷണം കവിതയിലേക്കു തിരിഞ്ഞപ്പോൾ. ആരോ നടന്നുവരുന്ന ശബ്ദം! തിരിഞ്ഞുനോക്കിയപ്പോൾ നീളംകൂടിയ ഒരു ഖദർവസ്ത്രധാരി! അതു് മററാരുമല്ല, ശ്രീ. വി. എം. നായർതന്നെയായിരുന്നു. സ്വപത്നിയുടെ കഴിവുകൾ കണ്ടറിഞ്ഞു് അവരെ

ശ്രീമതി ബാലാമണിയമ്മ

കാവ്യലോകത്തേക്കുയർത്തിയ ആ അതികായകൻ ആണു് ബാലാമണിയമ്മയുടെ ഭർത്താവു്.

നർമ്മരസം തുളുമ്പുന്ന സംഭാഷണശൈലിയാണു്—മറ്റെല്ലാ ഗുണങ്ങളിൽനിന്നും ശ്രീ. വി. എം. നായരിൽ എനിക്കു കാണാൻ കഴിഞ്ഞതു്. പരിചയപ്പെട്ടത്തിയപ്പോൾ മുത്തച്ഛന്റെ മുമ്പിലൊരു കൊച്ചുമകൾ നിൽക്കുന്ന അനുഭൂതിയാണെനിക്കുണ്ടായതു് "ഇതല്ലേ ബാലാമണിയമ്മ, പിടിച്ചോളൂ, ഇനി വിടണ്ട്"—ഇതാണു ദേഹത്തിന്റെസ്വരം ഒരഞ്ചുവയസ്സുകാരന്റെ ഉന്മേഷവും ചുണയും പ്രതിഫലിക്കുന്ന പ്രവൃത്തികൾ—ജീവിതം—നീണ്ടയൊരു അറുപതിൽപരം വർഷങ്ങൾ പിന്നിട്ട—ജീവിതങ്ങൾ!! കൂടുതൽ ലോകത്തെ മനസ്സിലാക്കിയ—ജീവിതസായാഹ്നത്തിലെത്തിയ രണ്ടു ദമ്പതിമാർ—ആ ജീവിതങ്ങൾ സ്നേഹസമ്പന്നവും ത്യാഗസന്നദ്ധവുമാണു. പ്രകൃതിയുടെ അകൃത്രിമലാവണ്യം—കുളിർകാററും ചന്ദ്രികയും—ഫാനിന്റെ ഇലകളുണ്ടാക്കുന്ന ചൂടുകാററിനെക്കാൾ കുളിർകാററിന്റെ താലോലമാണു് അവർക്കിഷ്ടം.

ഒരു മണിക്കൂർ!! ആത്മസംതൃപ്തിയാൽ മനസ്സു് തുളിതമായി. വാർദ്ധക്യംബാധിച്ചെങ്കിലും അരോഗദൃഢഗാത്രരായ രണ്ടു വിശിഷ്ടവ്യക്തികൾ. യാത്രപറഞ്ഞിറങ്ങിയപ്പോൾ ഹൃദയംനിറഞ്ഞിരുന്നു; ജീവിതത്തിലെന്തോ കിട്ടിയപോലെ. ഗേററിനു മുമ്പിൽ നിൽക്കുന്ന അവരെ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടുകഴിഞ്ഞല്ലോ എന്ന നഷ്ടബോധം. വിവിധവികാരങ്ങളുടെ സമ്മേളനം!—അപ്പോൾ മുല്ലപ്പുവിൽമഞ്ഞിൻതുള്ളികളുണ്ടായിരുന്നുവോ?

മോഹനമായ ആ ജീവിതത്തിലെക്കെത്തിനോക്കൂ!—ജീവിതം അവർക്കു കർമ്മബാഹുല്യമേറിയ ഒരു യജ്ഞശാലയാണു്. സേവനസന്നദ്ധരാണവർ. ശാലീനതയിൽ, ലാളിത്യത്തിൽ, ആത്മാർത്ഥതയിൽ ജീവിതത്തിന്റെ സൗന്ദര്യം—അതിന്റെ മാററുരച്ചുനോക്കുന്ന അവർതന്നെ—ശാലീനസുന്ദരമായൊരു കവിതയല്ലേ???

—o—

സിനിമ

'പ്രപഞ്ച'ത്തിന്റെ ശില്പികൾ പ്രോത്സാഹനമർഹിക്കുന്നു.

പുതുമുഖങ്ങളുടെ പുതുമയുള്ള ചലനങ്ങൾ നിറഞ്ഞുനില്ക്കുന്ന 'പ്രപഞ്ചം,' പുതിയ സിനിമയുടെ ശബ്ദത്തിനുവേണ്ടി കാത്തിരിക്കുന്ന കാഴ്ചക്കാരന് ഒരാശ്വാസം നല്കുമെന്നതിൽ രണ്ടുപക്ഷമില്ല. പി. ഭാസ്കരൻ, സി. ആർ. ലക്ഷ്മി എന്നിവരൊഴികെ മറ്റെല്ലാവരും പുതുമുഖങ്ങളാണ്, തിരശ്ശീലയിലും തിരശ്ശീലയ്ക്കു പിന്നിലും. സുനിത, സുമേഷ് എന്നീ രണ്ടു താരങ്ങളെ മലയാളസിനിമയ്ക്ക് സംഭാവനനല്കിയ ചിത്രകലാഫിലിംസുകാരോട് നാം കടപ്പെട്ടവരായിരിക്കുക.

പല ഭാഷകളിലും പല പ്രാവശ്യം കണ്ടുമടുത്ത കഥാതന്തുവാണ് പ്രപഞ്ചത്തിനുള്ളത്. പഴയ വീഞ്ഞായിക്കൊള്ളട്ടെ പക്ഷേ, അതു് പുതിയ കുപ്പിയിൽ പകരാൻപോലും കഥയും സംഭാഷണവും രചിച്ച സുദിൻമേനോന് കഴിഞ്ഞില്ല. പഴയ മലയാളസിനിമയെ ഓർമ്മിപ്പിക്കുന്ന ഹാസ്യരംഗങ്ങൾ ഈ പോരായ്മ കുറേക്കൂടി പെരുപ്പിച്ചുകാണിച്ചു. സുനിതയുടെ ഒതുക്കവും മിതത്വവുമുള്ള അഭിനയം എല്ലാ പോരായ്മകളേയും ഏറെക്കുറെ സഹിച്ചിരിക്കുവാൻ നമ്മെ പ്രേരിപ്പിച്ചു. രൂപത്തിലും ഭാവത്തിലും ലക്ഷണമൊത്ത നടി. പുതുമുഖത്തെത്തേടി അലയുന്ന നിർമ്മാതാക്കളെ, സംവിധായകരെ, ഇതാ, ആകാരസൗഷ്ഠവമുള്ള, അഭിനയസിദ്ധിയുള്ള ഒരു നടി. പുതുമുഖങ്ങൾ മിക്കവാറും എല്ലാ ചിത്രങ്ങളിലും പ്രത്യക്ഷപ്പെടാറുണ്ട്. പക്ഷേ, ഇത്രയധികം 'സിനിമാറ്റിക് പെർസണാലിറ്റി'യുള്ള പുതുമുഖങ്ങൾ മലയാളസിനിമയിൽ വേറെ കണ്ടിട്ടില്ല. സുദേവ്, സുനിത, സുമേഷ് എന്നീ യുവതാരങ്ങളെക്കുറിച്ചാണ് ഞാനിതു പറഞ്ഞത്.

പ്രപഞ്ചത്തിന്റെകഥയും,സംഭാഷണവും, സംവിധാനവും സുദിൻമേനോനാണ് നിർവ്വഹിച്ചിട്ടുള്ളത്. മുടൽമഞ്ഞിലൂടെ അത്ഭുതകരമായ വാഗ്ദാനമായി മാറിയ സുദിൻമേനോൻ പ്രപഞ്ചത്തിൽ സിനിമാസ്വാദകരെയാകെ നിരാശരാക്കിക്കളഞ്ഞു. കഥ, സംഭാഷണം, സംവിധാനം എന്നീ മൂന്ന് അംശങ്ങളും ഒന്നിച്ച് കൈകാര്യം ചെയ്തതാണ് മേനോന് പറ്റിയ പരാജയം. വികാരവത്താക്കേണ്ടിയിരുന്ന, പ്രേക്ഷകരെ ഇളക്കിമറിക്കേണ്ടിയിരുന്ന, പല രംഗങ്ങളും നേരിയൊരു ചലനംപോലും സൃഷ്ടിക്കാനാവാതെ കടന്നുപോയി; ഒരു സർക്കസ്സുകോമാളിയുടെ ശ്രദ്ധിക്കാതെപോയ വിലകുറഞ്ഞ ഭാവാഭിനയംപോലെ. സിനിമയിലെ അപ്രതീക്ഷിതത്വവും (Surprise) അനിശ്ചിതത്വവും (Suspense) ആണ് പ്രേക്ഷകരുടെ ശ്രദ്ധയെ മുഴുവനാകർഷിക്കുന്നത്. അതിന് ഏറ്റവുമധികം സഹായിക്കുന്നത് മോട്ടിവേഷണൽ യൂണിറ്റുകളും. മുടൽമഞ്ഞിന്റെ വിജയം, സുദിൻമേനോൻ അജ്ഞനാണെങ്കിൽകൂടി, ഈ മോട്ടിവേഷണൽ യൂണിറ്റുകൾക്ക് ആത്മാവു നല്കിയെന്നതിനാലാണ്.

ഗാനങ്ങളെക്കുറിച്ചാണ് എടുത്തുപറയാനുള്ളത്. ശ്രീ: പി. ഭാസ്കരനാണു പ്രപഞ്ചത്തിലെ അഞ്ചുഗാനങ്ങൾ രചിച്ചിട്ടുള്ളത്. പൂനിലാവ്, ഇളംകാറ്റ്. പുഷ്പശരം, ആകാശപുഷ്പം, ഇന്ദ്രനീലജാലകം, സപ്തവർണ്ണമലർമാല, മധുമാസസുന്ദരവാടി തുടങ്ങിയ കേട്ടുപഴക യതെങ്കിലും വീണ്ടു കേട്ടാൽ അരോചകമാവാത്ത ചില വാക്കുകളുണ്ടെന്നതൊഴിച്ചാൽ നിലവാരം കുറഞ്ഞവയാണു വരികൾ. പക്ഷേ, ദുലാൽസെൻ ഈ വരികൾക്കു മനസ്സിൽനിന്നും ഒരിക്കലും മാഞ്ഞുപോകാത്തവിധം സംഗീതം പകർന്നിരിക്കുന്നു. "ഇന്ദുലേഖ ഇന്നുരാത്രിയിൽ..." "നീ കണ്ടുവോ മനേ ഹരി—", "കണ്ണിണകൾ നീരണിഞ്ഞതെന്തിനോ ..." എന്നിവ മലയാളഗാനമേഖലയിൽ പുതിയൊരു ശബ്ദധാരയാണ് ഉയർത്തുന്നത്.

പ്രപഞ്ചത്തിലെ വികാരതീവ്രമായ ഒരു രംഗം (സുനിത, സുദേവ്)

സുദേവ്, സുനിത, സുമേഷ് എന്നിവരാണു പ്രധാന താരങ്ങൾ ഒന്നുരണ്ടു രംഗങ്ങളൊഴിച്ചാൽ ആദ്യത്തെ കാൽവയ്പെന്ന നിലയിൽ സുനിത അത്ഭുതകരമായ അഭിനയപാടവമാണു കാഴ്ചവച്ചത്. ഒരു ബംഗാളിനടിയുടെ ആകാരഭംഗിയും അഭിനയത്തിൽ മിതത്വവും പാലിക്കുന്ന ഈ നടി കഴിവുറ്റ ഒരു സംവിധായകന്റെ മേൽനോട്ടത്തിലായിരുന്നെങ്കിൽ എന്നാശിച്ചുപോയി. നീണ്ടുവിടർന്നു

മംഗലശ്ശേരി

വികാരങ്ങളുടെ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കുന്ന നയനങ്ങളും, വശ്യമാധുര്യവും, മാദകത്വവും നിറഞ്ഞുനില്ക്കുന്ന ചുണ്ടുകളുംകൊണ്ടു മലയാളത്തിൽ ഇതുവരെ ഒരു നടിക്കും കാണിക്കാനാവാത്ത ഭാവത്തിന്റെ ശ്രുതിഭേദങ്ങൾ ഈ കൊച്ചു പെൺകുട്ടി കാണിച്ചിരിക്കുന്നു. സുമേഷ് തൃപ്തികരമായി അഭിനയിച്ചു ആരും ഇഷ്ടപ്പെടുന്ന ശരീരപ്രകൃതിയാണ് ഈ നടന്റേതു്. സ്വന്തം പിതാവുമായി സംഘട്ടനമുണ്ടാകുന്ന രംഗത്തു് സുമേഷ് നിഷ്പ്രഭമായതു സംവിധായകന്റെ കഴിവുകേടുകൊണ്ടെന്നേ പറയാനാവൂ. സുദേവും കാഴ്ചക്കാരന്റെ സഹാനുഭൂതി നേടി. പക്ഷേ, രാജന്റെ റോളിൽ ഇത്രയധികം ദുഃഖാത്മകത വേണ്ടിയിരുന്നില്ല എന്നു തോന്നി. മററുള്ള നടീനടന്മാർ 'അഭിനയി'ക്കാൻ ഭഗീരഥപ്രയത്നം ചെയ്തതു് അപകടമായി തോന്നി. കലഞ്ഞൂർ ജി. കെ., രാമു എന്നിവരുടെ ഹാസ്യരംഗങ്ങൾ ചിത്രത്തിന്റെ അവകാശപ്പെടാമായിരുന്ന പുതുമകൾ അമ്പേ തകർത്തുകളഞ്ഞു.

സുനിത—മലയാളസിനിമയ്ക്കു് ഒരു വാഗ്ദാനം

മുടൽമഞ്ഞു് ഗാനങ്ങളേക്കാൾ ഛായാഗ്രഹണത്തിന്റെ മേന്മകൊണ്ടാണ്, സിനിമയെക്കുറിച്ചു ബോധമുള്ള ആസ്വാദകന്റെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നതു് ക്യാമറകൊണ്ടു മുടൽമഞ്ഞിൽ വാസുദേവൻനായർ എന്തന്തത്തുതമാണ് കാണിച്ചതു്. പ്രപഞ്ചത്തിൽ അതനാവശ്യമെന്നു തോന്നിയതുകൊണ്ടാവാം അദ്ദേഹം കൂടുതൽ ആവേശം കാണിക്കാഞ്ഞതെന്നു് ഊഹിക്കാനേ വയ്യ. എങ്കിൽക്കൂടി ഭേദപ്പെട്ട ഛായാഗ്രഹണം ഈ ചിത്രത്തെ അനുഗ്രഹിച്ചിരിക്കുന്നു. പ്രപഞ്ചത്തിലെ ഏററവും മെച്ചപ്പെട്ട അംശം ചിത്രസംയോജനമാണ്. പുതിയ സിനിമയുടെ ഏററവും വലിയ മേന്മകളിലൊന്നു ചിത്രസംയോജനത്തിലെ അസാധാരണത്വമാണല്ലോ. ചില രംഗങ്ങൾ കട്ടുചെയ്തു ചേർത്തിരിക്കുന്നതു് 'സിനിമാററിക് സെൻസുള്ള' പ്രേക്ഷകനെ ആഹ്ളാദിപ്പിക്കും. ചിത്രസംയോജകനായ ദേവദാസിനെ ഞാൻ അഭിനന്ദിക്കുന്നു.

പുതിയ അറിവിന്റെ വെളിച്ചത്തുള്ളികൾ പകരാൻ ഈ ചിത്രത്തിനു കഴിഞ്ഞിട്ടില്ല. വളരെയേറെ പ്രതീക്ഷയുണർത്തിയ പ്രപഞ്ചം പുതിയ ഭാവമണ്ഡലങ്ങളും ജീവിതവീക്ഷണങ്ങളും വർണ്ണന ദഗന്ധസ്പർശങ്ങളോടെ നിരത്തിവയ്ക്കുന്നില്ല. എങ്കിലും ചിത്രകലാഫിലിംസിന്റെ പ്രപഞ്ചം നമ്മുടെ ശ്രദ്ധയെ പിടിച്ചുനിറുത്തുന്നു. രംഗത്തും, അണിയറയിലും സഹകരിച്ച കലാകാരന്മാരെല്ലാം തീർത്തും പുതുമുഖങ്ങൾ; പ്രതീക്ഷയുണർത്തുന്നവർ! പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഈ ചെറുപ്പക്കാരുടെ സംഘത്തിനെ നാം നിരാശപ്പെടുത്തിക്കൂട. നമ്മുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ അവരർഹിക്കുന്നു, നമുക്കതു നല്കുക

—o—

പച്ചിലകളും തീവണ്ടിയും

(16-ൽനിന്നും തുടർച്ച)

യ്തു. ചുവപ്പും നീലയും നിറമുള്ള സൂര്യകിരണങ്ങളെ സ്വീകരിക്കാൻ പററിയ നിറം ബാക്കിനിന്നതു ഈ പരിണാമഫലമായാണ് സൂര്യനിലെ വിവിധനിറങ്ങളുള്ള കിരണങ്ങളെപ്പററിയും VIBGYOR നെപ്പററിയും നിങ്ങളോർക്കുമല്ലോ. പച്ചനിറത്തിനു ചുവപ്പുകിരണങ്ങളെ വലിച്ചെടുക്കാനുള്ള കഴിവുണ്ട്.

പക്ഷേ, സസ്യം മുഴുവൻ പച്ചനിറത്തിലുള്ള വസ്തുമാത്രം അടങ്ങിയതല്ല മററു വർണ്ണങ്ങളും അതിലുണ്ട്. കാരട്ട്, ടുമാറെറാ എന്നിവയിലുള്ള മഞ്ഞയും ചുവപ്പുമാണ്, പിന്നീടു വിററാമിൻ A യായി മാറുന്നതു്. ജന്തുക്കൾക്കു കാഴ്ചയുണ്ടാക്കാൻ കണ്ണുണ്ടായാൽ മാത്രം പോരാ വിറ്റാമിൻ Aയും വേണം അപ്പോൾ സസ്യങ്ങൾ മനുഷ്യർക്കും മററു ജന്തുക്കൾക്കും കാഴ്ചയുണ്ടാക്കിക്കൊടുക്കുന്നു എന്നുകൂടിപ്പറയാം.

സസ്യങ്ങളെപ്പോലെ, ഇനോർഗാനിക് വസ്തുക്കൾകൊണ്ടു ജന്തുക്കൾക്കു ജീവിക്കാൻ വയ്യ. ജന്തുക്കൾക്ക് പ്രോട്ടീൻ, കൊഴുപ്പ്, കാർബോഹൈഡ്റേററ് മുതലായ ഓർഗാനിക് വസ്തുക്കൾ വേണം ജീവിതത്തിനു്.

കണക്കു ചിലപ്പോൾ കാര്യങ്ങൾ വ്യക്തമാക്കും വർഷപ്രതി അനേകായിരം ടൺ ഓർഗാനിക് വസ്തുക്കളാണു സസ്യങ്ങളുണ്ടാക്കുന്നതു് ഒരുകൊല്ലം ഭൂമിയിലെ ചെടികൾ 150000 മില്യൻടൺ കാർബൺഡയോക്സൈഡും 25000 മില്യൻടൺ ഹൈഡ്രജനുമെത്തിൽ ചേർക്കുകയും 400000 മില്യൻടൺ ഓക്സിജൻ പുറത്തേക്കു വിടുകയും 4500 0 മില്യൻടൺ ഓർഗാനിക് വസ്തുക്കളുല്പാദിപ്പിക്കുകയും ചെയ്യുന്നു എന്നാണിതിന്റെ കണക്ക് അതായതു്. ഒരാൾക്ക് 140 ടൺ ഓർഗാനിക് വസ്തുക്കൾ ചെടികളുണ്ടാക്കിത്തരുന്നു ഇതിലധികവും (90 ശതമാനവും) സമുദ്രങ്ങളിലെ ഒററസ്സെൽ ആൽഗകൾവഴിക്കാണെന്നും ഓർക്കുക. സമുദ്രത്തിലെ സസ്യങ്ങളെപ്പററി നാം സാധാരണ ഓർക്കാറില്ല—നെല്പാടങ്ങളുടേതും.

ഏതു പണിചെയ്യാനും ശക്തി (ഊർജം) വേണം സസ്യങ്ങൾ സൂര്യപ്രകാശംകൊണ്ടു ശേഖരിച്ചുവെച്ച ഊർജം, ശ്വാസോച്ഛ്വാസത്തിൽ നഷ്ടപ്പെടുന്നു. പഞ്ചസാരയായ ഗ്ലൂക്കോസാണിങ്ങിനെ ഉപയോഗിക്കപ്പെടുന്നതു്. ജന്തുക്കളിലു ശ്വാസോച്ഛ്വാസഫലമായി ശരീരത്തിലെത്തിയ ഓക്സിജൻ ഈ ഗ്ലൂക്കോസിനോടു ചേരുന്നു. ചില വിററാമിനുകളുടേയും എൻസയിമുകളുടേയും പ്രവർത്തനഫലമായി, ഗ്ലൂക്കോസ്സിലെ ഹൈഡ്റജൻ, കാർബൺഅണുക്കളെ വേർതിരിക്കുന്നു അവസാനം ജലവും കാർബൺഡയോക്സൈഡുമുണ്ടാകുന്നു സസ്യങ്ങൾക്കും ജന്തുക്കൾക്കും ജീവിതത്തിന്നാവശ്യമായ ഊർജ്ജവും ഇതിന്റെ ഫലമായാണുണ്ടാവുന്നതു്. ഈ ഊർജ്ജത്തെ പല രീതിയിൽ ശേഖരിക്കാനും ജന്തുക്കൾക്കു കഴിയും ചലിക്കാനും വളരാനും പ്രത്യുല്പാദനം നടത്താനും എല്ലാം ഈ ഊർജ്ജമാണു ജീവികളുപയോഗിക്കുന്നതു്.

ആയിരക്കണക്കിൽ വർഷങ്ങൾക്കുമുമ്പു സസ്യങ്ങൾ വലിച്ചെടുത്ത സൂര്യരശ്മിയുടെ ഫലമായുണ്ടായതാണു കല്ക്കരി അതു് ഉപയോഗിച്ചാണു തീവണ്ടിയോടുന്നതു്. ലേഖനത്തിന്റെ തുടക്കത്തിൽ സ്റ്റീഫൻസൻ പറഞ്ഞകാര്യത്തിൽ യുക്തിയില്ലേ?

—o—

ഹോമിയോപ്പതി

വീട്ടിലിരുന്നു് മലയാളത്തിൽ ഭംഗിയായി പഠിക്കാം. പ്രായോഗിക പരിശീലനവും നൽകുന്നതാണ്. വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്ടസിനെഴുതുക:

ഡയറക്ടർ,
ഇന്ത്യൻ ഹോമിയോ മിഷൻ,
കോട്ടയം—1.

ഒരു കൊള്ളത്തലവന്റെ കഥ

(15-ൽനിന്നും തുടർച്ച)

കെട്ടിക്കിടക്കുന്ന കറുത്ത ജലം ചുവന്നു.

ഈ അലച്ചിലും കൊള്ളത്തലവന്റെ കാതിലെത്തി. അയാളൊന്നുകൂടി ചിരിച്ചു.

കിങ്ങിണിന്റെ കരയിൽ മുട്ടുകുത്തിയ നിലയിൽ കൊള്ളമുതൽ തന്റെ പടകിൽ ഭദ്രമായി കെട്ടിവെച്ച ശേഷം ഒന്നാമൻ, കൊട്ടാരവാതിലിൽ പാറാവു നില്ക്കുന്ന തന്റെ കൊള്ളത്തലവനെ ലക്ഷ്യമാക്കി നടന്നു.

കൊള്ളത്തലവൻ കാത്തുനില്ക്കുകയായിരുന്നു.

തന്റെ അനുചരന്റെ തല പ്രത്യക്ഷപ്പെട്ടതും, നെറ്റിക്കു നേരേതന്നെ തോക്കിന്റെ ഉണ്ട പാഞ്ഞതും ഒരേ നിമിഷത്തിൽ കഴിഞ്ഞു.

പിന്നെ, പിടഞ്ഞുവീണ ശരീരത്തിൽ നിന്നു് അനർഘമായരത്നപടകവുംകയ്യിലാക്കി കൊള്ളത്തലവൻ തന്റെ സങ്കേതത്തിലേക്കു നടന്നു.

പരിപൂർണ്ണമായൊരു കൊള്ള നടത്തി ഈ രംഗത്തുനിന്നു വിരമിക്കാൻ സാധിച്ചതിലുള്ള സന്തോഷം അയാളുടെ മുഖത്തുണ്ടായിരുന്നു.

— o —

സൌന്ദര്യം—ആരോഗ്യത്തിന്റെ വെളിച്ചം

വി. ഗംഗാധരൻവൈദ്യർ
വൈദ്യകലാനിധി

സൌന്ദര്യവും ആരോഗ്യവും രണ്ടല്ല. സൌന്ദര്യം ആരോഗ്യത്തിന്റെ വെളിച്ചമാണു്. ധാതുക്കളുടെ തേജസ്സാണു്.

നമ്മുടെ ശരീരധാതുക്കളോടു് തുല്യതയുള്ള ധാതുപംശങ്ങൾകൊണ്ടു ധാതുക്കൾക്കു പുഷ്ടിയുണ്ടാക്കി ആരോഗ്യവും സൌന്ദര്യവും സമ്പാദിക്കണമെങ്കിൽ **കരിംകുരങ്ങു രസായനം** ഉപയോഗിക്കുവിൻ! ക്ഷയം, കാസം, ഏങ്ങൽ, വാതം, അരിഷ്ടാതം, ഉരുക്ഷതം, ഇവ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കും, ശരീരപുഷ്ടിക്കും നിരുപമം. 450 ഗ്രാം ടിൻ 9രൂ. മാത്രം. പാക്കിങ്ങും തപാൽചാർജ്ജും വേറെ.

രോഗവിവരം വിശദമായി എഴുതി അറിയിച്ചാൽ ശാസ്ത്രീയമായി വിചിന്തനംചെയ്തു ചികിത്സ നിശ്ചയിച്ചറിയിക്കുന്നതും ഔഷധം വി. പി ആയി അയച്ചുകൊടുക്കുന്നതുമാണു്. ശാസ്ത്രവിധി അനുസരിച്ചു കൃത്യമായി സംസ്കരിച്ചിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങൾക്കും ഞങ്ങളോടു് ആവശ്യപ്പെടുവിൻ!

സ്വതന്ത്ര ഫാർമസി (Regd.) H. O. ചാലക്കുടി

P. B. No. 4 കേരളം Phone: 44

ബ്രാഞ്ചുകൾ:—നാഗർകോവിൽ, മാർത്താണ്ഡം, നെയ്യാറ്റിൻകര, തിരുവനന്തപുരം(Phone: 2877) വർക്കല (Phone: 56) കൊല്ലം, ഓച്ചിറ, മാവേലിക്കര, പള്ളം (കോട്ടയം), ആലപ്പുഴ, എറണാകുളം, ആലുവാ, അങ്കമാലി & തൃശ്ശൂർ.

ഇതു് കുരിശുയുദ്ധമല്ല

(21-ൽ നിന്നു് തുടർച്ച)

മിണ്ടാൻ ആക്ഷം പിന്നെ അവസരം കിട്ടിയില്ല.

കാലം വളരെ കഴിഞ്ഞു.

വിഗ്രഹം, ആലപ്പുഴ എത്തിയതിനുശേഷം പല ഐശ്വര്യങ്ങളും ആലപ്പുഴയ്ക്കുണ്ടായതായി കണ്ടു. ഈ വസ്തുത തിരുവിതാംകൂർ മഹാരാജാവും അംഗീകരിച്ചു. ഐശ്വര്യദായകമായ ഈ വിഗ്രഹം ഇനി ആലപ്പുഴയ്ക്കുതന്നെയെന്നു മഹാരാജാവു് ഉറച്ചു. കൊച്ചിക്കാരുടെ സമ്പത്തും സമൃദ്ധിയും ക്ഷയിക്കാൻതുടങ്ങി. വിഗ്രഹത്തിന്റെ അസാന്നിദ്ധ്യമാണു കാരണമെന്നു് അവർ വിശ്വസിച്ചു.

ബ്രിട്ടീഷുകാരുടെ അധികാരം അംഗീകരിച്ചുതോട്ടുടനെ നാട്ടിൽ സമാധാനം പുനഃസ്ഥാപിതമായി. കൊച്ചിയിലെ തിരുമലദേവസ്വക്കാരും ഹിന്ദുക്കളും ഒരുയോഗംകൂടി. വിഗ്രഹം കൊച്ചിക്കു വിട്ടുകിട്ടണമെന്നു നിശ്ചയവുമായി അവർ, അന്നത്തെ ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കേണൽ മണ്ട്റോയെ കണ്ടു അദ്ദേഹം തിരുവിതാംകൂറിനെ വിവരം അറിയിച്ചെങ്കിലും മഹാരാജാവു് അതു് അറിഞ്ഞതായി ഭാവിച്ചില്ല. റസിഡണ്ടു്, ഇതു് ഒരു നിസ്സാരകാര്യമെന്നു ധരിച്ചു മറക്കാൻ ശ്രമിക്കുകയും ചെയ്തു.

ഇനി കൌശലംകൊണ്ടേ കാര്യം നടക്കുകയുള്ളൂ എന്നു കൊച്ചി മനസ്സിലാക്കി.

1853-ഫെബ്രുവരിമാസത്തിലെ ഒരു രാത്രി, വിശ്വസ്തനായ ഒരു കൊച്ചിക്കാരൻ വാദ്ധ്യാർ ആലപ്പുഴവന്നു്, ക്ഷേത്രദർശനം നടത്തി. എല്ലാ ഏർപ്പാടുകളും ഭംഗിയായും ചിട്ടയായും ക്രമപ്പെടുത്തിയിരുന്ന അത്താഴപൂജ കഴിഞ്ഞു്, അപ്പോതോടൊപ്പം വാദ്ധ്യാർ വിലപ്പെട്ട വിഗ്രഹവും കൈവശപ്പെടുത്തി പുറത്തുകടന്നു.

സുഖമായി, ഭംഗിയായി
ഷേവുചെയ്യൂ!

അതിന്നു് നിറയെ പത വേണം...
നനുനനുത്ത, നുരയുന്ന പത...

കേരളാ
ഷേവിങ്ങ് സോപ്പിന്റെ പത

കേരളാ
സോപ്പ് & ഓയിൽസ്
ലിമിറ്റഡ്,
കോഴിക്കോട്-5.

nimas-KSO-1471

ആലപ്പുഴത്തോട്ടിൽ ബോട്ടു തെയ്യാറായി നില്പുണ്ട്. ബോട്ട്, വിഗ്രഹവുമായി അതിവേഗം കൊച്ചിയെ ലക്ഷ്യമാക്കി പാഞ്ഞു.

പൂജാദ്രവ്യങ്ങളുമായി അടുത്തദിവസം രാവിലെ ശ്രീകോവിൽ തുറക്കുമ്പോഴാണ് അമിളിപിണഞ്ഞ വസ്തുത മേൽശാന്തിക്കാരൻ അറിയുന്നത്. അയാൾ അന്തംവിട്ടുപോയി. മെല്ലെമെല്ലെ ചുണ്ടുകളിലൂടെ വിവരം എല്ലാ കാതുകളിലുമെത്തി. എല്ലാവരും ആശ്ചര്യപ്പെട്ടു. മനം നൊന്ത് ഭഗവാനെ വിളിച്ചു. അപ്പോഴേയ്ക്കും ഭഗവാൻ കൊച്ചിയിൽ എത്തിക്കഴിഞ്ഞിരുന്നു.

തിരുവിതാംകൂർ മഹാരാജാവിന് കോപം അടക്കുവാൻ കഴിഞ്ഞില്ല. ഈ ചതി, സ്വപ്നേപി വിചാരിച്ചതല്ല. ഉടൻ വിഗ്രഹം മടക്കിയെത്തിക്കണമെന്നായി തിരുവിതാംകൂറിന്റെ കല്പന. കൊച്ചി തരിമ്പും കൂസിയില്ല ഇപ്പോഴത്തെ കൊച്ചീമഹാരാജാവിന് വിഗ്രഹത്തിന്റെ വില അറിയാം അത് അവർക്ക് അവകാശപ്പെട്ടതണെന്ന് മറുപടിവന്നു തിരുവിതാംകൂർ മഹാരാജാവ് എല്ലാ ഉപായങ്ങളും പ്രയോഗിച്ചു. 21-5-1854-ൽ തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മകുലശേഖരരാജാ, ഔദ്യോഗിക കൃത്യങ്ങൾക്കായി കൊച്ചിക്കു പോകുന്ന പോലീസ് ഒന്നാം ശിരസ്തദാർക്ക് ഈ വിധം ഗൂഢമായി എഴുതി: "ഏററവും രഹസ്യമായി അന്വേഷിച്ച് തിരുമലദേവനെ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്നു മനസ്സിലാക്കണം.. ഏതെങ്കിലും ഉപായംകൊണ്ടു കൊണ്ടിണിമാരോടോ മറേറാ പറഞ്ഞ് സാധിക്കാമെങ്കിൽ ബിംബത്തെ തിരിയെ കൊണ്ടുപോരാൻ ശ്രമിക്കുന്നം."—ഇതായിരുന്നു നില പക്ഷേ, തിരുവിതാംകൂറിന്റെ പ്രയത്നത്തിന് ഒരു ഫലവുമുണ്ടായില്ല തുടർന്ന്, നീണ്ട കത്തിപോടുകൾ, അട്ടഹാസങ്ങൾ, പോർവിളി. 1856-ൽ കൊല്ലത്തു പാളയമടിച്ചിരിക്കുന്ന പട്ടാളം, വിഗ്രഹം ബലാല്കാരമായി കൊണ്ടുവരാനായി കൊച്ചിക്കു നീങ്ങട്ടെ എന്ന് തിരുവിതാംകൂർ മഹാരാജാവ് കല്പനകൊടുത്തു. യുദ്ധമെങ്കിൽ യുദ്ധം!

ഇത്രയുമായപ്പോൾ ഇതൊരു ഗൗരവമുള്ള വിഷയമാണല്ലോ എന്ന് ബ്രിട്ടീഷ് മേൽക്കോയ്മ ഓർത്തു. കൈയുംകെട്ടി നില്ക്കുക ഉചിതമല്ല. വേഗം പ്രസിഡണ്ട് ഇടപെട്ടു. മദ്രാസ് ഗവർണർ ഇടപെട്ടു. വിഗ്രഹം ആലപ്പുഴനിന്ന് മോഷ്ടിച്ചത് അക്ഷന്തവ്യമായ തെററ്. പഴയ സ്ഥാനത്ത് വിഗ്രഹം എത്തിക്കുക! ആദ്യം അതു നടക്കട്ടെ അവകാശനിവൃത്തി പിന്നാലെ. —മദ്രാസ്സിൽനിന്നുള്ള ഈ ആജ്ഞയ്ക്ക് എതിർമൊഴി ഉണ്ടായില്ല.

വിഗ്രഹം കൊച്ചിയിൽനിന്നു കൊണ്ടുവരുന്നു എതിരേററു സ്വീകരിക്കാൻ ആലപ്പുഴ ആർഭാടപൂർവ്വം ഒരുങ്ങിനില്ക്കുകയാണ്. 1857 ജാനുവരി 28-ന് വിഗ്രഹം വഹിച്ച ബോട്ട് ആലപ്പുഴ ജട്ടിയിലെത്തി അധികാരികൾ, ആചാരമുറ അനുസരിച്ച്, നാളികേരം മുറിച്ച് തൊഴുകൈകളോടെ ഭക്ത്യാദരപൂർവ്വം ബോട്ടിലേയ്ക്കു കുനിഞ്ഞുകയറി വിഗ്രഹം ഒരു നോക്കു കണ്ടതേയുള്ളു. കോപാട്ടഹാസങ്ങളോടെ അവർ പുറത്തേയ്ക്കു ചാടി തിരുവാഭരണങ്ങൾ ചാർത്തിച്ച ഒരു കപട വിഗ്രഹമാണ് കൊച്ചി, ഇങ്ങോട്ടെഴുന്നള്ളിച്ചിരിക്കുന്നത്. എങ്ങിനെ സഹിക്കും? വീണ്ടും ചതി, വീണ്ടും വഞ്ചന

അവിടെയും പ്രസിഡണ്ടിന് ഇടപെടേണ്ടിവന്നു. അബദ്ധംപിണഞ്ഞതാണെന്ന മാപ്പോടെ, ഇതാ യഥാർത്ഥവിഗ്രഹം ഉടൻ കൊടുത്തയയ്ക്കുന്നുവെന്ന വിനയപുരസ്സരമുള്ള കൊച്ചിയുടെ അറിയിപ്പു കിട്ടി ആ ജാനുവരി 31-നുതന്നെ സത്യവിഗ്രഹവും വന്നു പക്ഷേ, അത് മറെറാരു കപടവിഗ്രഹമായിരുന്നു അതായിരുന്നു നേരു്. ഈ വഴക്ക് വിനാശകരമായി ഭവിക്കുമെന്ന് ബ്രിട്ടീഷ് അധികാരികൾ മനസ്സിലാക്കി. താമസിയാതെ വിഗ്രഹം കൊച്ചിക്ക് അവകാശപ്പെട്ടതാണെന്ന് മദ്രാസ്സിൽനിന്നും വിധിയുണ്ടായി മേലിൽ ഇതേക്കുറിച്ച് ഒച്ചവയ്ക്കരുതെന്ന വിലക്കും വന്നു വലിയ യജമാനന് അതാണു മനസ്സെങ്കിൽ അങ്ങനെ രണ്ടു രാജാക്കന്മാരും പിന്നെ ഈ വിഷയത്തെച്ചൊല്ലി മുഖം കറുപ്പിച്ചില്ല. മുഖത്തോടുമുഖം നോക്കി, അവർ ചിരിക്കാൻ അഭ്യസിച്ചു.

—o—

എന്റെ കഥ

(4-ൽനിന്നും തുടർച്ച)

ള്ളു. അവരുടെ സ്വഭാവത്തിന്റെ മാധുര്യവും വേഷഭൂഷകളുടെ തിളക്കവും അവർ ഉപയോഗിച്ചിരുന്ന ഒട്ടോദിൽബഹാർ എന്ന വാസനദ്രവ്യത്തിന്റെ മണവും ഞാൻ ഇപ്പോഴും ഓർക്കുന്നു. ഓർക്കുമ്പോൾ എനിക്കു കരച്ചിലും വരുന്നു. അമ്മാമന്റെ മരണത്തിന്നുശേഷം അവർ ഒരു വിധവയുടെ മുഷിഞ്ഞതും പ്രാകൃതവും ആയ വേഷത്തിൽ ആണ് നടന്നിരുന്നത്. അവരിൽ വന്ന മാററം കഠിനമായിരുന്നു, അസഹനീയമായിരുന്നു.

മലയാളം വായിക്കുന്നതിൽ വിദഗ്ദ്ധയായിത്തീർന്നപ്പോൾ എന്റെ ജീവിതത്തിലേയ്ക്കു സാഹിത്യകാരന്മാർ ഒച്ചപ്പാടോടുകൂടി പ്രവേശിച്ചു എല്ലാ തിങ്കളാഴ്ച വൈകുന്നേരവും വന്നെത്തിയിരുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പൊറെറക്കാട്ടിന്റെ കഥകൾ ഞാൻ വായിച്ചു. മദിരാശിയിൽ ഒരു ലോഡ്ജിൽ താമസിച്ചിരുന്ന നാരായണൻകുട്ടി എന്ന നിഷ്കളങ്കൻ വേലക്കാരിയെ ഗർഭിണിയാക്കിയ ഒരു കഥ പി. സി കുട്ടിക്കൃഷ്ണൻ അന്നു പ്രസിദ്ധീകരിച്ചിരുന്നു. പാപം നിഷ്കളങ്കതയിൽനിന്നു ജനിക്കുന്നു എന്ന ആ തിയറി എന്നിൽ അക്കാലത്തു വളരെ മധികം ചിന്താക്കുഴപ്പം സൃഷ്ടിച്ചു. സ്ത്രീപുരുഷബന്ധത്തെപ്പററിയും അതിന്റെ അടിസ്ഥാനമായ അനുരാഗത്തെപ്പററിയും എനിക്കു പല സംശയങ്ങളും ഉണ്ടായിരുന്നു. പക്ഷേ, ആ സംശയങ്ങൾ നികത്തിക്കിട്ടുവാൻ അമ്മമ്മയും മുത്തശ്ശിമാരും എന്നെ ഒട്ടും സഹായിച്ചില്ല. എല്ലാ സ്ത്രീകളുടെയും കാമുകൻ ശ്രീകൃഷ്ണനാണോ? എല്ലാ പുരുഷന്മാരുടെയും കാമുകി രാധയാണോ? ഈവക ചോദ്യങ്ങൾക്കു മുത്തശ്ശിമാർ ഒരിക്കലും മറുപടി പറഞ്ഞില്ല. മഹാത്മജി അനുരാഗത്തിന്റെ വിഭാഗത്തിൽ അഭിജ്ഞത ഒരിക്കലും പ്രകടിപ്പിക്കുകയുണ്ടായിട്ടില്ലല്ലോ

കുറച്ചു കാലത്തിന്നുള്ളിൽ എന്റെ തലമുടി വളരുകയും ഞാനൊരു തനി ഗ്രാമീണയായിത്തീരുകയും ചെയ്തു. ഓണക്കാലത്തു പൂവട്ടികളിൽ പൂക്കൾ ശേഖരിക്കാനും പൂക്കളമൊരുക്കുവാനും കർക്കിടകത്തിൽ 'ശ്രീഭഗവതിക്കുവെയ്ക്കു'വാനും ധർമ്മക്കാർക്ക് അരിയും നെല്ലും വാരിക്കൊടുക്കാനും 'പറ' വരുമ്പോൾ നിറപറയും പൂക്കുലയും വിളക്കും ഒരുക്കിവെയ്ക്കുവാനും അമ്പലത്തിൽച്ചെന്നു തൊഴാനും പ്രസാദം കൈനീട്ടി വാങ്ങുവാനുംമററും ഞാൻ പഠിച്ചുവെച്ചു.

വീണ്ടും കല്ക്കത്തയിലേയ്ക്കു പോവേണ്ടി വന്നപ്പോൾ ഹൃദയത്തിൽ ഒരു മരവിപ്പോടുകൂടിയാണ് ഞാൻ വണ്ടി കയറിയത്. അമ്മമ്മയുടെ കരഞ്ഞുതുടുത്ത മുഖം ഞാൻ ആ യാത്രയിൽ ഒരു സ്വപ്നംപോലെ കണ്ടുകൊണ്ടിരുന്നു. ഗ്രാമീണത്വത്തിന്റെ ഉടുപ്പൂരി വീണ്ടും പരിഷ്കാരിയായിത്തീരാൻ ഞാൻ നിർബ്ബന്ധിതയായി സ്നേഹത്തിന്റെ രാജ്യത്തിൽനിന്ന് ഇടയ്ക്കിടയ്ക്ക് എന്നെ ഭ്രഷ്ടാക്കിക്കൊണ്ടിരുന്ന എന്റെ വിധിയെ ഞാൻ ശപിച്ചു. സ്ഥിരവും ഭദ്രവുമായ ഒരു സ്നേഹബന്ധത്തിന്നുവേണ്ടി ഞാൻ വെമ്പുകയായിരുന്നു. എന്റെ കാലടികൾക്ക് ഉറച്ചുനില്ക്കുവാൻ പററിയ ഒരു അസ്ഥിവാരത്തിന്നുവേണ്ടിയും...

—o—

വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

രഹസ്യ ലൈംഗികരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും വില 1 രൂപ.
ഫാമിലിപ്ലാനിംഗ്, നവീന കുടുംബസംവിധാന പ്രായോഗികശാസ്ത്രം വില 1 രൂപ.
(തപാൽചിലവ് പുറമെ)
ഉപദേശങ്ങളടങ്ങിയ ക്യാററലോഗ് സൗജന്യം.

DAB AGENCIES
Kodimatha, Kottayam

ഏറ്റവും നല്ല ഇണിതരങ്ങൾ
തിരഞ്ഞെടുക്കുന്നതിന്

രാധാസ്
കോട്ടയം • കൊല്ലം

KASTURI
BOMBAY - DYEING
EXCLUSIVE SHOW ROOM
RADHA'S CORNER KOTTAYAM

രാജ്മഹാൾ
(മൊത്തവ്യാപാരം)
കൊല്ലം

സംഗം
ചങ്ങനാശ്ശേരി.

Jeeva

നരകമേ, യാത്ര

(8 ൽനിന്നും തുടർച്ച)

ഡാക്കാസർവ്വകലാശാലാവിദ്യാർത്ഥിയാണ്. മെഡിക്കൽസയൻസുമായിട്ടും അവനിതരത്തിലുള്ള വിവരവുമറിയാൻ കഴിയുന്നില്ല. മാതാപിതാക്കളില്ലാത്ത ഖാലിദിന് സഹോദരീമാത്രമായിരുന്ന ഒരാലംബം? യൂസഫിന്റെ അവസ്ഥ അതുമെച്ചമല്ല എന്നിട്ടും അവൻസ്വാലനെ സഹായിച്ചിരുന്നു. നാനാവിധ ബുദ്ധിമുട്ടുകളുണ്ടായിരുന്നിട്ടും ഖാലിദ് തന്റെ വിദ്യാഭ്യാസം തുടർന്നു. അവൻ സർവ്വകലാശാലയിൽനിന്ന് തിരിച്ചുവന്നില്ല ശോകത്തിന്റെ പ്രഥമവേലിയേറ്റം കഴിഞ്ഞതിനുശേഷമാണ് ഗാസിറഹ്മാൻ ഈ വീട്ടിൽ വന്നത്. മുഴുവൻ ദുഃഖത്തേയും ശോകമായി തള്ളുന്നത് അന്യായമാണ്. അവൻ ജീവിച്ചിരിപ്പുണ്ടെന്നും വരാം. ഡക്കയിൽ ഇവിടെനിന്ന് അൻപതുമൈൽ അകലെയാണ്. അരോഗദൃഢഗാത്രനും യുവാവുമായ ഖാലിദിനു് ഇവിടെ നടന്നെത്താനും സാധിയ്ക്കും അദ്ദേഹം കുറേദിവസം വാഹനഗതാഗതമില്ലാതിരുന്നതുകൊണ്ട് ഷക്കീല ദുഃഖിച്ചില്ല. എന്നാലിപ്പോൾ അവളുടെ ഹൃദയം സാന്ത്വനമന്വേഷിച്ചുവന്നു ആ പരിതഃസ്ഥിതിയിലാണ് ഗാസിറഹ്മാൻ ഇവിടെ എത്തിച്ചേർന്നത്. അദ്ദേഹവും ഇവിടെ താമസിയ്ക്കാനിഷ്ടപ്പെട്ടില്ല ഏതെങ്കിലും വധത്തിലുള്ള ശാരീരകസഹകരണം? അതൊന്നുമില്ല അദ്ദേഹത്തിന്റെ അല്പഭക്ഷണരീതികണ്ട് ഷക്കീല അസ്വസ്ഥയായി യൂസഫും ആവലാതിപ്പെട്ടു.

"സർ! അങ്ങേയ്ക്ക് ജീവിയ്ക്കണമല്ലോ! ജീവിയ്ക്കാനുള്ള അന്തരീക്ഷം എവിടെയെങ്കിലുമുണ്ടോ?" ഈ വീട്ടിൽ ഒരു തരുണന്റെ മൃതൃ ശോകംനിഴലിച്ചു നില്ക്കുന്നു. അതാണ് അസ്വസ്ഥത? എന്നാൽ ഈ വീട്ടുപേക്ഷിച്ചുപോയാൽ ഗാസിറഹ്മാനു് മൃത്യുവിന്റെ നിഴൽ തരണം ചെയ്യാൻ സാധിയ്ക്കുമോ? എവിടെയാണ് മൃത്യുവില്ലാത്തത്? ബംഗ്ലാദേശിലെ മനുഷ്യർ നൂറാണ്ടുകളായി ഈ ഗ്രാമത്തിൽ വസിച്ചുകൊണ്ട് സാമ്രാജ്യത്തിന്റെ ഉത്ഥാനവും പതനവും കണ്ടുപോന്നു. അല്ലെങ്കിൽ ഉപദ്രുതനഗരമുപേക്ഷിച്ചു് സങ്കല്പസമർത്ഥമായ നൈസർഗ്ഗികഹരിതത്തിന്റെ സാന്നിദ്ധ്യത്തിൽ ജീവിയ്ക്കാനുള്ള ശക്തി സംഭരിയ്ക്കുന്നതുപോലെ വിപത്തിന്റെ കാലമെണ്ണിക്കഴിഞ്ഞുപോന്നു. ഇന്നു് എല്ലാംകൊണ്ടും അവർ നിരാശ്രയരാണ്. കുറെദിവസംമുമ്പു് ഗാസിറഹ്മാനു് കത്തിനശിച്ച ഒരു ഗ്രാമം കാണേണ്ടിവന്നു. പഞ്ചാബിസൈന്യം മുന്നമൈൽ അകലെ നിന്നുകൊണ്ടു് അഗ്നിബോംബു് വിക്ഷേപിച്ചതിനുശേഷം ആക്രമിയ്ക്കാതെ മുന്നോട്ടുപോയി. അവർ ഒരു താവളത്തിലേയ്ക്കു പോയതായിരുന്നു. പിന്നിൽനിന്നു് ആപത്തുണ്ടാകാതിരിക്കാൻവേണ്ടിയാണു് അവർ ആ ക്രൂരകൃത്യം ചെയ്തതു്. ബംഗാളിലെ ഗ്രാമത്തിനു പണ്ടും തീപിടിച്ചിട്ടില്ലെ? ഗൃഹസ്ഥരുടെ അശ്രദ്ധമൂലം ഉണ്ടായിട്ടുള്ള തീപിടുത്തത്തിന്റെ കഥ ആയിരക്കണക്കിനു വിവരിക്കാൻ കഴിയും. എന്നാൽ അന്നു ഗ്രാമത്തിലെ വൃക്ഷങ്ങൾ കത്തി ചാമ്പലായിട്ടില്ല. ഇത്തരത്തിലുള്ള ഒരു ശത്രുവിന്റെ ആഗമനം ബംഗാളികൾ ചരിത്രത്തിലാരിക്കലും കണ്ടിട്ടില്ല. അവരെ എങ്ങനെ വിശേഷിപ്പിക്കും? മൃഗങ്ങൾ, ദാനവർ അതോ മറുവല്ലതുമോ? ബംഗാളികൾക്കൊരിക്കലും തീച്ചയാക്കാൻ സാധിക്കുകയില്ല അത്തരത്തിൽ പ്പുണ പ്രകാശിപ്പിക്കാനുള്ളഭാഷ ബംഗാളികൾക്കിന്നും അജ്ഞാതമാണ്. മൃത്യുവിന്റെ കരവലയം ദിനംപ്രതി വിസ്തൃതമായിക്കൊണ്ടിരിക്കുന്ന ഗാസിറഹ്മാനു് ഈ വീട്ടമായി ഇഴകിച്ചേരാൻ കുറെ സമയം വേണ്ടിവന്നു. ഖാലിദിന്റെ മൃത്യു യഥാർത്ഥമാണ്. അതിൽ ഒരു സംശയവുമില്ല അവന്റെ ഒരു സഹപാഠി രഹസ്യമായി വിവരം നല്കിയിരുന്നു. ഖാലിദ് നിദ്രാവസ്ഥയിൽ വധിയ്ക്കപ്പെട്ടു. മൃതദേഹം ആരും കണ്ടിട്ടില്ല. പക്ഷേ, അവന്റെ കിടക്കയിലും തലയിണയിലും രക്തത്തിന്റെ പാടുകളുണ്ടായിരുന്നു. ഗാസിറഹ്മാൻ ഈ വീട്ടിലുള്ളവരുമായി അടുത്തുകഴിഞ്ഞിരുന്നു. എന്നിട്ടും നിസ്സംഗത്വം സദാസമയവും അദ്ദേഹത്തിന്റെ ഹൃദയത്തെ ആവരണം ചെയ്തിരുന്നു. അതിന്റെ കാരണം ഈ വീട്ടിലുള്ളവരോടു പറയാൻ അദ്ദേഹത്തിനു നിർവാഹമി

ല്ല. വധു ഷക്കീല അത്തരത്തിലുള്ള ദയാമയിയാണ്. സഹോദരശോകത്താൽ വെളുത്ത മുഖം വിളർത്തുപോയി. എന്നാൽ ഭർത്താവിന്റെ ഗുരുനാഥനെ സൽക്കരിക്കുന്നതിൽ ആത്മാർത്ഥമായ താല്പര്യമുണ്ട്. അദ്ദേഹത്തിനു നേരിട്ടിരിക്കുന്ന വിപത്തിനെപ്പററി അവൾക്കു ബോധമുണ്ട്. അവൾ കരുണാപരവശയുംകൂടിയാണ്. പക്ഷേ, അക്കാര്യം പെരുമാററത്തിൽനിന്നു മനസ്സിലാക്കാൻ സാദ്ധ്യമല്ല. എല്ലാം കർത്തവ്യത്തിനുവേണ്ടി ചെയ്യുന്നു. ആ കർത്തവ്യത്തിന്റെ പിന്നിൽ സ്നേഹത്തിന്റേയും ബഹുമാനത്തിന്റേയും സമ്പർക്കമുണ്ട്. ഷക്കീലയുടെ ഹൃദയസത്ത പഴഞ്ചൻ അദ്ധ്യാപകനായ ഗാസിറഹ്മാനെ അല്പം സാഹസികനാക്കിത്തീർത്തു. നീതിയുടെ അളവുകോൽ അദ്ദേഹത്തെ എത്രമാത്രം അസ്വസ്ഥതപ്പെടുത്തിയാലും അവസാനം കള്ളം പറയാൻ സങ്കോചം തോന്നിയില്ല.

"ഷക്കീലമോളേ? ഖാലിദ് വിമോചനസേനയിൽ ചേർന്നു"

"അങ്ങ് എങ്ങനെ അറിഞ്ഞു?" ആശാന്വിതയായ ഷക്കീലയ്ക്ക് എന്നിട്ടും സംശയം തോന്നി.

"എനിക്കു വിവരം ലഭിച്ചു."

ഷക്കീല അന്ന് സ്വാഭാവികമായി തനിക്കുണ്ടായിരുന്ന വിഷണ്ണതയിൽനിന്നു മോചിച്ചു. "പക്ഷേ, അവൻ എന്നെ ഒന്നു കാണാൻ വരാതിരുന്നതെന്തുകൊണ്ട്?"

"സമയമെവിടെ മകളേ! യാതൊരു മുന്നറിയിപ്പും നല്കാതെ പഞ്ചാബിസൈന്യം കഴുതപ്പുലികളെപ്പോലെ രാജ്യത്തിന്റെമേൽ ചാടിവീണു. ആരെങ്കിലും ഒരുങ്ങിയിരുന്നോ? ഇന്നു തോക്കു കൈയിലെടുത്തിരിക്കുന്നവർ തങ്ങൾക്ക് എന്നെങ്കിലും തോക്കു കൈയിലെടുക്കേണ്ടി വരുമെന്നു ചിന്തിച്ചിരുന്നോ?"

"അതു ശരിയാണ് മാസ്റ്റർസാഹെബ്. അങ്ങ് ഒന്നുകൂടി അന്വേഷിക്കൂ? ഉമ്മയും വാപ്പയുമില്ല. അനുജനേയുള്ളൂ. അവനേയും അള്ളാഹു എടുക്കുകയാണെങ്കിൽ...."

"പ്രാർത്ഥിക്കൂ മകളേ! അള്ളാഹു നിന്റെ അനുജനെ നിന്റെയടുത്തെത്തിക്കും."

അന്നുമുതൽ വീട്ടിലെ അന്തരീക്ഷം പരിവർത്തനപ്പെട്ടു. പക്ഷേ, ഗാസിറഹ്മാനു സ്വസ്ഥത ലഭിച്ചില്ല. രാത്രി നിദ്രയ്ക്കു ഭംഗം നേരിട്ടുമ്പോൾ അദ്ദേഹം കൂരിരുട്ടത്ത് ഏകാകിയായി വരാന്തയിൽ ഉലാത്തിക്കൊണ്ടു തന്നോടുതന്നെ ചോദ്യങ്ങൾ ഉന്നയിക്കും. ഭ്രാന്തനെപ്പോലെ യുക്തിയുക്തമായ മറുപടി പ്രതീക്ഷിക്കുകയില്ല. മിഥ്യയുടെ പുറംചട്ട ധർമ്മഗ്രന്ഥത്തിന്റെ മുകളിൽ ഒട്ടിച്ച് രക്ഷപ്പെടാൻ സാധിച്ചെന്നു വരാം. വളരെ കാലത്തിനുശേഷം പിൻതലമുറ അതിന്റെ ശിക്ഷയനുഭവിക്കണം. അവസാനം മോചനത്തിന്റെ മാർഗ്ഗമന്വേഷിക്കണം. എന്നാൽ ഒരു മഹിളയുടെ ഹൃദയത്തിൽ ആത്മബലം സംഭരിക്കാൻവേണ്ടി വഞ്ചന ആവശ്യമായിരുന്നോ? നാലുപാടും യമന്റെ സംഹാരതാണ്ഡവം. ഈ മുള്ളുവേലി ക്രമേണ വിസ്തൃതമായിക്കൊണ്ടിരിക്കുന്നു. അതിനുള്ളിൽ പരുക്കേററവരുടെ ആർത്തനാദം ബലാൽസംഗത്തിന്നിരയായവരുടെ തേങ്ങിക്കരച്ചിൽ. നിസ്സഹായരുടെ ആവലാതി—എല്ലാം ഏകാകാരമായി, ശബ്ദത്തിന്റെ ഒരു കുംഭത്തിലൂടെ പുറത്തുവരുന്നു. ആ പരിതഃസ്ഥിതിയിൽ ഒരു മൃത്യുവിനെച്ചൊല്ലി എന്തിനിത്ര ദുഃഖിക്കുന്നു? ഗാസിറഹ്മാന് അന്ന് സാന്ത്വനം കണ്ടെത്താൻ കഴിഞ്ഞു എന്നതു് ശരിതന്നെ. സ്വന്തം മനസ്സിൽ നീന്താനാരംഭിച്ചു. അതിന്റെ ഓളങ്ങൾ ചില അർത്ഥങ്ങൾ ഒഴുക്കിക്കൊണ്ടു വന്നിരിക്കാം. മൃത്യു വ്യക്തിയുടേതാണ്. ഒരു വ്യക്തിയുടെ മൃത്യു! അതിപ്പോൾ ആയിരവും, ലക്ഷവും, കോടിയുമായി പരിണമിച്ചിരിക്കുന്നു. സംഖ്യയ്ക്ക് മൂല്യമില്ല. ഓരോ സംഖ്യയുടേയും പിന്നിൽ വ്യക്തിയുണ്ട്. തികച്ചും നിജനിഴൽ! സ്മൃതി—ഒററവാക്കിൽ പറഞ്ഞാൽ മുഴുവൻ വ്യക്തിത്വത്തേയും അറിയിച്ചുകൊണ്ടിരിക്കുന്നു ബന്ധുമിത്രാദികളേയും, മാതാപിതാക്കളേയും, ഇഷ്ടജനങ്ങളേയും അറിയിച്ചുകൊണ്ടിരിക്കുന്നു. ഏകാകിയായ വ്യക്തി കൺമുമ്പിൽനിന്നു തിരോധാനം ചെയ്യുമ്പോൾ ആദർശം നിഷ്പ്രഭമായിത്തീരും. ആദിമനുഷ്യർ തങ്ങളുടെ പൂർവ്വികരുടെ ശവകുടീരം കണ്ട് പ്രേതത്തെ സ്മരിക്കുന്നു. അതുപോലെ നിങ്ങൾക്കും രോമാഞ്ചംകൊള്ളാൻ സാധിക്കും. ഭക്തിയിൽ ലയിക്കാൻ കഴിയും. എന്നാൽ അതിൽ രക്തം മാംസത്തിന്റെ ഉത്താലമുണ്ടായിരിക്കുകയില്ല. ഇത്തരത്തിലുള്ള സിദ്ധാന്തങ്ങളിലെത്തീട്ടും ഗാസിറഹ്മാന് സ്വസ്ഥതയവലംബിക്കാൻ കഴിഞ്ഞില്ല ഷക്കിലയുമായുള്ള സംഭാഷണം ഒരേനിഗമനത്തിൽ എത്തിച്ചേരും. വീണ്ടും റേഡിയോവാർത്ത ശ്രവിക്കും.

"മാസ്റ്റർ സാഹെബ്! കസ്ബാപ്രദേശത്തു് വിമോചനസേന ആക്രമണകാരികളെ വകവരുത്തി. ഏതോ നാട്ടിൽനിന്ന് ബംഗാളികളോട്ട് യുദ്ധംചെയ്യാൻ വന്നവരായിരുന്നു."

"അതേ മകളേ! നമ്മുടെ സൈന്യം കൂലിയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നവരല്ല അവർ സ്വന്തം മാതൃഭൂമിക്കുവേണ്ടി യുദ്ധം ചെയ്യുന്നു."

"ഖാലിദ് ഒന്നു വന്നിരുന്നെങ്കിൽ..."

"വരും മകളേ! വരാതിരിക്കുകയില്ല."

(തുടരും)

—0—

വായിക്കുക! രസിക്കുക!! ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. മദനലീലകൾ. ഏററവും നവീനപൂർണ്ണചിത്രഗ്രന്ഥം, ലൈംഗികാവയവങ്ങളുടെ പ്രവർത്തനം, വിവിധ സംയോഗരീതികൾ etc. വില 7 00
2. സെക്സ് അററ്ലസ്. സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, പ്രവർത്തനം, സംയോഗമുറകൾ, ഫാമിലിപ്ലാനിംഗ് etc. ചിത്രഗ്രന്ഥം. വില 5 00
3. സ്ത്രീപുരുഷ ശരീരശാസ്ത്രം ലൈംഗികാവയവങ്ങളുടെ വളച്ച, രതിമാതൃകകൾ, രഹസ്യമുറകൾ, ഗർഭോല്പാദനം, etc. ചിത്രങ്ങൾ സഹിതം വില 5 00
4. കാമശാസ്ത്രം. വാത്സ്യായനൻ മുതൽ ഹാവ്ലോക് എല്ലീസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമശാസ്ത്രരഹസ്യങ്ങളും ലീലകളും ചിത്രഗ്രന്ഥം വില 4 00
5. സ്ത്രീകളും പ്രസവരഹസ്യവും. ഗർഭോല്പാദനംമുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ, ചിത്രങ്ങൾസഹിതം. വിവാഹിതർ അറിയേണ്ടതു്. വില 3 00
6. സ്വഭാവപഠനശാസ്ത്രം. നടപ്പ്, ഭാവം, കൈയ്യക്ഷരം, ഒപ്പ്, ജന്മദിനം etc. നോക്കി സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ചിത്രഗ്രന്ഥം. വില 3 00
7. പ്രേമലേഖനങ്ങൾ. ശോകപര്യവസായിയായ പ്രേമകഥ. ധാരാളം അത്യുഗ്ര ലൗലറേറഴ്സ് സാമ്പിളായി ഉപയോഗിക്കാൻ ഉത്തമം. വില 3 00
8. ഹണിമൂൺ. (രതിലീലകൾ) വിവാഹിതരാകാൻ പോകുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ രഹസ്യസംഗതികളും ചിത്രങ്ങൾസഹിതം. വില 2 00
9. വിവാഹജീവിതവും സംയോഗരീതികളും. ഒന്നുമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ ജീവിതം സുഖകരമാക്കാം. വില 2 00
10. കല്യാണരാത്രിയിലെ കാമലീലകൾ. എന്നുമെന്നും ദാമ്പത്യം പുതുമയുള്ളതാക്കാനും സുഖിക്കാനും ഈ ചിത്രഗ്രന്ഥം പഠിക്കുക. വില 2 00
11. വശീകരണശാസ്ത്രം. ഇഷ്ടമുള്ളവരെ നിയന്ത്രണത്തിലാക്കാനും കാര്യങ്ങൾ സാധിക്കുവാനും ഈ ഗൂഢശാസ്ത്രം പഠിക്കുക. വില 1 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും ചികിത്സാഗ്രന്ഥം വില 1 00

എല്ലാ പുസ്തകങ്ങൾക്കും V. P. ചെലവ് പുറമെ, കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar, Kuzhikala, QUILON Dt;

റോബോട്ട്റാം (രണ്ടാംഭാഗം) -7

—ഗഫൂർ